


# നാട്ടുവിശേഷം

ഗ്രന്ഥകാരന്മാർ

ടി. വേണുഗോപാലൻ
തോമസ് ജേക്കബ്

കേരള പ്രസ് അക്കാദമി

# നാട്ടുവിശേഷം

(പ്രാദേശിക ലേഖകൻമാർക്ക്
ഒരു പ്രവർത്തന സഹായി)


**ടി. വേണുഗോപാലൻ**
മുൻഡെപ്യൂട്ടി എഡിററർ, മാതൃഭൂമി

**തോമസ് ജേക്കബ്**
ചീഫ് ന്യൂസ് എഡിററർ, മലയാളമനോരമ



**കേരള പ്രസ് അക്കാദമി**
കാക്കനാട്
കൊച്ചി

വില. 7.50

(Malayalam)
NATTUVISESHAM
Guide to Reporters

First Published January 1989

Printed at Amarakerala Industries Cochin-18

Price Rs. 7.50

Copyright
Kerala Press Academy

Publishers
Kerala Press Academy

Distributors
National Bookstall, Kottayam

# നാട്ടുവിശേഷം

## പ്രസ് അക്കാദമിയുടെ മററു പ്രസിദ്ധീകരണങ്ങൾ

പത്രഭാഷ

വൃത്താന്തപത്രപ്രവർത്തനം

പത്രപ്രവർത്തനം ഭിന്നമുഖങ്ങൾ

സ്വദേശാഭിമാനിയുടെ പത്രപ്രവർത്തനം രാജവാഴ്ചയുടെ ദൃഷ്ടിയിൽ

# ആമുഖം

പ്രസിദ്ധനായ ഒരു പത്രാധിപരെക്കുറിച്ച് പറഞ്ഞുകേട്ട ഒരു കഥയുണ്ട്.

ആററ്ലിപ്രഭു ബ്രിട്ടീഷ് പ്രധാന മന്ത്രിയായി. പാലായിൽ ഉണ്ടായ ഒരു ബസ്സപകടത്തിൽ മൂന്നു പേർ മരിക്കയും മുപ്പതുപേർക്ക് പരിക്കേൽക്കുകയും ചെയ്തു.

വാർത്തകൾ രണ്ടും ഏററുമുട്ടി. രണ്ടുംകൂടി പോവില്ല. ഒന്നാം പേജിൽ കഷ്ടിച്ച് അരക്കോളം സ്ഥലം ബാക്കി. ധർമ്മസങ്കടത്തിലായ സഹപത്രാധിപർ പത്രംഉടമകൂടിയായ പത്രാധിപരെ സമീപിച്ചു. അദ്ദേഹത്തിനു തെല്ലും സംശയമുണ്ടായില്ല.

''ആററ്ലിപ്രഭു ഇവിടെവന്നു് പത്രം വാങ്ങില്ല. പാലാ ഏജൻറ് അഞ്ഞൂറുകോപ്പിയാണ് കൊണ്ടുപോകുന്നതു്. അയാളുതന്നെ വാർത്ത കൊടു്............''

അല്പം പൊടിപ്പും തൊങ്ങലും വെച്ചുണ്ടാക്കിയതാണ് കഥ. എങ്കിലും അതിൽ ഒളിഞ്ഞുകിടക്കുന്നതു് പത്രനടത്തിപ്പിൻെറ ഗൗരവമേറിയ ഒരു വശമാണ്. പ്രത്യേകിച്ചും ഭാഷാപത്രങ്ങളെന്നോ പ്രാദേശികപത്രങ്ങളെന്നോ അറിയപ്പെടുന്നവയുടെ.

ഏതൊരു പത്രം ഓഫീസിലും ഇന്നു് പ്രാദേശിക വാർത്തകൾക്കുള്ള സ്ഥാനം വളരെ വലുതാണ്. പത്രത്തിൻെറ നിലനിൽപ്പിൻെറയും വളർച്ചയുടേയും പ്രശ്നമാണതു്.

പ്രാദേശികവാർത്തകൾ ഭൂരിഭാഗവും ശേഖരിച്ചെത്തിക്കുന്നതു് പ്രാദേശിക ലേഖകരെന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന പത്രം ഏജൻറുമാരാണ്. പത്രം ഉടമയെപ്പോലെ തന്നെ തൻെറ പത്രം വിററഴിയുന്നതിനു് ഏജൻറിനും താല്പര്യമുണ്ട്. അതുകൊണ്ടുതന്നെ വാർത്തകൾ ശേഖരിച്ചെത്തിക്കുന്നതിൽ അവർ താല്പര്യം കാട്ടുന്നു.

എന്നാൽ ഇത്തരം വാർത്തകൾ പലപ്പോഴും വേണ്ടത്ര വിവരങ്ങൾ അടങ്ങിയവയും സംശയംകൂടാതെ പത്രത്തിൽ പ്രസിദ്ധീകരിക്കാൻ പററുന്നവയുമായിരിക്കില്ല. ചെറിയൊരു പരിശീലനം പ്രാദേശിക ലേഖകർക്കു നൽകിയാൽ ഏററം ഫലപ്രദമായി ഈ പ്രശ്നത്തിനു് പരിഹാരം കാണാം.

ഈ ലക്ഷ്യം വെച്ചുകൊണ്ടാണ് പ്രാദേശിക പത്രലേഖകർക്കുള്ള പരിശീലന പഠന ക്യാമ്പുകൾ നടത്താൻ കേരള പ്രസ് അക്കാദമി തീരുമാനിച്ചത്. വമ്പിച്ച സ്വാഗതമാണ് ഈ സംരംഭത്തിനു ലഭിച്ചത്.

ക്യാമ്പുകൾ സംഘടിപ്പിക്കുന്നതു കൊണ്ടുമാത്രമായില്ല. ഒന്നാമത്, മുഴുവനാളുകൾക്കും ഈ ക്യാമ്പുകളിൽ പങ്കെടുക്കാനാവില്ലല്ലോ. രണ്ടാമത്, ഒന്നോ രണ്ടോ ദിവസത്തെ പരിശീലനം തീർത്തും പരിമിതവുമാണ്.

ഇക്കാര്യം കണക്കിലെടുത്താണ് പ്രാദേശികലേഖകർക്കുള്ള ഗൈഡ് എന്ന നിലയിൽ ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് പ്രസ് അക്കാദമി തീരുമാനിച്ചത്. അക്കാദമിക്കുവേണ്ടി ആ ചുമതല ഏറ്റെടുത്തത് പ്രശസ്ത പത്രപ്രവർത്തകരായ ടി. വേണുഗോപാലനും തോമസ് ജേക്കബ്ബും ആണ്.

ഈ രംഗത്ത് അവർക്കുള്ള അസാധാരണമായ കഴിവ് 'നാട്ടുവിശേഷം' എന്ന ഈ പുസ്തകം വെളിവാക്കുന്നു. ആർക്കുവേണ്ടിയാണ്, എന്തിനു വേണ്ടിയാണ് ഈ പുസ്തകം എന്ന കാര്യത്തിൽ തികഞ്ഞ ബോധത്തോടെയാണ് പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളതെന്നു കാണാം. മലയാളത്തിൽ ഇത്തരം ഒരു സംരംഭം ഇതാദ്യത്തേതാണ്. പ്രാദേശികലേഖകർക്കെന്നല്ല, നമ്മുടെ പത്രപ്രവർത്തനമേഖലയ്ക്കാകമാനം ഇതൊരു മുതൽക്കൂട്ടാകുമെന്നതിൽ സംശയമില്ല. ഇതു പ്രയോജനപ്പെടുത്താൻ പ്രാദേശികലേഖകരും അവരെ സഹായിച്ച് പത്രത്തിനു തന്നെ പ്രയോജനകരമാക്കാൻ പത്രം ഉടമകളും മുന്നോട്ടുവരുമെന്നു ഞാൻ കരുതുന്നു.

അഭിമാനത്തോടും പ്രത്യാശയോടുംകൂടി പ്രസ് അക്കാദമിക്കുവേണ്ടി ഈ പുസ്തകം ജനസമക്ഷം സമർപ്പിച്ചുകൊള്ളട്ടെ.

തിരുവനന്തപുരം
18–1–1989

**കെ. മോഹനൻ**
ചെയർമാൻ
കേരള പ്രസ് അക്കാദമി

# പ്രസ്താവന

ഉൾനാടുകളിൽ വേരുപിടിച്ചാണ് കേരളത്തിലെ പത്രങ്ങളുടെ പ്രചാരം തഴച്ചു പടർന്നത്. നാട്ടുവിശേഷം അതിനു നല്ല വളമായി. ഇന്നാകട്ടെ നാട്ടുവിശേഷം കുറഞ്ഞാൽ പത്രത്തിന്റെ പ്രചാരം കുറയുമെന്നായിട്ടുണ്ട്. വാർത്ത വരാത്തതുകൊണ്ട് പത്രം നിർത്തിയ അറിയിപ്പും നിർത്തുമെന്ന ഭീഷണിയും ഇന്ന് പതിവാണ്.

ദേശീയവാർത്തകളും വിദേശവാർത്തകളും പോലെത്തന്നെ സ്വന്തം നാട്ടിലെ വിശേഷങ്ങളും പത്രത്തിൽ വരണമെന്ന് ആളുകൾക്ക് നിർബന്ധമാണ്. നാട്ടിലെ വിവാഹം, മരണം, അപകടങ്ങൾ, രാഷ്ട്രീയപ്രവർത്തനം, സാംസ്കാരിക ചലനങ്ങൾ, വികസനകാര്യങ്ങൾ, പോരായ്മകൾ, പ്രധാനികളുടെ വരവ്, കളി തുടങ്ങിയ ഏതുകാര്യവും ആ നാട്ടിലുള്ളവർക്ക് താല്പര്യമുള്ളതാണ്. അവ പതിവായി കൊടുക്കുന്ന പത്രം വായിക്കാനാണ് അവർക്ക് താല്പര്യം. കാരണം, പത്രത്തിൽ വരുന്നത് അവർക്ക് പങ്കുള്ളതോ താൽപര്യമുള്ളതോ ആയ കാര്യങ്ങളാണല്ലോ. അതൊന്നും വരാത്ത പത്രം സ്വന്തമല്ലെന്ന ഒരു തോന്നൽ. പത്രമോഫീസിലിരിക്കുന്നവക്ക് വല്ലൊരു നാട്ടുവർത്തമാനത്തിനും പ്രത്യേക വിശേഷമൊന്നും തോന്നിയെന്നുവരില്ല. പക്ഷെ, ആ നാട്ടുകാർക്ക് അതു വളരെ താല്പര്യമുള്ളതാവും. അതു പത്രത്തിൽ വരാഞ്ഞാൽ അവർ മുറുമുറുക്കും. അതു വരാത്ത പത്രം നിർത്തി അവർ സ്വന്തം നാട്ടിലെ വർത്തമാനം പതിവായി വരുന്ന പത്രം വാങ്ങിത്തുടങ്ങുകയും ചെയ്യും.

അപ്പോൾ, നാട്ടുവിശേഷം കൊടുത്തേ പറ്റൂ എന്നായിട്ടുണ്ടെന്നു കാണാം. അതിന്റെ ഫലമായി, ഓരോ പത്രവും നാട്ടുവർത്തമാനങ്ങൾ അറിയിക്കാൻ കഴിയുന്നത്ര സ്ഥലങ്ങളിൽ പ്രാദേശിക ലേഖകന്മാരെ വച്ചിരിക്കുന്നു. അവർ പത്രത്തിന്റെ ഏജന്റുമാരാവാം, മറ്റെന്തെങ്കിലും ജോലി ചെയ്യുന്നവരാവാം. പക്ഷെ അതതു നാട്ടിൽ അവരാണ് പത്രത്തിന്റെ പ്രതിനിധികൾ. അവരുടെ കഴിവും ഉത്സാഹവുമനുസരിച്ചിരിക്കും നാട്ടുവർത്തമാനങ്ങളിൽ പത്രത്തിന്റെ മേന്മ. സ്വന്തം പത്രത്തെ സ്വന്തം നാടിന്റെ പത്രമാക്കുന്നത് പ്രാദേശിക ലേഖകനാണ്.

ആ നിലയ്ക്ക് പ്രാദേശിക ലേഖകന്റെ ഉത്തരവാദിത്വം വലു താണ്. ആ ഉത്തരവാദിത്വം കൊണ്ടുനടത്താൻ കഴിയാഞ്ഞാൽ സ്വന്തം നാടിന്റെ തുടിപ്പുകരം പത്രത്തിൽ കാണാതെ പോവുന്നു. സ്വന്തം പത്രത്തിന് സ്വന്തം നാട്ടിൽ സ്ഥാനമില്ലെന്നുവരുന്നു.

എങ്ങനെ സാമാന്യം നല്ല പ്രാദേശിക ലേഖകനാവാം? അതിനു് എന്തൊക്കെ നോക്കണം? എന്തൊക്കെ ചെയ്യണം?

അതൊക്കെയൊന്നു് ആലോചിച്ചു നോക്കുകയാണ് ഇവിടെ.

കേരള പത്രപ്രവർത്തക യൂണിയൻ 1976-ൽ പ്രാദേശിക ലേഖ കർക്കുവേണ്ടി എല്ലാ ജില്ലയിലും പരിശീലനക്കളരി നടത്തുകയു ണ്ടായി. അതിന് അടിസ്ഥാനമാകാൻ ഞങ്ങരം തയ്യാറാക്കിയ കുറി പ്പുകരം വികസിപ്പിച്ച് എഴുതിയതാണ് ഈ പുസ്തകം. ആറേഴ സ്ഥലത്തു് ഞങ്ങരംതന്നെ പോയി ക്ലാസെടുത്തു. അതിന്റെ അനുഭവ പാഠങ്ങരം വച്ചുകൂടിയാണ് ഈ പുസ്തകം തയ്യാറാക്കിയിട്ടുള്ളതു്. അന്നേ, ഇങ്ങനെ ഒരു പുസ്തകം ഇറക്കണമെന്ന് കളരിയിൽ പങ്കെ ടുത്ത ലേഖകരെല്ലാം ആവശ്യപ്പെട്ടിരുന്നു. ഇപ്പോഴേ അതിനു പററി യുള്ളൂ. അതുതന്നെ കേരള പ്രസ് അക്കാദമിയുടെ വിടാത്ത നിർബന്ധംകൊണ്ടും.

ഈ നിർബന്ധം കാട്ടിപ്പോന്ന പ്രസ് അക്കാദമിയുടെ മുൻ ചെയർമാൻമാരായ പി. ഗോവിന്ദപ്പിള്ള, ടി. കെ. ജി. നായർ എന്നിവരോടും ഇപ്പോഴത്തെ ചെയർമാൻ കെ. മോഹനൻ, കേരള ഗവൺമെന്റിന്റെ മുൻ പബ്ളിക് റിലേഷൻസ് ഡയറക്ടറും പ്രസ് അക്കാദമിയുടെ കമ്മ്യൂണിക്കേഷൻ ഇൻസ്റ്റിററ്യൂട്ട് കോഴ്സ് ഡയറക്ടറുമായിരുന്ന തോട്ടം രാജശേഖരൻ, അക്കാദമിയുടെ മുൻ സെക്രട്ടറിയും ഡെവലപ്മെന്റ് കം പ്രോഗ്രാം ഓഫീസറുമായി രുന്ന ഇ. വി. ജോൺ, അക്കാദമിയുടെ ഇപ്പോഴത്തെ സെക്രട്ടറി വി. കെ. മൊയ്തീൻകോയ എന്നിവരോടുമുള്ള കടപ്പാട് ഇവിടെ കുറിക്കട്ടെ.

ടി. വേണുഗോപാലൻ

തീയതി: 1-1-'89 തോമസ് ജേക്കബ്

# ഉള്ളടക്കം


| | | |
|---|---|---|
| 1. | മാനത്തു് എന്താണൊരു ചുവപ്പ്"? | 1 |
| 2. | സംഗതി അറിഞ്ഞോ! | 5 |
| 3. | അവിടെ കഴിച്ചാൽ നിധിയും കിട്ടും | 12 |
| 4. | അററകണ്ണികൾ | 15 |
| 5 | വർത്തമാനം പറയാത്ത 'വാർത്തകൾ' | 39 |
| 6. | പട്ടിയെ തല്ലിക്കൊല്ലാൻ ആണുങ്ങളില്ലേ! | 47 |
| 7. | ഇടയ്ക്കൊരു കഥ പറയൂ | 52 |
| 8. | തമ്പുരാ, തൽസമയം......... | 77 |


## അനുബന്ധം


85

1. ഹരിശ്രീ
2. വ്യക്തത
3. വാർത്തകൾ അയക്കുമ്പോൾ
4. ചിത്രങ്ങൾ

ഒന്ന് :

# മാനത്ത് എന്താണൊരു ചുവപ്പ്?

രാത്രി ഊണു കഴിഞ്ഞ് കോലായിൽ വന്നിരുന്നതാണ്. ഒരു ബീഡി വലിക്കാം.

അല്ല! എന്താണ് മാനത്തൊരു ചുവപ്പ്! കൂടിവരികയാണല്ലോ. പുകയും ഉണ്ടോ?

തീപിടിത്തമാണ്!

നിങ്ങൾ ഓടുന്നു. തീപിടിത്തം തന്നെ. പടർന്നു കയറിയ ചുവപ്പ് പൊലിഞ്ഞു താഴുന്നുണ്ട്. പുക കനത്തു പൊങ്ങുന്നു. രണ്ടു കിലോമീററോളമായപ്പോൾ സ്ഥലത്തെത്തി. പാടത്തിൻ നടുവിലെ ഒരു പറമ്പിലെ വീടുകൾ തീപിടിച്ചതാണ്. ആകെ ബഹളം. ആളുകൾ കൂടിയിരിക്കുന്നു. പിന്നേയും വന്നുകൊണ്ടിരിക്കുന്നു.

രണ്ടുമണിക്കൂർ കഴിഞ്ഞുകാണും. കുറച്ചകലെയുള്ള ഒരു വീട്ടിൽ പത്രമാഫീസിലേക്ക വിളിച്ച ഫോണും കാത്ത് ഇരിക്കുകയാണ് നിങ്ങൾ. ഇങ്ങനെയൊരു റിപ്പോർട്ട് എഴുതിക്കഴിഞ്ഞിട്ടുമുണ്ട്.

‘‘ഇവിടെ നിന്ന് രണ്ടു കിലോമീററർ അകലെ അരങ്ങയിൽ പാടത്തിൻ നടുവിലുള്ള ഒരു പറമ്പിലെ അഞ്ച് ഓലപ്പുര കത്തി മൂന്നു കുട്ടികളും ഒരു സ്ത്രീയും മരിച്ചു. അഞ്ചു കുട്ടികൾക്കും രണ്ടു സ്ത്രീകൾക്കും പൊള്ളലേററിട്ടുണ്ട്.

തടത്തിൽ ദേവകി (35), മക്കൾ ശങ്കരൻ കുട്ടി (12), രാധ (10), ലളിത (8) എന്നിവരാണ് മരിച്ചത്.

പൊള്ളലേററ മുക്കാണത്ത് യശോദ (40), മക്കൾ ബാലൻ (12), പ്രഭാകരൻ (9), മാളു (7), താഴെവീട്ടിൽ നാരായണി (42), മക്കൾ ലത (11), നാരായണൻ (8) എന്നിവർ ആസ്പത്രിയിലാണ്.

തൊട്ടുതൊട്ടുള്ള അഞ്ചു് പുരയാണു് കത്തിയതു്. രണ്ടെണ്ണം ഓലക്കുടിലാണു്. അതിൽ ഒന്നിലെ അമ്മയും മക്കളുമാണു് മരിച്ചതു്. കുട്ടികളുടെ അച്ഛൻ നാരായണൻ സ്ഥലത്തുണ്ടായിരുന്നില്ല.

ചിമ്മിനിവിളക്കു മറിഞ്ഞാവും തീപിടിച്ചതു് എന്നാണു് ഊഹം.

ഈ വീടുകളിൽ ഗൃഹനാഥന്മാരാരും ഈ സമയത്തു് ഉണ്ടായിരുന്നില്ല. അതുകൊണ്ടു് പെട്ടെന്നു് തീകെടുത്താനും കഴിഞ്ഞില്ല. അടുത്തൊന്നും വീടുകളില്ല. ആളുകൾ ഓടിക്കൂടുമ്പോഴേക്കു് പുരകളെല്ലാം കത്തിനശിച്ചിരുന്നു.

കുട്ടികൾ മിക്കവരും ഉറക്കമായിരുന്നു. സ്ത്രീകൾ ഓരോ പണിയിലായിരുന്നു. തീ ആളിപ്പടർന്നപ്പോൾ ആകെ വെപ്രാളമായി. നിലവിളി. പരക്കം പാച്ചിൽ. കുട്ടികളെ രക്ഷപ്പെടുത്താൻ സ്ത്രീകൾ അകത്തേക്കോടി. പക്ഷെ തീ ആകെ മൂടിക്കഴിഞ്ഞിരുന്നു. ഒരു ഓലക്കുടിലിലെ അമ്മയും എല്ലാ മക്കളും മരിച്ചു. മറ്റൊന്നിലെ അമ്മയ്ക്കും എല്ലാ മക്കൾക്കും മൺചുമരുള്ള ഒരു വീട്ടിലെ അമ്മയ്ക്കും രണ്ടു കുട്ടികൾക്കും പൊള്ളലേററു; അവർക്കൊക്കെ വല്ലാതെ പൊള്ളിയിട്ടുണ്ടു്.

ആരോ ഓടിപ്പോയി കുറച്ചു് തേൻ കൊണ്ടുവന്നു. ഉള്ളതു കൊണ്ടു് എല്ലാവരുടേയും മേൽ പുരട്ടി; പിന്നെ, അഞ്ചുകിലോമീററർ അകലെയുള്ള താലൂക്കു് ആസ്പത്രിയിലേക്കു് അവരെ കൊണ്ടുപോയി.

കത്തിക്കരിഞ്ഞ ശവങ്ങൾ മുററത്തു കിടത്തിയിരിക്കുകയാണു്. പോലീസിന്നു് ആളുപോയിട്ടുണ്ടു്.

ഇതിനകം ഗൃഹനാഥൻമാരും പാഞ്ഞെത്തിയിരുന്നു. അവർ വന്നപ്പോഴുണ്ടായ രംഗം! ഭാര്യയും കുട്ടികളും വെന്തു മരിച്ചതുകണ്ടു് തോട്ടത്തിൽ നാരായണൻ ബോധം കെട്ടുവീണു. യശോദയുടെ ഭർത്താവു് മുക്കാട്ടിൽ കൃഷ്ണനും നാരായണിയുടെ ഭർത്താവു് കൃഷ്ണൻകുട്ടിയും ആസ്പത്രിയിലേക്കു് ഓടി.

അവരെല്ലാം കുറച്ചകലെ ഒരു കെട്ടിടത്തിന്റെ വാർപ്പുപണിക്ക് കൂലിക്കാരായിപോയതായിരുന്നു. പണികഴിഞ്ഞപ്പോൾ വളരെ വൈകി. അതാണ് എത്താൻ താമസിച്ചത്.

അഞ്ചു പുരയിലുമായി പുരുഷൻമാരും സ്ത്രീകളും കുട്ടികളുമടക്കം 29 പേരാണുള്ളത്.

ഓലക്കുടിലുകളുടെ ഭാഗത്തുനിന്നാണ് തീ കണ്ടതെന്ന് അവരിലൊരാളായ വലിയേടത്ത് ജാനകി പറഞ്ഞു. തീ കണ്ട ഉടനെ പുറത്തേക്ക് ഓടാൻ കഴിഞ്ഞതുകൊണ്ടാണ് മററുള്ളവർ രക്ഷപ്പെട്ടത്.

കുടിലുകൾക്ക് എങ്ങനെ തീപിടിച്ചു എന്ന് തീർച്ചയില്ല. രണ്ടിലും ചിമ്മിനിവിളക്ക കത്തുന്നുണ്ടായിരുന്നു. ഏതെങ്കിലും ഒന്ന് മറിഞ്ഞോ? ഉണ്ടെങ്കിൽ തന്നെ എങ്ങനെ? പൂച്ച വന്നു തട്ടിമറിച്ചതാവുമോ? - അങ്ങനെയൊക്കെയാണ് പൊതുവെ ഊഹം. രണ്ട് കുടിലിലേയും സ്ത്രീകൾ കിണററിൻകരയിൽ പാത്രം മോറുകയായിരുന്നു.

താനും കൂട്ടുകാരും ഓടിയെത്തുമ്പോഴേക്ക് പുരകളെല്ലാം കത്തി നശിച്ചിരുന്നുവെന്നും അകത്തുകയറി പരിശോധിച്ചാണ് ശവങ്ങൾ പുറത്തെടുത്തതെന്നും കരിയിൽ മുങ്ങിനില്ക്കുന്ന നടക്കരെ ഗോപാലൻ പറഞ്ഞു. പൊള്ളലേററവരെല്ലാം മുററത്തെത്തി വീണുരുണ്ട് നിലവിളിക്കുകയായിരുന്നു.

കരിഞ്ഞ മൺചുമരുകൾ മാത്രം ബാക്കി. എല്ലാ സാധനങ്ങളും നശിച്ചിരിക്കുന്നു. എല്ലാംകൂടി പതിനായിരത്തിലധികം രൂപ നഷ്ടം കാണും.

മററുള്ളവർ ഭക്ഷണം കൊണ്ടുവന്നു കൊടുക്കാൻ നോക്കിയെങ്കിലും വീട്ടുകാർക്ക് ഒന്നും വേണ്ട. ഉററവരുടെ മരണത്തിൽ ദുഃഖിച്ച്, ആസ്പത്രിയിലുള്ളവരുടെ സ്ഥിതി എന്ത് എന്നോർത്ത്, കത്തി നശിച്ച വീടും നോക്കി ഇരിപ്പാണ് അവർ''.

ഇങ്ങനെ ഒരു റിപ്പോർട്ട് എഴുതി ഫോൺകിട്ടാൻ കാത്തിരിക്കുന്ന നിങ്ങൾ പത്രലേഖകനാവാൻ കൊള്ളും.

എന്തുകൊണ്ട്?

1. നിങ്ങൾക്ക് കാണാൻ കണ്ണുണ്ട്; മണത്തറിയാൻ മൂക്കുണ്ട്; അറിയാൻ താല്പര്യവുമുണ്ട്. അതുകൊണ്ടാണല്ലോ മാനത്തു ചുവപ്പു കണ്ടപ്പോൾ അതിലെന്തോ ഉണ്ടെന്ന് തോന്നി, ആ രാത്രി ഓടിയത്.

2. തീപിടിത്തമാണെന്ന് ക്ഷണം ഊഹിച്ചു; അതു നല്ല വാർത്തയാണെന്നകാര്യത്തിൽ സംശയമുണ്ടായില്ല. പിന്നെ, മുഴുവൻ വിവരവും അറിയാനുള്ള പാച്ചിലായി.

3. സ്ഥലത്തുചെന്ന് ആവുന്നതൊക്കെക്കണ്ടു; പറയുന്നതൊക്കെ കേട്ടു; അറിയേണ്ടതൊക്കെ തിരക്കി; എല്ലാം കണിശമായി അറിഞ്ഞുവച്ചു.

4. വിവരങ്ങളൊക്കെ പ്രാധാന്യക്രമത്തിൽ, എന്നാൽ കഥ പറയുംപോലെ എഴുതി. ഇടയ്ക്കൊന്നും അററകുറ്റിയില്ല. കേട്ടിരിക്കാൻ തോന്നും; കേട്ടാൽ മനസ്സിലാവും.

5. നേരം വൈകി. എന്നാലും പത്രമോഫീസിൽ വിവരമറിയിച്ചേ ഉറങ്ങൂ. കുറഞ്ഞസമയംകൊണ്ട് വിവരങ്ങളൊക്കെ തേടിപ്പിടിച്ച് റിപ്പോർട്ടെഴുതി. എങ്ങനെയെങ്കിലും കാലത്തെ പത്രത്തിൽ വരുത്തണം. സാധാരണ നിലയ്ക്ക് പ്രയാസമാണെങ്കിലും ഓഫീസിലുള്ളവർ ഒന്നുശ്രമിച്ചാൽ പററിയേക്കും. അപ്പോഴും, നാട്ടിലേക്കു വരുന്ന പത്രം എപ്പോഴാണ് അടിക്കുന്നതെന്ന് നിങ്ങൾക്കറിയാം. അൽപം നീക്കിപ്പോകാവുമെന്നും മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഒന്നു പരീക്ഷിച്ചുനോക്കുന്നതു്.

6. ഉറക്കം പോയി; അലഞ്ഞു. എന്നല്ല ഫോൺ വിളിക്കാൻ കുറച്ചകലെ ഒരു വീട്ടിൽ ചെന്ന്, ഉറങ്ങുന്നവരെ അസമയത്തു് വിളിച്ചുണർത്തിയിരിക്കുകയാണ് നിങ്ങൾ. ഈ സ്വാതന്ത്ര്യം എടുക്കാനുള്ള അടുപ്പം നിങ്ങൾ ആളുകളുമായി ഉണ്ടാക്കിക്കഴിഞ്ഞിട്ടുണ്ട്.

7. വാർത്തയുടെ, കാര്യത്തിൽ സ്വന്തം പത്രം മുന്നിൽ എന്ന വാശി നിങ്ങൾക്കുണ്ട്. അതുകൊണ്ടാണല്ലോ ഇത്രയൊക്കെ പാടുപെടുന്നതു്.

മാനത്തു് എന്താണൊരു ചുവപ്പ്? പലരും കണ്ടിരുന്നു. രാത്രി ആയതുകൊണ്ട് ഇറങ്ങി അന്വേഷിച്ചില്ല. രാവിലെ നിങ്ങളുടെ പത്രം കണ്ടപ്പോഴാണ് കാര്യം അറിയുന്നതു്. മറെറാരു പത്രത്തിലുമില്ലതാനും!

നിങ്ങളപ്പോൾ, തീപിടിത്തത്തിൽ പൊള്ളലേററവരുടെ സ്ഥിതി അറിയാൻ താലൂക്കാസ്പത്രിയിലേക്ക് പുറപ്പെട്ടിരിക്കുകയാണ്........

രണ്ട് :

# സംഗതി അറിഞ്ഞോ!

''സംഗതി അറിഞ്ഞോ!''

''ഇല്ല, എന്താണ്?''

—നിങ്ങൾ പറയുന്നു; മറ്റൊരാൾ കേട്ട് ഇരിക്കുന്നു.

എങ്കിൽ ആ സംഗതി വാർത്തയാണ്. കാരണം, നിങ്ങൾക്കു പറയണമെന്നു തോന്നി; മറ്റെ ആൾക്ക് കേട്ടിരിക്കണമെന്നും തോന്നി.

വാർത്ത എന്നാൽ എന്ത്? കാക്കത്തൊള്ളായിരം വിധം മറുപടി പറയാം. പക്ഷെ, എങ്ങനെ പറഞ്ഞാലും വേണ്ടതിരിയാവില്ല. ഒററയടിക്ക് ലക്ഷണം പറഞ്ഞുതീർക്കാൻ വയ്യാത്തവിധം പലപല സ്വഭാവമാണ് വാർത്തയ്ക്ക്. എങ്കിലും, ആളുകൾക്ക് പൊതുവെ കേൾക്കാൻ താൽപ്പര്യമുള്ളതെന്തോ അതാണ് വാർത്ത എന്നു പറഞ്ഞുവയ്ക്കാം.

നാലുതരം സംഗതി വാർത്തയാവുന്നു.

1. സംഭവം — വിവാഹം, മരണം, അപകടം, ജയം, തോൽവി, സംഘട്ടനം, സമരം, യുദ്ധം, ഭരണമാററം എന്നിങ്ങനെ പലതും. സംഭവങ്ങൾതന്നെ മുഖ്യ വാർത്തകൾ. എന്തു നടക്കുന്നു — അതറിയാനാണല്ലോ താൽപര്യം. അതുപോലെ തന്നെ നടന്ന സംഭവങ്ങളുടെ പ്രത്യാഘാതങ്ങളും.

2. 'അസംഭവം' — സംഭവിക്കേണ്ടതു് സംഭവിക്കാഞ്ഞാലും വാർത്തയാണ്. കേട്ടുവന്ന നിരത്ത് വളരെക്കാലമായിട്ടും നേരെയാക്കുന്നില്ല; പണമടച്ചിട്ടും വിദ്യുച്ഛക്തി കിട്ടുന്നില്ല; ആസ്പത്രിയിൽ സൗകര്യം കൂട്ടുന്നില്ല; വിത്തും വളവും എത്തിയില്ല എന്നിങ്ങനെ പോവുന്നു അത്തരം ''അസംഭവങ്ങൾ''. ഇതൊക്കെ ഇന്നു്

വെറും പരാതിയുടെ രൂപത്തിലേ പത്രത്തിൽ വരുന്നുള്ളൂ. വാസ്തവത്തിൽ വേണ്ടപോലെ അന്വേഷിച്ച് കാര്യകാരണങ്ങൾതേടി എല്ലാ വശവും നോക്കി എഴുതിയാൽ അതൊക്കെ നല്ല വാർത്തയാവുന്നു.

(വിവാഹം മുടങ്ങിയതും പണിമുടക്ക് ഒഴിവായതും മററും ഈ വകുപ്പിൽ പെടില്ല. ഈ മുടക്കങ്ങൾ തന്നെ സംഭവമാണല്ലോ).

3. പശ്ചാത്തലം — ശതാബ്ദിയാഘോഷിക്കുന്ന സ്കൂളിന്റെ കഥ, ഉത്സവം നടക്കുന്ന ക്ഷേത്രത്തിന്റെ പുരാണം, പ്രത്യേകതയുള്ള ആളുകളെക്കുറിച്ചുള്ള വിവരണം, നടപ്പാവാൻ പോവുന്ന പദ്ധതിയുടെ വിവരങ്ങൾ, സംഭവങ്ങളുടെ കാര്യകാരണവിശകലനം തുടങ്ങിയവ ഈ കളത്തിൽ നിൽക്കുന്നു.

4. പ്രസ്താവന — പ്രധാനികളോ സംഘടനകളോ നടത്തുന്ന അഭിപ്രായ പ്രകടനവും ആരോപണങ്ങളും വീരവാദങ്ങളും വെല്ലുവിളികളും നിഷേധങ്ങളും പൊതുവേദികളിൽ നടക്കുന്ന പ്രസംഗങ്ങളും ചർച്ചകളും ഇതിൽ പെടുന്നു.

പക്ഷെ, ഇതൊക്കെ വാർത്തയാകണമെങ്കിൽ മററുചിലതുകൂടി വേണം.

1. പുതുമ — നായ മനുഷ്യനെ കടിച്ചാൽ വാർത്തയല്ല; മനുഷ്യൻ നായയെ പിടിച്ചു കടിച്ചാലോ! അതിൽ പുതുമയുണ്ട്; സാധാരണ നടക്കാത്ത കാര്യമാണ്. പ്രസവിച്ചത് രണ്ടുതലയുള്ള കുട്ടി, കവുങ്ങിൻമേൽ തേങ്ങയോളം വലിപ്പമുള്ള അടക്ക; പുരുഷന്നു ഗർഭം, ആൾക്ക് ആനയുടെ മാതിരി തല — അങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ പുതുമകാരണം വലിയ വിശേഷമാവുന്നു.

2. പ്രാധാന്യം — നായ മനുഷ്യനെ കടിച്ചാൽ വാർത്തയല്ല എന്നങ്ങു തീർത്തുപറയാനും വയ്യ. കടിച്ചതു മന്ത്രിയെയായാലോ! അഖിലേന്ത്യാ കോൺഗ്രസ് വർക്കിംഗ് കമ്മിററി മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടതിൽ സൽക്കരിക്കപ്പെടാൻ ചെന്ന എ. വി. കുട്ടിമാളു അമ്മയെ പട്ടികടിച്ചപ്പോൾ വാർത്തയായി. കടിച്ചത് ആതിഥേയനായ 'മാതൃഭൂമി' ചീഫ് എഡിററർ കെ. പി. കേശവമേനോന്റെ പട്ടിയാണെന്നതുകൊണ്ട് വാർത്തയ്ക്ക് ഒന്നുകൂടി മികവായി. നാഷണൽ ചെസ്സ് ചാമ്പ്യനായിരിക്കെ കളികഴിഞ്ഞു മടങ്ങുന്ന മാനുവൽ

ആറാണിനെ പട്ടി കടിച്ചപ്പോൾ 'ഹിന്ദുവിലും' മററും വലിയ വാർത്തയായാണ് അതു വന്നത്. കടിക്കാത്ത പട്ടിപോലും ഹൈക്കോടതിവരെ എത്തിയ ഒരു കേസിലൂടെ ഈയിടെ എത്രദിവസമാണ് ഒന്നാംപേജ് വാർത്തയായത്! ചിലപ്പോൾ പട്ടികൾ തമ്മിൽ കടികൂടിയാലും വാർത്തയാവും. കേന്ദ്ര ധനകാര്യമന്ത്രിയായിരുന്ന പ്രണബ് മുക്കർജിയുടെ പട്ടി ബി. ജെ. പി. നേതാവായ എ. ബി. വാജ്പെയിയുടെ പട്ടിയെ കടിച്ചുകീറിയപ്പോൾ അതാണ് കണ്ടത്. ഭിന്ന കക്ഷികളിൽ പെട്ട അവർ പട്ടികളെയും കൂട്ടി സുഹൃത്തുക്കളെപോലെ ഒന്നിച്ചുനടക്കാനിറങ്ങിയപ്പോൾ അവരുടെ ഉള്ളിലെ രാഷ്ട്രീയവൈരം പട്ടികളിലൂടെ കുരച്ചുചാടുകയായിരുന്നുവോ! ഇങ്ങനെയൊക്കെ വ്യാഖ്യാനിക്കാൻ രസമുള്ള വിധം പട്ടികൾ തമ്മിലുള്ള 'ദേശീയപ്രാധാന്യ'മുള്ള കടിപിടിയായി അത്.

അപ്പോൾ, ഉൾപ്പെട്ട ആളുടെ പ്രാധാന്യം കൊണ്ട് തനി നിസ്സാരകാര്യം വലിയ വിശേഷമാവുന്നു. ഞങ്ങളോ നിങ്ങളോ എന്തു അഭിപ്രായം പറഞ്ഞാലും കാര്യമില്ല. എന്നാൽ കൊച്ചുകുട്ടിക്കുകൂടി പറയാവുന്ന കാര്യം പ്രധാനമന്ത്രി പറഞ്ഞുനോക്കട്ടെ. പത്രത്തിൽ വെണ്ടക്കയായി. ഞങ്ങളോ നിങ്ങളോ കല്യാണം കഴിച്ചാൽ, കവിഞ്ഞാൽ വിവാഹ പംക്തി എന്ന സമുദ്രത്തിൽ നിന്ന് അതു മുങ്ങിത്തപ്പിയെടുക്കാൻ കഴിഞ്ഞേക്കാം; മരിച്ചാൽ ചരമപംക്തിയിൽ നിന്നും. എന്നാൽ നേതാവോ സിനിമാ താരമോ കല്യാണം കഴിക്കട്ടെ; മരിച്ചു നോക്കട്ടെ. എന്താണ് ഘോഷം! പേപ്പട്ടി ഒരാളെ കടിച്ചാൽ സാരമില്ല. പക്ഷെ കുറഞ്ഞ സമയംകൊണ്ട് പത്തുപേരെ കടിക്കട്ടെ. സംഗതി സംഭവമായി. അഞ്ചുപേർ നടത്തുന്ന പ്രകടനം ആരു നോക്കുന്നു! ആയിരം പേരാവുമ്പോൾ നിന്നു കാണും; പത്രത്തിൽ വരും. നാട്ടിലെ സ്കൂളിൽ എസ്. എസ്. എൽ. സിക്ക് രണ്ടു കുട്ടികൾ ഒന്നാം ക്ലാസിൽ ജയിച്ചാൽ, പത്രത്തിൽ നമ്പറുണ്ടാകും. അത്രതന്നെ. (ഇപ്പോൾ അതും ഇല്ലെന്നായിരിക്കുന്നു). ആകെയുള്ള നൂറുകുട്ടികൾ നൂറും ഒന്നാം ക്ലാസിൽ ജയിച്ചാലോ! പത്രത്തിൽ കുട്ടികളുടെ മാത്രമല്ല പഠിപ്പിച്ചവരുടേയും പഠിപ്പിക്കാത്തവരുടേയും ഒക്കെ പടത്തോടുകൂടിയ വാർത്തയായി. ഇവിടെയൊക്കെ എണ്ണത്തിന്റെ വലിപ്പം കൊണ്ടാണ് പ്രാധാന്യം. സൈക്കിൾ മറിഞ്ഞാൽ പത്രക്കാരൻ തിരിഞ്ഞുനോക്കില്ല. കാറോ ബസ്സോ ആയാലോ!

3. അടുപ്പം — നാട്ടിൽ കള്ളവാററുപിടിച്ചാൽ അറിയാൻ താല്പര്യം കൂടുന്നു. മററവിടെയെങ്കിലുമാണെങ്കിൽ ആർക്കറിയണം! ഏതു സംഭവത്തിനും അയലത്താവുമ്പോൾ പ്രാധാന്യം കൂടും. ഇംഗ്ലണ്ടിൽ നാലുപേർ കാറപകടത്തിൽ മരിച്ചാൽ നമ്മുടെ പത്രത്തിൽ വരില്ല. തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ ആണെങ്കിൽ വന്നാലായി. നമ്മുടെ നാട്ടിലാണെങ്കിലോ 'വെണ്ടക്കയിൽ' തന്നെ വരും.

4. പ്രസക്തി — പല കാര്യങ്ങളും സന്ദർഭവിശേഷം കൊണ്ടാണ് വാർത്തയാവുന്നത്. ഉൽസവം നടക്കുന്ന സമയമാണെങ്കിലേ ക്ഷേത്രപുരാണം പറയുന്നതിനു പ്രസക്തിയുള്ളൂ. അല്ലെങ്കിൽ വിഗ്രഹമോഷണമോ തീപിടിത്തമോ ഉണ്ടാവണം. ശതാബ്ദിയോ അങ്ങനെ വല്ല വിശേഷമോ ഉണ്ടെങ്കിലല്ലാതെ സ്കൂളിന്റെ കഥ പറഞ്ഞിട്ടെന്താണ്? ആരെപ്പററിയായാലും സന്ദർഭമില്ലാതെ എഴുതിക്കൂടല്ലോ.

5. ഫലം — പിന്നീടു പലതിനും കാരണമാവുന്ന വിഷയങ്ങൾ വാർത്തയാവുന്നു. സമയത്തു മഴ പെയ്യാഞ്ഞാൽ വാർത്തയായി. കാരണം വെള്ളമില്ലാഞ്ഞ് ആളുകൾ വിഷമിക്കും; വിളയിറക്കാൻ പററില്ല; ആകെ ഉണക്കം വരും; ലോഡ്ഷെഡിങ്ങ് ഉണ്ടാവും. മരപ്പാലം നന്നാക്കാത്തതു വാർത്തയാവുന്നു—മഴ വരുകയാണ്; സ്കൂൾ കുട്ടികൾ വിഷമിക്കും; അപകടംതന്നെ ഉണ്ടാവാം. പുതിയ നെൽവിത്ത് എത്തിയിരിക്കുന്നു. അതും വാർത്ത. കാരണം, കൂടുതൽ നെല്ലുണ്ടാവാൻ പോവുന്നു; കൃഷിക്കാരന്റെ നിലമെച്ചപ്പെടും. സ്കൂളിൽ ഷിഫ്റ്റ് ഏർപ്പെടുത്തുകയാണ് — ആളുകൾ അറിയണം. കൂടുതൽ കുട്ടികൾക്ക് സ്കൂളിൽ കേറാം. പക്ഷെ ചിട്ടമാററണം. ഒന്നുകിൽ നേരത്തേ എണീററ് സ്കൂളിൽ പോവണം; അല്ലെങ്കിൽ ഉച്ചയ്ക്കു പോയി വൈകിട്ടേ വരാനാവൂ. കൂടുതൽ പേർക്ക് അദ്ധ്യാപക ജോലി കിട്ടും. വാഴകൾക്ക് കൂമ്പു രോഗം — ഓണത്തിന് പഴം കിട്ടാൻ ഞെരുങ്ങും; തീപിടിച്ച വിലയുമാവും. പഞ്ചായത്ത് കെട്ടിട നികുതി കൂട്ടിയിരിക്കുന്നു. ഇനി വാടക കൂടും; ജീവിക്കാൻ കൂടുതൽ പണം വേണം. അങ്ങനെ നല്ലതോ ചീത്തയോ ആയ ഫലങ്ങൾ ഉളവാക്കുന്നവയായതുകൊണ്ട് ഇത്തരം കാര്യങ്ങൾ വാർത്തയാവുന്നു.

ഇപ്പറഞ്ഞതൊക്കെവെച്ച് സ്ഥിരം വാർത്താ മൂല്യമുള്ള ചില സംഗതികളുണ്ട്.

1. പണം — പണം ഉൾപ്പെട്ട എന്തു കാര്യവും വാർത്തയാണ്. പണമില്ലെങ്കിൽ ജീവിക്കാൻ വയ്യ. എന്നല്ല, പണമുണ്ടാക്കാനാണ് അധികം പേരും ജീവിക്കുന്നതു്. പലർക്കും പണമാണ് എല്ലാററിലും വലുതും. അതുകൊണ്ട്, തനിക്കു പണം കിട്ടുന്ന കാര്യമായാലും അന്യനു പണം കിട്ടുന്ന കാര്യമായാലും പണം പോവുന്ന കാര്യമായാലും അറിയാൻ താല്പര്യമുണ്ട്. അതാണ് ശമ്പളം കൂട്ടിയതും ബോണസ് കൊടുത്തതും ഭാഗ്യക്കുറി കിട്ടിയതും പണം തിരിമറി ചെയ്തതും ബ്ലേഡ് കമ്പനി മുങ്ങിയതും പൊളിഞ്ഞതുമൊക്കെ വാർത്തയാവുന്നതു്. പണമുണ്ടോ അവിടെ വാർത്ത ചുററിപ്പററി നില്പുണ്ട്.

2. മതം മതത്തിൽ വേരൂന്നിപ്പിടിച്ചതാണ് മിക്കവരുടേയും ജീവിതം. മതപരമായ എന്തും അവർക്ക് താൽപ്പര്യമുള്ളതാണ്. വിഗ്രഹപ്രതിഷ്ഠയും ഉത്സവവും നേർച്ചയും കതത്തോലപ്പെരുന്നാളുമൊക്കെ അങ്ങനെ വാർത്തയായിത്തീരുന്നു; കൂടുതൽ കൂടുതൽ വലിയ വാർത്തകളായിക്കൊണ്ടിരിക്കുന്നു.

3. വിജയകഥകൾ — അയലത്തെ കുട്ടി എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു് സ്റ്റേററിൽ ഒന്നാമനാവുന്നു; മറെറാരുത്തനു് ധീരതയ്ക്കു് രാഷ്ട്രപതിയുടെ അവാർഡ് കിട്ടുന്നു. നാട്ടിലൊരാൾ ഡോക്ടറേററ് എടുത്തിരിക്കുകയാണ്. വേറൊരാൾ വിദേശത്തേക്കു പോവുന്ന പ്രതിനിധിസംഘത്തിലുണ്ട്. സ്റ്റേററിലെ ഏററവും മികച്ച ഗ്രാമസേവിക നിങ്ങളുടെ നാട്ടിലാണെന്നു വരുന്നു. ജീവിതവിജയത്തിൻെറ ഇത്തരം കഥകൾ വായിക്കാൻ ആർക്കും ആർത്തിയാണ്. അതുകൊണ്ട് അവ വാർത്തകളാവുന്നു.

4. സംഘട്ടനം — സാധാരണ അടിപിടി മുതൽ രാഷ്ട്രീയമായ കുത്തും കൊലയും വരെയുള്ള നാനാതരം കലഹം, വാദപ്രതിവാദം, തെരഞ്ഞെടുപ്പു മത്സരം, കളി തുടങ്ങിയ കാര്യങ്ങളൊക്കെ ഇതിൽ പെടുന്നു. സംഘട്ടനമാണ് ഇതിൻെറയൊക്കെ സ്വഭാവം. ഉദ്വേഗം വളർത്തുന്ന കാര്യമായതുകൊണ്ട് അതൊക്കെ അറിയാൻ ആളുകൾക്ക് താൽപര്യമുണ്ട്.

5. അപകടം — എത്ര അടുത്തു് ഉണ്ടാവുന്നോ, എത്ര വലുതാണോ അത്രകണ്ട് അപകടങ്ങൾക്ക് വാർത്താ മൂല്യം കൂടുന്നു. അറിയുന്നവർ ഉൾപ്പെട്ടാൽ, ആളുകൾ കൂടുതൽ ഉണ്ടായാൽ, അപ്പോഴും

വാർത്ത വലുതാവുന്നു. സ്കൂൾ വീണ് കുട്ടികൾ മരിച്ചാൽ, ബസ് മറിഞ്ഞ് ആളുകൾ മരിച്ചാൽ, സ്വന്തക്കാർ ആരെങ്കിലും പെട്ടിട്ടുണ്ടോ പരിചയക്കാർ ഉണ്ടോ എന്നറിയാനായി തിടുക്കം. അല്ലെങ്കിൽ, സ്കൂൾ വീണപ്പോൾ എന്റെ കുട്ടിയെങ്ങാനും അതിൽ ഉണ്ടായിരുന്നെങ്കിൽ, മറിഞ്ഞ ബസ്സിൽ ഞാനും പെട്ടിരുന്നെങ്കിൽ, ആ, അവൻ പെട്ടതു നന്നായി എന്നിങ്ങനെ പോവുന്ന അപകടത്തിന്റെ കെടുതിയും ചിലപ്പോൾ രസവും ഭാവനയിൽ അനുഭവിച്ചശേഷമുള്ള വികാരം. പിന്നെ, മറ്റുള്ളവർക്കുണ്ടാവുന്ന വിപത്തിൽ ദുഃഖിക്കുന്നതും അവരുടെ കുടുംബക്കാരോട് സഹതാപം തോന്നുന്നതും മനുഷ്യസ്വഭാവമാണ്. ഇങ്ങനെ പല കാരണംകൊണ്ടും അപകടവാർത്തകൾ പ്രാധാന്യമുള്ളതായിത്തീരുന്നു.

6. കുറ്റകൃത്യം — മോഷണം, കൈയേറ്റം, കൊലപാതകം, ബലാൽസംഗം തുടങ്ങിയ കുറ്റകൃത്യങ്ങളും അറസ്റ്റ്, ശിക്ഷ തുടങ്ങിയ തുടർ നടപടികളും സ്ഥിരം വാർത്താമൂല്യമുള്ള സംഗതികളാണ്. നടക്കാൻ പാടില്ലാത്തതു് നടക്കുന്നതറിയാൻ ആളുകൾക്ക് താൽപര്യമുണ്ട്. ഈ കുറ്റങ്ങൾക്ക് ഇരയാവുന്നവരോട് സ്വാഭാവികമായും അനുഭാവം തോന്നുന്നു. കുറ്റം ചെയ്യുന്നവരോട് അമർഷം തോന്നുന്നു. ഇങ്ങനെ മനുഷ്യന്റെ വികാരങ്ങളെ ഇളക്കുന്നതുകൊണ്ട് കുറ്റകൃത്യങ്ങൾ തലക്കെട്ടുകളാവുന്നു.

7. രാഷ്ട്രീയം — രാഷ്ട്രീയത്തിൽ അടിമുടി മുങ്ങിയാണ് നമ്മുടെ നിൽപ്പ്. അതുകൊണ്ട്, അതിനെപ്പറ്റിയുള്ള എന്തും വാർത്തയാണ്. പ്രചരണ യോഗങ്ങൾ, നേതാക്കന്മാരുടെ വരവ്, യോഗം കലക്കൽ, കരിംകൊടി, ശക്തിപ്രകടനം, പാർട്ടികളുടേയോ നേതാക്കന്മാരുടേയോ പ്രസ്താവനകൾ, കക്ഷികൾ തമ്മിലുള്ള വാഗ്വാദം, തെരഞ്ഞെടുപ്പ്, അധികാരവടംവലി, കാലുമാറ്റം, ഭരണക്കുഴപ്പം, എന്നിങ്ങനെ രാഷ്ട്രീയം ഇന്ന് ഏതൊക്കെ വഴിക്കാണ് നീളുന്നതും, പാളുന്നതും. അതിന്റെയൊക്കെ കഥ കേൾക്കാൻ ആളുകൾ ചെവി കൂർപ്പിച്ചിരിക്കുന്നു.

8. വികസന പ്രവർത്തനം — കരളലിയിക്കുന്നില്ല, ചോര തിളപ്പിക്കുന്നുമില്ല; എന്നാലും നമ്മുടെ ജീവിതത്തെ മെല്ലെ മെല്ലെ എന്നാൽ കാര്യമായി, ബാധിക്കുന്നതുകൊണ്ട് വികസന പ്രവർത്ത

നവും സ്ഥിരം വാർത്തയാണ്. പുതിയ വിത്തും വളവും എത്തിയതും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതും കൃഷിക്കു മരുന്നു തളിക്കുന്നതും ബണ്ട് കെട്ടുന്നതും എല്ലാ പദ്ധതി നടപ്പാക്കുന്നതുമൊക്കെ ആ നിലയ്ക്ക് ആളുകൾക്ക് താൽപ്പര്യമുള്ളതാവുന്നു; അല്ലെങ്കിൽ, താൽപര്യമുണ്ടാവേണ്ടതാകുന്നു. ഒപ്പം, ടെണ്ടർ വിളിക്കാത്തത്, സിമൻറിൽ മായം ചേർക്കുന്നത് എന്നിവയും.

ഇങ്ങനെ ഇനിയും സ്ഥിരം വിഷയങ്ങൾ കണ്ടെത്താം. മൊത്തത്തിൽ ആളുകളിൽ താൽപര്യവും പ്രതികരണവും ഉണ്ടാക്കുന്ന കാര്യങ്ങളാണ് വാർത്തയാവുന്നത്. അവ ഏതൊക്കെ—അത് പത്രക്കാരന്ന് ക്ഷണം മനസ്സിലാവണം. അപ്പോഴാണ് വാർത്ത മണത്തറിയാനുള്ള മൂക്കുണ്ടെന്ന് പറയുന്നത്.

''സംഗതി അറിഞ്ഞോ!''

''ഇല്ല, എന്താണ്?''

— നിങ്ങൾ പറയുന്നു.

''ഓ, ഇതാണോ, ഇതിലെന്താണിത്രവലിയ കാര്യം!''

— അപ്പോൾ നിങ്ങൾ പറയുന്നതിൽ വിശേഷവിധിയായി ഒന്നുമില്ല. അതുകൊണ്ട് അത് വാർത്തയുമല്ല. അല്ലെങ്കിൽ,

''ഇതാണോ! പുതിയതു വല്ലതുമുണ്ടെങ്കിൽ പറയിൻ''

— അപ്പോൾ, നിങ്ങൾ പറഞ്ഞത് പഴംകഥയാണ്, പഴകിപ്പോയാൽ വാർത്തയല്ല. നടന്ന ഉടനെ പറയണം, അല്ലെങ്കിൽ, മററുള്ളവർ അറിയും മുൻപ് പറയാൻ പററണം. പതിവില്ലാത്തത് എന്ന അർത്ഥത്തിൽ പുതുമയുടെ കാര്യം ആദ്യം പറഞ്ഞു. പഴകാത്തത് എന്ന അർത്ഥത്തിലും വാർത്തയ്ക്ക് പുതുമവേണം.

സംഗതി അറിഞ്ഞോ എന്നു് നിങ്ങൾ ചോദിക്കുമ്പോൾ ആളുകൾ ഓടിക്കൂടുന്നു. — ''എന്തെങ്കിലും വിശേഷം കാണും'', എന്ന വിശ്വാസമാണ്. അത് ഉണ്ടാക്കാൻ കഴിഞ്ഞോ, നിലനിർത്താൻ പററുമോ — ജയിച്ചു.

## മൂന്ന് :

# അവിടെ കുഴിച്ചാൽ നിധിയും കിട്ടും

പറമ്പു മുഴുവൻ നടന്നു കിളച്ച് കണ്ടാക്കിയതുകൊണ്ട് കിണറുണ്ടാവില്ലല്ലോ. ഉറവുള്ള സ്ഥലത്ത് കുഴിച്ചാലേ വെള്ളം കിട്ടൂ.

വാർത്തയുടെ ചില സ്ഥിരം ഉറവിടങ്ങളുണ്ട്. അവ ഏതൊക്കെ? അറിഞ്ഞു കുഴിച്ചാൽ വിശേഷങ്ങൾ കിട്ടിക്കൊണ്ടിരിക്കും. വെറുതെ, അറിയാതെ കുഴിച്ചു നടന്നാൽ, അല്ലെങ്കിൽ എവിടെയും കുഴിക്കാതിരുന്നാൽ ദാഹിച്ചു വലയും.

എല്ലാം നേരിട്ടു കണ്ടറിയാൻ പററില്ല. മിക്കതും കേട്ടും തിരക്കിയും അറിയുകയാണ്. പലപ്പോഴും അങ്ങോട്ട് ചെന്ന് അന്വേഷിക്കുന്നതിനു പകരം, ഇങ്ങോട്ട് വന്ന് പറഞ്ഞു കിട്ടുകയും ചെയ്യും. ആളുകളുമായി നല്ല ബന്ധത്തിലായാൽ, അവർ ലേഖകനെ തേടിപ്പിടിച്ചു കാര്യമറിയിക്കും. അപ്പോൾ, ഒന്നാമത്തെ ഉറവിടം ഈ നല്ല ബന്ധം തന്നെ. നാട്ടിൻപുറത്ത് ആളുകൾ ഒത്തുകൂടി വർത്തമാനം പറയുന്ന സ്ഥലങ്ങളുണ്ട്. അമ്പലപ്പറമ്പ്, ചായക്കട, പലചരക്കുപീടിക, ബാർബർഷാപ്പ്, വായനശാല, സിനിമാക്കൊട്ടക തുടങ്ങിയവ. അവിടെ പതിവായി ചെല്ലൂ. ഓരോരുത്തരും അറിയുന്ന വിശേഷം പറയും — ചെവി വട്ടം പിടിക്കുക, പലതിന്റെയും ആദ്യ വിവരമോ സൂചനയോ കിട്ടും. ആ മണം പിടിച്ചുപോയാൽ വലിയ വാർത്തയും കിട്ടും.

ഉത്സവത്തിനു കൊണ്ടുവരുന്ന ആന വഴിക്കുവെച്ച് ഇടഞ്ഞതായി കേൾക്കുന്നു. ഉടനെ പോയി അന്വേഷിക്കാം. ആന പലരെയും കൊന്നിരിക്കും. അല്ലെങ്കിൽ വയലിലോ തൊടിയിലോ കേറി വലിയ നാശം വരുത്തിയിരിക്കും. കേട്ടതിന്റെ പിന്നാലെ ചെന്നപ്പോൾ നല്ലൊരു വാർത്ത കിട്ടുന്നു. വീട്ടിൽ മുനിഞ്ഞിരിക്കുന്ന ലേഖകൻ എതിർപത്രത്തിൽ വായിച്ചേ സംഭവമറിയൂ.

നാട്ടിൻപുറത്ത് സ്ഥിരമായി വാർത്ത കിട്ടുന്ന സ്ഥലങ്ങളുണ്ട്. പോലീസ് സ്റ്റേഷൻ, പഞ്ചായത്ത് ഓഫീസ്, ബ്ലോക്ക് ഓഫീസ്,

വില്ലേജ് ഓഫീസ്, രാഷ്ട്രീയ കക്ഷികളുടെ ഓഫീസ്, വിദ്യാലയം, ആസ്പത്രി, മാർക്കററ്, ക്ലബ്ബ്, പാർക്ക്, കോടതി, വക്കീലോഫീസ് തുടങ്ങിയവ. ഇതൊക്കെ പതിവായി ചെന്ന് മുട്ടേണ്ട കേന്ദ്രങ്ങളാണ്. എന്നും വാർത്ത ഉണ്ടായി എന്നുവരില്ല. എന്നാലും പതിവായി ബന്ധപ്പെട്ടുകൊണ്ടിരിക്കണം. എന്നാൽ, വാർത്തയുണ്ടാവുമ്പോൾ എളുപ്പത്തിൽ കിട്ടും. വല്ലപ്പോഴും ചെന്നില്ലെങ്കിലും, വല്ലതും ഉണ്ടായാൽ, ലേഖകനെ തേടി വിവരങ്ങൾ വന്നുകൊള്ളും.

അതുപോലെ സ്ഥലത്തെ പ്രമുഖവ്യക്തികളുമായും അടുപ്പം വേണം. പൊതുതാല്പര്യമുള്ള പലതും അവരിൽ നിന്നു കിട്ടും.

എന്നുവച്ച് കടപ്പാടുണ്ടാക്കുന്ന അടുപ്പം അരുത് താനും. അവർക്ക് രുചിക്കാത്തതും പൊതുതാൽപര്യംവച്ച് എഴുതേണ്ടിവരും. വളരെ അടുപ്പമാണെങ്കിൽ എങ്ങനെ എഴുതും! ... ആകെ വിഷമത്തിലാവും.

ഇന്ന വാർത്ത പത്രത്തിൽവരും, നന്നായി വരും എന്നൊന്നും ആരോടും ഏൽക്കരുത്. കൊടുക്കാൻ വയ്യാത്തവാർത്ത പത്രത്തിൽ വരില്ല. ലേഖകൻ കുടുങ്ങും.

അതേ സമയം, പതിവായി വാർത്ത തരുന്നവർക്ക് പ്രത്യേകം താൽപര്യമുള്ള കാര്യങ്ങൾ മററുതരത്തിൽ വിഷമമില്ലെങ്കിൽ കൊടുക്കണമെന്നും നന്നായി കൊടുക്കണമെന്നുമുള്ള കുറിപ്പോടെ പത്രത്തിലേക്ക് അയക്കാം. വിഷമമില്ലാത്തതാണെങ്കിൽ അവ കൊടുത്ത് പത്രം ലേഖകനെ സഹായിക്കുകയും ചെയ്യും.

വലിയവരിൽ നിന്നേ വാത്ത കിട്ടൂ എന്നു ധരിക്കരുത്. പലപ്പോഴും നല്ല വാർത്ത തരിക സ്റ്റേഷൻ റൈററോ കോൺസ്റ്റബിളോ ആവും. സബ് ഇൻസ്പെക്ടറോടേ സംസാരിക്കൂ എന്നുവച്ചാൽ പോയതുതന്നെ. അതുകൊണ്ട്, എവിടേയും എല്ലാവരുമായുള്ള ബന്ധവും പത്രക്കാരന് വലുതാണ്.

മററു പത്രങ്ങളും ലേഖകന് വാർത്തയുടെ ഉറവിടങ്ങളാണ്. നിങ്ങൾ അറിയാത്ത ഒരു വാർത്ത മററു പത്രത്തിൽ വന്നിരിക്കും. ക്ഷീണം തന്നെ. എന്നാലും കൂടുതൽ വിവരങ്ങൾ ചേർത്ത് പുതിയ സംഭവ വികാസങ്ങൾ ചേർത്ത് പുത്തൻ റിപ്പോർട്ടാക്കി ആദ്യത്തെ കോട്ടം തീർക്കാം.

നിങ്ങളറിയാത്ത, താഴെ കൊടുത്ത വാത്ത മറെറാരു പത്രത്തിൽ വന്നെന്നിരിക്കട്ടെ:

## ബസ് മറിഞ്ഞ് പതിനഞ്ചുപേർക്ക് പരിക്ക്

കരിയച്ചിറ, ജൂലായ് 25 : കരിയച്ചിറയിൽ ഡ്രെയിനേജ്

കനാലിൽ ഒരു ബസ് മറിഞ്ഞതിന്റെ ഫലമായി പതിനഞ്ചു പേർക്ക് പരിക്കേററു. മറെറാരു ബസ്സിനെ ഓവർടേക്ക് ചെയ്യാൻ നടത്തിയ ശ്രമത്തിനിടയിലാണ് ബസ് മറിഞ്ഞത്. പരിക്കേററവരിൽ പത്തുപേരെ ജില്ലാ ആസ്പത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്.

ഈ റിപ്പോർട്ട് കണ്ട് വിഷമിച്ച് മിണ്ടാതിരുന്നിട്ട കാര്യമില്ല. മറിഞ്ഞത് ഏതു ബസ്സാണ്? ഏതു പതിനഞ്ചുപേർക്കാണ് പരിക്ക്? ജില്ലാ ആസ്പത്രിയിലല്ലാത്ത അഞ്ചുപേർ എവിടെ? പരിക്ക് കലശലാണോ? വല്ലവരും ആസ്പത്രിയിൽ വച്ച് മരിച്ചുവോ? – ആ വിവരങ്ങളെല്ലാം ചേർത്ത് നല്ലൊരു റിപ്പോർട്ട് അയച്ച് കോട്ടം തീർക്കാം. നിങ്ങൾ കൊടുത്ത ഒരു റിപ്പോർട്ടിനെത്തന്നെ പിറെറദിവസം ഈ വിധം പിൻതുടരാം.

വാർത്തയുടെ മറെറാരു നല്ല ഉറവിടം പത്രങ്ങളിലെ പരസ്യങ്ങളാണ്. പൊതുമരാമത്തുവക പരസ്യങ്ങൾ വിശേഷിച്ചും. അവരുടെ ടെണ്ടർ പരസ്യങ്ങൾ ശ്രദ്ധിച്ചാൽ, പലപ്പോഴും ലേഖകന്റെ നാട്ടിലെ ഏതെങ്കിലും വികസന പ്രവർത്തനത്തിന്റെ വിവരം കിട്ടും. റോഡ് നന്നാക്കാൻ, പുതിയ റോഡ് ഉണ്ടാക്കാൻ, പാലം കെട്ടാൻ, ആസ്പത്രി പണിയാൻ - അങ്ങനെ പലതിനും ടെണ്ടർ പരസ്യം വരാറുണ്ട്. പരസ്യത്തിൽ കണ്ട വിവരം വച്ച് ബന്ധപ്പെട്ടവരോട് അന്വേഷിച്ചാൽ പലപ്പോഴും നല്ല വാർത്തയുണ്ടാക്കാം. ഏതെങ്കിലും റോഡ് നന്നാക്കണമെന്ന് നാട്ടുകാർ ഏറെക്കാലമായി ആവശ്യപ്പെടുന്നുണ്ടാവും. അത് അനുവദിച്ച കാര്യം ടെണ്ടർ പരസ്യത്തിൽ നിന്നാണ് ചിലപ്പോൾ അറിയുക. ഉടൻതന്നെ, ഇന്ന റോഡ് നന്നാക്കാൻ ഇത്ര രൂപ അനുവദിച്ചിരിക്കുന്നുവെന്നും ഈ റോഡ് കുറേക്കാലമായി മോശമായി കിടക്കുകയായിരുന്നുവെന്നും നാട്ടുകാർ നിവേദനം കൊടുക്കുകയും പ്രക്ഷോഭം കൂട്ടുകയും ചെയ്തിരുന്നുവെന്നും മററുമുള്ള വിവരങ്ങൾ ചേർത്ത് നല്ലൊരു റിപ്പോർട്ടുണ്ടാക്കാം.

ആദ്യം സൂചിപ്പിച്ചപോലെ ഈ വാർത്തതന്നെ മറെറാരു വാർത്തയ്ക്ക് വഴിയൊരുക്കും. മൂന്നുമാസം കൊണ്ട് റോഡ് നന്നാക്കിക്കഴിയണമെന്നാവും പരസ്യത്തിൽ പറഞ്ഞിരിക്കുക. മൂന്നു മാസം കാത്ത്, റോഡുപണി തുടങ്ങിയിട്ടില്ലെങ്കിൽ, അല്ലെങ്കിൽ വേണ്ടപോലെ പണി നടക്കുന്നില്ലെങ്കിൽ കാരണങ്ങൾ അന്വേഷിച്ച മറെറാരു റിപ്പോർട്ടുണ്ടാക്കാം. ഇങ്ങനെ പലഘട്ടമായി വാർത്തയുണ്ടാക്കാം. പിൻതുടർന്നുകൊണ്ടിരിക്കണമെന്നുമാത്രം.

വെള്ളം കാണാൻ കുഴിച്ച് നിധികിട്ടിയെന്നും വരാം. വിചാരിക്കാതെ വലിയ വാർത്തയിൽ ചെന്നു മുട്ടുന്നതു ഭാഗ്യം തന്നെ. അന്വേഷിച്ചു നടക്കുമ്പോഴേ ഭാഗ്യം കാലിൽ തടയൂ. ഭാഗ്യം വീട്ടിലേക്കു കയറിവന്ന് കാൽക്കൽ വീഴില്ല.

നാല് :

# അററ കണ്ണികൾ

പണ്ടൊരു രാജാവുണ്ടായിരുന്നു. അദ്ദേഹം കുറേക്കാലം സുഖമായി വാണു. പിന്നെ സേനാനായകൻ വെട്ടിക്കൊന്നു — കഴിഞ്ഞു.

— ഇതെന്തു കഥ? ഏതു രാജ്യത്ത്? ഏതു രാജാവ്? എങ്ങനെ സുഖമായി വാണു? ഭാര്യയും കുട്ടികളും ഉണ്ടായിരുന്നോ? എന്തിനാണ് സേനാനായകൻ വെട്ടിക്കൊന്നത്?

അങ്ങനെ ഒരുപാട് ചോദ്യങ്ങൾ. അതിനൊക്കെ ഉത്തരമായാലേ കഥയാവൂ.

ഇങ്ങനെ അററകണ്ണികൾ വർത്തമാനകഥയിലും വരും. കഥ കേൾക്കുന്നവർക്ക് പറയുന്നവനോട് ചോദിക്കാം. പത്രം വായിക്കുന്നവർ ആരോടു ചോദിക്കും!

''ഇവിടെ ഒരു ബാലൻ ബസ്മുട്ടി മരിച്ചു''. — രാജാവിന്റെ കഥപോലെതന്നെ. ഇടയ്ക്കു പലതും വിട്ട് പറഞ്ഞ കഥ. കേട്ടിട്ടൊന്നും പിടികിട്ടാത്ത കഥ.

ആര്, എന്ത്, എപ്പോൾ, എവിടെ, എങ്ങനെ, എന്തുകൊണ്ട് — അങ്ങനെ ഒരു ചോദ്യവും വന്നുകൂടാ. ഉത്തരമൊക്കെ അപ്പപ്പോൾ പറഞ്ഞുവച്ചാൽ കഥപോലെ വായിക്കാം. വാർത്ത വ്യക്തമായി.

പ്രാദേശിക ലേഖകൻ സാധാരണ വാർത്തയാക്കുന്ന കാര്യങ്ങൾ എടുത്ത് അററകണ്ണികൾ എവിടെയൊക്കെ എന്നു നോക്കാം.

### അപകടം

''ഇവിടെ ബസ്മുട്ടി ബാലൻ മരിച്ചു'' കാര്യം വാർത്തയാവാൻ റിപ്പോർട്ട് താഴെ കൊടുത്ത മട്ടെങ്കിലും ആവണം.

''കല്ലുംകര എൽ. പി. സ്കൂൾ വിദ്യാർത്ഥി കെ. ബാലചന്ദ്രൻ (8) ബുധനാഴ്ച ഉച്ചക്ക് ബസ്സിനടിയിൽപെട്ടു മരിച്ചു.

വില്ലേജ് അസിസ്റ്റൻറ് 'മേൽ പറമ്പിൽ കൃഷ്ണൻനായരുടെ മകനാണ് ബാലചന്ദ്രൻ.

ഉച്ചക്ക് ഊണുകഴിക്കാൻ റോഡ്മുറിച്ച് ഓടിയപ്പോഴാണ് എസ്. എം. എസ്. ബസ് വന്നിടിച്ചത്.

സ്കൂളിന് നാളെ അവധി കൊടുത്തിട്ടുണ്ട്.''

ലേഖകൻ മുഴുവൻ വിവരവും അന്വേഷിച്ചറിഞ്ഞാണ് വാർത്ത അയക്കുന്നതെങ്കിൽ ചിലപ്പോൾ ആ റിപ്പോർട്ട് ഇങ്ങനെയാവും:

''പിറന്നാളുണ്ണാൻ ഓടിവന്ന കൊച്ചുമോൻ അമ്മയുടെ കൺമുമ്പിൽ ബസ്സിനടിയിൽ പെട്ട് അരഞ്ഞു.

ഇന്ന് ബാലചന്ദ്രൻെറ എട്ടാം പിറന്നാളായിരുന്നു.

എന്നാലും നിർബന്ധം പിടിച്ച് സ്കൂളിൽ പോയി. ഉച്ചക്ക് ബെല്ലടിച്ചു. പുറത്തു കടക്കുമ്പോഴുണ്ട് അമ്മ വരുന്നു. മുച്ചിക്കൽ ദാക്ഷായണിയമ്മ മകനെ കൂട്ടാൻ വന്നതാണ്. കുട്ടി റോഡുമുറിച്ച് ഒററ ഓട്ടം. ആ സമയത്തായിരുന്നു. എസ്. എം. എസ്. ബസ്സിൻെറ വരവ്. കുട്ടി അടിയിൽ പെട്ടതും അരഞ്ഞതും ഒരുനിമിഷംകൊണ്ടു കഴിഞ്ഞു. അന്തംവിട്ടുനിന്ന അമ്മ ഒററ നിലവിളി. പിന്നെ ബോധംകെട്ടുവീണു.

വിവരമറിഞ്ഞ് കുട്ടിയുടെ അച്ഛൻ വില്ലേജ് അസിസ്റ്റൻറ് മേൽപറമ്പിൽ കൃഷ്ണൻ നായരും പാഞ്ഞെത്തി. രംഗംകണ്ടു് അവശനായ അയാളെ താങ്ങിയെടുത്താണ് കൊണ്ടുപോയത്.

ആ വീട്ടുകാർക്ക് മാത്രമല്ല, കല്ലംകര എൽ. പി. സ്കൂളിനും എന്തൊരു ചീത്തദിവസം! ആരും ഉണ്ടില്ല. അധ്യാപകരും വിദ്യാർത്ഥികളും ആ കുട്ടിയുടെ മൂടിയിട്ട ശവവും നോക്കി ദുഃഖം കടിച്ചു നിന്നു — കൂട്ടത്തിൽ നാട്ടുകാരും.

പോലീസ് വന്ന് ശവം പോസ്റ്റ്മോർട്ടത്തിനു കൊണ്ടുപോയ ശേഷമാണ് എല്ലാവരും പിരിഞ്ഞുപോയത്.

സ്കൂളിനു നാളെ അവധിയാണ്.''

''ഇവിടെ ഒരു ബാലൻ ബസ്സുമുട്ടി മരിച്ചു'' ഒന്നുമല്ലാതിരുന്ന കാര്യം അന്വേഷിച്ചു വിവരങ്ങളായപ്പോൾ എന്തൊരു വാർത്തയായി! ലേഖകൻ മരണത്തിന്റെ പിന്നിലേക്കും കടന്നുനോക്കി. ദുരന്തം നേരിട്ടു കാണാത്തവരും വായിച്ചു കരഞ്ഞുപോകും.

ഇങ്ങനെ ഓരോ ദുർമരണത്തിനും അന്വേഷിച്ചു നോക്കിയാൽ എന്തൊക്കെ കഥയുണ്ടാവും!

ഇതാ മറ്റൊരപകട റിപ്പോർട്ട്:

''ഇന്നലെ രാത്രിയുണ്ടായ ശക്തിയായ കാറ്റിൽ സ്ഥലത്തെ യു. പി. സ്കൂൾ കെട്ടിടം വീണു.

ഇതുകാരണം മരസ്സാമാനങ്ങളെല്ലാം തകർന്നിട്ടുണ്ട്. ഇനി പുതിയ കെട്ടിടം ഉണ്ടാക്കിയേ ക്ലാസ്സ് നടത്താൻ പറ്റൂ.''

— അറ്റ കണ്ണികൾ ഒരുപാട്!

സ്കൂളിന്റെ പേരെന്ത്? എത്ര അധ്യാപകരും വിദ്യാർത്ഥികളും ഉള്ള സ്കൂളാണ്? (അതറിഞ്ഞാലേ പകലാണെങ്കിൽ അപകടം എത്ര ഭയങ്കരമായേനെ എന്ന് ഊഹിക്കാൻ പറ്റൂ). സ്കൂൾ കെട്ടിടം പഴയതായിരുന്നോ? അത് പുതുക്കിപ്പണിയണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടിരുന്നുവോ? സ്വകാര്യ സ്കൂളോ ഗവണ്മെന്റ് സ്കൂളോ? ആ നാട്ടിലെ ഏകവിദ്യാലയമാണോ? എത്ര നാശംപറ്റി? എഞ്ചിനീയർ ഫിറ്റ്നസ്സർട്ടിഫിക്കറ്റ് കൊടുത്തിരുന്നുവോ? ഇനി എന്ന് സ്കൂൾ തുറക്കും?

അതൊക്കെ പറഞ്ഞാലേ റിപ്പോർട്ടിൽ കഥയുള്ളൂ.

ഇനി മറ്റൊന്ന് :

''കോട്ടക്കൽ നിന്ന് കോഴിക്കോട്ടേക്കുപോകുന്ന ഒരു ബസ് വെന്നിയൂരിൽ വച്ചു മറിഞ്ഞതിനാൽ പതിനഞ്ചുപേർക്ക് പരിക്കേറ്റു.

ഇവരിൽ അഞ്ചുപേരുടെ പരിക്ക് ഗുരുതരമാണ്. അവരെ മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്കു കൊണ്ടുപോയിട്ടുണ്ട്.''

ഏതു ബസ്? മറിയാൻ കാരണം? ബസിൽ എത്രപേരുണ്ടായിരുന്നു? ആർക്കൊക്കെയാണ് പരിക്ക്? ''ഗുരുതര''മല്ലാത്ത പരിക്ക് ഏററ പത്തുപേരെ എന്തു ചെയ്തു? എവിടെയാണ് വെന്നിയൂര്?

— അത്രയും വിവരങ്ങൾ അത്യാവശ്യം. പിന്നെ, ബാലൻെറ മരണം പോലെതന്നെ ബസ്സപകടത്തിൻെറയും പിന്നിലേക്ക നോക്കിയാൽ ചിലപ്പോൾ വലിയ കഥകൾ കണ്ടെത്തും. പരുക്കേററവരിൽ ഒരു കല്യാണപാർട്ടിയിലെ ആൾക്കാരും പെട്ടമെങ്കിൽ, ആസ്പത്രിയിലായവരിൽ വരനോ വധുവോ ഉണ്ടെങ്കിൽ വാർത്തയുടെ മട്ടെന്താവും! എല്ലാ ബസ്സപകടത്തിലും കല്യാണപാർട്ടി ഉണ്ടാവുമെന്നല്ല. പക്ഷെ ഉണ്ടെങ്കിൽ, എന്നിട്ടും ലേഖകൻ അതു കാണാതെ പോവുകയാണെങ്കിൽ എന്തൊരു നല്ല കഥയാണ് അറിയാതെ പോവുന്നതു്: മുൻപ് രണ്ട് ബസ്സപകടത്തിൽ നിന്ന് രക്ഷപ്പെട്ട ഒരാൾ ഈ അപകടത്തിലും പെട്ടിരിക്കാം. ഇതു് ഈ ബസ്സിൻെറ എത്രാമത്തെ അപകടമാണ്? ശരിക്കുള്ള ഡ്രൈവർ തന്നെയാണോ ബസ് ഓടിച്ചിരുന്നതു്? അതോ ''കിളി''യോ? അങ്ങനെ പലതും അന്വേഷിക്കാം.

## വിവാഹം

വിവാഹവാർത്ത — സംഗതി തുച്ഛമാണ്. പക്ഷെ സൂക്ഷിച്ചെഴുതിയില്ലെങ്കിൽ മേൽ പൊള്ളും.

വരൻെറയും വധുവിൻെറയും പേരു വേണം; അവർ ആരെന്നും കാണിക്കണം. അതൊക്കെത്തെററാതെ വേണം താനും.

ശങ്കരൻ നായരുടെ മകൻ ചന്ദ്രനും ഗോപാലൻ നായരുടെ മകളും തമ്മിൽ വിവാഹിതരായി എന്നെഴുതിയാൽ മതിയോ? ഇവിടെ വധുവിൻെറ പേർ ഇല്ല. ശങ്കരൻ നായരും ഗോപാലൻ നായരും ആരെന്നും വ്യക്തമല്ല. ഗോപാലൻ നായരെങ്കിലും തെററും— മകളുടെ പേർ കൊടുത്തില്ലല്ലോ.

പത്രത്തിൽ വന്ന ചില റിപ്പോർട്ടുകൾ :

''പാറക്കടവ് : ഫറൂക്ക് കോളേജ് വിദ്യാർത്ഥി എം. ഉസ്മാനും തിരിക്കോട് കഞ്ഞിതറുവയ് ഹാജിയുടെ മകൾ സൈനബയും തമ്മിൽ കൊയ്ലോത്തു് വീട്ടിൽ വിവാഹിതരായി.''

— ഉസ്താന് രക്ഷിതാവില്ലേ? ഏതാണ് കൊയ്‌ലോത്തു്‌വീട്? വധൂഗൃഹമാണോ?

‘‘കഞ്ഞിമംഗലം : അബ്ദുല്ലഹാജിയുടെ പുത്രൻ ടി. പി. മുഹമ്മദലിയും എൻ. ഹംസ ഹാജിയുടെ പുത്രി എസ്. പി. ഫാത്തിബിയും വിവാഹിതരായി’’

— ഏതു് അബ്ദുല്ല ഹാജി? വരന്റെ മാത്രമല്ല, വധുവിന്റെയും ഇനീഷ്യൽ കൊടുത്തിട്ടുണ്ട്. ഇനീഷ്യൽ വേണ്ടിയിരുന്നതു് അബ്ദുല്ലഹാജിക്കാണ്. എങ്കിലേ അദ്ദേഹത്തെ എളുപ്പം പിടികിട്ടൂ. അദ്ദേഹത്തെ മനസ്സിലായാൽ ഇനീഷ്യലില്ലെങ്കിലും മകനെയും മനസ്സിലായിക്കൊള്ളും.

‘‘തലശ്ശേരി: പിലാക്കൂൽ കാഞ്ഞിരം കന്നത്തു് പി. കെ. അബ്ദുല്ലയുടെ മകൻ സി. കെ. മൊയ്തുവും (ദുബായ്) എം. പി. താഹിറയും (മുഴപ്പിലങ്ങാട്) വിവാഹിതരായി’’.

— ഇവിടെ വധു അനാഥയാണ്. വെറും പേരു പറഞ്ഞാൽ തന്നെ മുഴപ്പിലങ്ങാട്ടുകാരും ചുററുവട്ടത്തുള്ളവരും അറിയുംവിധം വധു പ്രസിദ്ധയാണെന്നാണോ സ്ഥലപ്പേരു് ബ്രാക്കററിലിട്ട കാണിച്ചതിന്റെ അർത്ഥം!

വേണ്ട കാര്യം മുഴുവൻ പറയില്ല എന്നതാണ് ചില വിവാഹ റിപ്പോർട്ടിനുള്ള കുഴപ്പമെങ്കിൽ, വേണ്ടതിലധികം പറയുന്നു എന്നതാണ് മററു ചിലതിന്റെ കുഴപ്പം. വധുവോ വരനോ ആരുടെ സന്താനമാണെന്നുമാത്രമല്ല, ആരുടെ പേരക്കുട്ടി, അനന്തരവൻ അല്ലെങ്കിൽ അനന്തരവൾ, സഹോദരൻ അല്ലെങ്കിൽ സഹോദരി എന്നൊക്കെ പറയേണ്ട കാര്യമില്ല. പ്രസിദ്ധരായ വല്ലവരുമായി ഈ തരത്തിൽ ബന്ധം ഉണ്ടെങ്കിൽ പറയാം. വിവാഹത്തിൽ ധാരാളം പേർ പങ്കെടുത്തു. വിവാഹശേഷം സൽക്കാരം നടന്നു തുടങ്ങിയ കാര്യങ്ങളും ആവശ്യമില്ല. മന്ത്രിമാരോ മററോ വന്നിട്ടുണ്ടെങ്കിൽ ആ കാര്യം പറയാം.

വിവാഹ റിപ്പോർട്ടിൽ മുഹൂർത്തം കാണിക്കേണ്ട; അതു് ക്ഷണക്കത്തിലേ വേണ്ടൂ. വിവാഹം നടന്ന സ്ഥലവും വേണമെന്നില്ല. ‘‘സമംഗളം’’ വേണ്ട. വിവാഹം അങ്ങനെയേ നടക്കൂ. അതു് അങ്ങനെയല്ലാതാകുമ്പോൾ വിവാഹ വാർത്തയിൽ കവിഞ്ഞതാവുമല്ലോ. വരന്റെ മുൻ കാമുകി രംഗത്തുവന്നു് ചടങ്ങ് അലങ്കോലപ്പെടുത്തിയാൽ, എന്നിട്ടും വിവാഹം നടന്നാൽ, അല്ലെങ്കിൽ നടക്കാതിരുന്നാൽ കട്ടമാറി. ലേഖകൻ ആരെങ്കിലും പറഞ്ഞുകേട്ട് എഴുതിയാൽ

ചിലപ്പോൾ നടക്കാത്ത വിവാഹം നടന്നതായി വരും. അച്ഛൻ വിവാഹം കഴിച്ചതറിഞ്ഞില്ലെന്നു കണ്ട് താനും കാമുകിയും തമ്മിൽ വിവാഹം നടന്നതായി കാമുകൻ പരസ്യം കൊടുത്തു് പത്രത്തേയും കാമുകിയുടെ അച്ഛനേയും വെട്ടിലാക്കിയതും ഇവിടെ ഓർത്താൽ നന്ന്.

മറക്കേണ്ട. പേരുകളും ബന്ധങ്ങളും റിപ്പോർട്ടിൽ തെററിപ്പോയാൽ ആകാശം തന്നെ ഇടിഞ്ഞു വീണേക്കാം. സഹോദരൻ സഹോദരിയെ കല്യാണം കഴിക്കുന്നതും വധുവിൻേറയും വരൻേറയും പിതൃത്വം ചോദ്യം ചെയ്യുന്നതുമൊക്കെയായ റിപ്പോർട്ടുകൾ കണ്ടിട്ടുണ്ട്. അശ്രദ്ധകൊണ്ട് ഇത്തരം പററുപററിപ്പോയാൽ, ലേഖകന് കുറെ നാളേക്ക് പുറത്തിറങ്ങി നടക്കാൻ പററില്ല. ക്ഷണക്കത്തു് കിട്ടിയെന്നു വച്ച് വിവാഹ വാർത്ത എഴുതി അയയ്ക്കുവാലും അപകടം പററാം. ചില സമയമെങ്കിലും വിവാഹം മാററിവെച്ചെന്നുവരാം.

## മരണം

മരണം ഇപ്പോൾ പത്രത്തിൻെറ ഏറെക്കുറെ എല്ലാ പതിപ്പിലും പോകുന്ന വാർത്തയായിട്ടുണ്ട്. മററു സ്ഥലങ്ങളിലുള്ള ബന്ധുക്കൾക്കും മിത്രങ്ങൾക്കും നാട്ടുകാർക്കും കൂടി അറിയാനുള്ള സൗകര്യത്തിനാണ് ഇതു്. അപ്പോൾ ആരാണ് മരിച്ചതെന്നെങ്കിലും ചരമവാർത്ത വ്യക്തമായി പറയണം.

ഈ റിപ്പോർട്ട് നോക്കൂ:

''കറുപ്പനാട് : വർക്കി (75) നിര്യാതനായി. മൃതദേഹം കോതനല്ലൂർ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു''.

— ഏതു വർക്കി? എന്തു വർക്കി? ആർക്കും പിടികിട്ടുന്നില്ല. ആ നിലയ്ക്ക് അയാളെ എവിടെ അടക്കം ചെയ്താലെന്തു്? ഇങ്ങനെ ഒരു വാർത്തകൊടുത്തിട്ട് ആർക്ക് ഗുണം? പാവം വർക്കി — താൻ മരിച്ചപ്പോൾ അരയിഞ്ചു സ്ഥലം അനുവദിച്ച പത്രത്തിനു്, താൻ ആരെന്ന് നാലുപേരെ അറിയിക്കാൻ കനിവുണ്ടായില്ല!

മറെറാന്നു്.

''കൈതക്കളങ്ങര: മാത്യുവിൻെറ മാതാവ് വെറോനിക്ക (56) നിര്യാതയായി. മൃതദേഹം മാർ സ്ലീബാ പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു''.

— ഇവിടെ മകനെ ചൂണ്ടിയാണ് അമ്മയെ പരിചയപ്പെട

ത്തുന്നതു്. പക്ഷെ, മകൻ തന്നെ ആരാണു്? അതു് അറിയാതെ അമ്മയെ എങ്ങനെ അറിയാൻ! കൈതക്കുളങ്ങരക്കാർ നാട്ടിലെ മാത്യുമാർ ആരൊക്കെ എന്നു നോക്കി അവരിൽ ആര്ക്കാണു് വെറോനിക്ക എന്ന അമ്മച്ചി എന്നു കണ്ടുപിടിക്കണം. മാത്യുമാരെ അറിയുന്നവർക്കൊക്കെ അവരുടെ അമ്മച്ചിമാരുടെ പേർ അറിയണമെന്നില്ലല്ലോ.

ആരാണു് മരിച്ചതു്, (ഇനിഷ്യൽ, അല്ലെങ്കിൽ വീട്ടുപേർ), എന്താണു് ആളുടെ സ്ഥാനം — ഇത്രയെങ്കിലും ചരമവാർത്തയിൽ നിന്നു് അറിഞ്ഞേ പറ്റൂ. സ്ഥാനം പലതുകൊണ്ടുമാവാം. സ്വന്തം നിലയ്ക്കു് ഒന്നുമില്ലെങ്കിലും, വലിയ ആളുകളുടെ അച്ഛനോ അമ്മയോ സഹോദരനോ സഹോദരിയോ മകനോ മകളോ ആവുന്നതുതന്നെ ഒരു സ്ഥാനമാണു്; വലിയ കുടുംബത്തിലെ അംഗമെന്നതു് സ്ഥാനമാണു് — അങ്ങനെ എന്തെങ്കിലുമൊന്നു് എടുത്തു പറയാൻ വേണം.

ആരുമരിച്ചാലും പത്രത്തിൽ വരണമെന്നു് ലേഖകനു് ശാഠ്യം വേണ്ട. നാട്ടിൽ ചെറിയ മട്ടിലെങ്കിലും എന്തെങ്കിലും സ്ഥാനമുണ്ടായാലേ ഒരാളുടെ മരണം വാർത്തയാവൂ. പണക്കാരനു് മറ്റൊന്നുമില്ലെങ്കിലും പണമുണ്ടെന്നുള്ളതുതന്നെ സ്ഥാനമാണു്. ദരിദ്രനോ? നമുക്കൊക്കെ ദരിദ്രരോടു് അനുതാപമുണ്ടു്. എന്നാൽ സ്വന്തം നിലയ്ക്കോ ബന്ധം വഴിക്കോ ഒരു നിലയുമില്ലാത്ത ദരിദ്രന്റെ മരണം പട്ടിണിയോ അപകടമോവഴിയാവുമ്പോഴേ പത്രത്തിൽ വരേണ്ടൂ. പിച്ചക്കാരന്റെ സാധാരണമരണം സ്ഥലത്തു് അയാൾക്കു് ഉണ്ടായിക്കഴിഞ്ഞ പ്രത്യേകതകൾകൊണ്ടും വൈചിത്ര്യങ്ങൾകൊണ്ടും വാർത്തയായിക്കൂടെന്നുമില്ല.

‘‘പൗരമുഖ്യനും പൊതുകാര്യപ്രസക്തനും’’ എന്ന മാമൂൽപ്രയോഗത്തിന്നു് അർത്ഥവുമില്ല. മറ്റൊന്നും പറയാനില്ലാത്തവരുടെ മേലാണു് ഈ വിശേഷണം വച്ചുകെട്ടിക്കാണാറ്. ഇന്ന പ്രമുഖ കുടുംബത്തിലെ അംഗമെന്നോ പ്രമുഖ കൃഷിക്കാരനെന്നോ സാമൂഹ്യ സേവന സമിതി പ്രസിഡന്റെന്നോ പറയുമ്പോൾ വ്യക്തമാകും. പരക്കെ അറിയുന്ന വിളിപ്പേരുണ്ടെങ്കിൽ — ചീത്ത അർത്ഥത്തിലല്ലെങ്കിൽ — അതും ചേർക്കാം. പ്രാമാണികളായ മക്കളോ ജാമാതാക്കളോ സഹോദരൻമാരോ ഉണ്ടെങ്കിൽ അക്കാര്യം പറയാം. അച്ഛനോ അമ്മയോ ആണു് അത്തരക്കാരെങ്കിൽ ആ ബന്ധം പറയാം. മരിച്ച ആളുടെ

വയസ്സുവേണം. കഴിയുമെങ്കിൽ, രോഗം എന്തായിരുന്നുവെന്നും പറയാം. ഇതൊക്കെ ശരിയായി പറയുകയും വേണം. പേരോ ഇനീഷ്യലോ തെററിയാൽ മരിക്കാത്ത ആളോ ഇല്ലാത്ത ആളോ ആവും 'മരിക്കുക'. രോഗം തെററി എഴുതിയാൽ ചിലപ്പോൾ കുടുംബക്കാർക്ക് പിടിക്കില്ല. കുഷ്ഠമോ ഭ്രാന്തോ മററോ ആണെങ്കിൽ പറയുകയും വേണ്ട. ആളെ വെറുപ്പിക്കലല്ലല്ലോ ഉദ്ദേശ്യം. വാർത്ത എന്നപോലെത്തന്നെ ഒരു ഉപകാരം എന്ന നിലയ്ക്കു കൂടിയാണ് മരണക്കാര്യം കൊടുക്കുന്നത്. പത്രത്തിൽ കണ്ട് അറിഞ്ഞാവും വേണ്ടപ്പെട്ടവർ അധികവും എത്തിച്ചേരുക.

ഇന്ന സ്ഥലത്ത് ശവം സംസ്കരിച്ചു എന്ന് സാധാരണ നിലയ്ക്ക് അവനവന്റെ പത്രത്തിന് നയമെന്ന നിലയ്ക്കു നിർബന്ധമുള്ള കാര്യമല്ലെങ്കിൽ പറയേണ്ടതില്ല. പ്രമുഖനായ ഒരു വ്യക്തിക്ക് ആളുകൾ അന്ത്യോപചാരമർപ്പിക്കുന്ന തരത്തിൽ നടക്കുന്ന ശവസംസ്കാരമാണെങ്കിലേ സ്ഥലവും ചടങ്ങും കുറിക്കേണ്ടൂ. അതേസമയം പത്രം പുറത്തിറങ്ങിയശേഷം നടക്കുന്ന ചടങ്ങാണെങ്കിൽ ഇന്ന സ്ഥലത്ത് ഇന്ന സമയത്ത് ശവസംസ്കാരം എന്നു പറയുകയും വേണം – വേണ്ടപ്പെട്ടവർക്ക് അറിഞ്ഞ് എത്തിച്ചേരാനുള്ള സൗകര്യത്തിന്. സഞ്ചയനം വാർത്തയായി കൊടുക്കുന്ന പത്രമാണെങ്കിൽ അതും വേണം.

അനുശോചന യോഗമോ ഹർത്താലോ ഉണ്ടായാൽ, ഏതെങ്കിലും സ്ഥാപനത്തിന് ദുഃഖസൂചകമായി അവധികൊടുത്താൽ, സംഘടനകൾ മൃതദേഹത്തിൽ പുഷ്പചക്രം അർപ്പിച്ചാൽ – അതൊക്കെ റിപ്പോർട്ടിൽ വരേണ്ട കാര്യങ്ങളാണ്. പരേതന് നാട്ടിലുള്ള സ്ഥാനത്തിന്ന് തെളിവാണല്ലോ അതൊക്കെ. പക്ഷെ ഇവിടെയും ഓരോ പത്രത്തിന്റെയും സമ്പ്രദായമനുസരിച്ച് നീക്കുപോക്ക് ആവാം.

ഈ ചരമവാർത്ത നോക്കുക :

അടൂർ : ദേശസേവിനി സംഘം പ്രസിഡന്റും കൃഷ്ണവിലാസം യു. പി. സ്കൂൾ മുൻ ഹെഡ് മാസ്റ്ററുമായ എം. കെ. ഗോപാലപിള്ള (65) ഹൃദ്രോഗം മൂലം അന്തരിച്ചു.

ദുഃഖസൂചകമായി സ്കൂളിന് അവധി കൊടുത്തു.

മൃതദേഹത്തിൽ ദേശസേവിനിസംഘം, കൃഷ്ണവിലാസം യു. പി. സ്കൂൾ, ഗ്രാമീണവായനശാല എന്നിവയ്ക്കുവേണ്ടി പുഷ്പചക്രം അർപ്പിച്ചു.

പരേതന് ആന്ധ്രാപ്രദേശ് സർവ്വീസിൽ സബ് കലക്ടറായ എം. ജി. കൃഷ്ണദാസ് ഐ. എ. എസ് അടക്കം അഞ്ചു മക്കളുണ്ട്. പാലോത്തു് വീട്ടിൽ രുഗ്മിണിയമ്മയാണ് ഭാര്യ''.

— ഇതു് കൊള്ളാവുന്ന റിപ്പോർട്ടാണ്. മരിച്ചതു് ആരെന്നു വ്യക്തം. അദ്ദേഹത്തിന്റെ പ്രാധാന്യവും നാട്ടിലുള്ള സ്ഥാനവുമൊക്കെ റിപ്പോർട്ടിൽനിന്നു് മനസ്സിലാവുകയും ചെയ്യും. (പ്രക്ഷേ ശവസംസ്കാരം കഴിഞ്ഞോ എന്നറിയാൻ നിർബന്ധമുള്ളവർക്ക് ആ വിവരം ഇതിൽനിന്നു കിട്ടുന്നില്ല.)

എന്നാൽ അതിനു പകരം റിപ്പോർട്ട് ഇങ്ങനെയായാലോ!

''അട്ടർ : ഗോപാലപിള്ള (65) അന്തരിച്ചു. ശവസംസ്കാരം വടക്കേക്കാട് ശ്മശാനത്തിൽ നടന്നു''.

— നാട്ടുകാർ ലേഖകനെ കൈകാര്യം ചെയ്യാൻ മുതിർന്നാൽ തെററു പറഞ്ഞുകൂടാ.

എന്നുവച്ച് റിപ്പോർട്ട് താഴെപറയും മട്ടിൽ എഴുതേണ്ടതുമില്ല :

അട്ടർ : ദേശസേവിനിസംഘം പ്രസിഡൻറും, കൃഷ്ണവിലാസം യു. പി. സ്കൂൾ മുൻ ഹെഡ്മാസ്റ്ററുമായ എം. കെ. ഗോപാലപിള്ള (65) ഹൃദ്രോഗം മൂലം അന്തരിച്ചു.

പരേതനോടുള്ള ബഹുമാനസൂചകമായി സ്കൂളിന് അവധി നൽകി.

ദേശസേവിനി സംഘം ഗ്രാമീണവായനശാല, കൃഷ്ണവിലാസം യു. പി. സ്കൂൾ എന്നിവയ്ക്കുവേണ്ടി മൃതദേഹത്തിൽ പുഷ്പചക്രം അർപ്പിച്ചു. ശവസംസ്കാരം വടക്കേക്കാട് ശ്മശാനത്തിൽ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ നടന്നു.

പരേതൻ എം. കെ. കൃഷ്ണപിള്ളയുടെ സഹോദരനാണ്. ഭാര്യ പാലോത്തു്വീട്ടിൽ രുഗ്മിണിയമ്മ ജീവിച്ചിരിപ്പുണ്ട്. താലൂക്ക്

ഓഫീസിൽ ക്ലാർക്കായ എം. ജി. ഗോപാലകൃഷ്ണൻ, ഹൈസ്കൂൾ അധ്യാപകനായ എം. ജി. രവീന്ദ്രൻ, കെ. പി. നാരായണപിള്ളയുടെ ഭാര്യ സരോജിനിയമ്മ, ആന്ധ്രാപ്രദേശിൽ സബ് കലക്ടറായ എം. ജി. കൃഷ്ണദാസ്, അധ്യാപികയായ കമലം എന്നിവർ പരേതന്റെ മക്കളാണ്.''

— ഇതിൽ പലതും ആവശ്യമില്ലാത്ത കാര്യങ്ങളാണ്. മരിച്ചാൽ ശവം സംസ്കരിക്കുന്നത് ബന്ധുമിത്രാദികളുടെ സാന്നിധ്യത്തിലാവും. അതുകൊണ്ട്, അതു പറയേണ്ടതില്ല. കൃഷ്ണപിള്ള ആരാണെന്ന് അറിയാത്തതിനാൽ ആ സഹോദരബന്ധം പറഞ്ഞിട്ട് പരേതന്റെ ബന്ധുബലം കൂടുന്നില്ല. സതി സമ്പ്രദായം നിലവിലിരിക്കെ, ഭാര്യ ചിതയിൽ ചാടാൻ കൂട്ടാക്കിയില്ലെങ്കിലേ ''ഭാര്യ ജീവിച്ചിരിപ്പുണ്ട്'' എന്ന പ്രയോഗത്തിന് അർഥമുള്ളൂ. പാലോത്ത് വീട്ടിൽ രുഗ്മിണിയമ്മയാണ് ഭാര്യ എന്നേ പറയേണ്ടൂ. മറ്റു മക്കളുടെ കാര്യവും പറഞ്ഞിട്ടുണ്ട് എന്നതാണ് ഈ റിപ്പോർട്ടിലുള്ള നല്ലൊരു കാര്യം. (ആന്ധ്രാ സബ് കലക്ടർ നിങ്ങളുടെ പത്രം വായിക്കുന്ന ആളാവില്ല. മറ്റു മക്കളാവട്ടെ നിങ്ങളുടെ വായനക്കാരുമാവും. അതുകൊണ്ട്, അവരുടെ പേരൊക്കെ വരികയും വേണം.)

ഇതിലും കവിയാറുണ്ട് ചില ചരമ റിപ്പോർട്ടുകൾ. വളരെ വയസ്സായ ഒരാൾ മരിച്ചാൽ, അയാൾ ഇന്ന ആളുടെ മകനെന്ന പറഞ്ഞുകാണാറുണ്ട്. പ്രസിദ്ധനായിരുന്ന അച്ഛൻ എങ്കിലേ ഇതാവശ്യമുള്ളൂ. അല്ലാത്തപ്പോൾ, അച്ഛന്റെ കാര്യം നാട്ടുകാർക്കുകൂടി അറിവുണ്ടാവില്ല. അറിഞ്ഞിട്ടു കാര്യവുമില്ല.

എന്തായാലും മരിക്കുന്ന ആളുടെ പ്രാധാന്യമാണ് റിപ്പോർട്ടിൽ ചേർക്കേണ്ട വിവരങ്ങൾ നിശ്ചയിക്കുന്നത്. പൊതുരംഗത്ത് ഒട്ടൊക്കെ സ്ഥാനമുള്ള വ്യക്തിയാണെങ്കിൽ, അദ്ദേഹത്തിന്റെ സേവനവും പദവികളും ഒക്കെ കാണിക്കുന്ന ഒരു ലഘുജീവിതക്കുറിപ്പു തന്നെ റിപ്പോർട്ടിന്റെ ഭാഗമാക്കേണ്ടിവരും.

## യാത്രയയപ്പ്

യാത്രയയപ്പ് ഇന്ന് ഒഴിവാക്കാൻ വയ്യാത്ത വാർത്തയായിരിക്കുന്നു. ഇതും നാട്ടിലുള്ളവർക്കെന്നപോലെ അന്യനാട്ടിലുള്ളവർക്കും അറിയാൻ താല്പര്യമുള്ളതാണ്.

ആർ ആർക്ക് ഏതവസരത്തിൽ യാത്രയയപ്പു കൊടുത്തു എന്നാണ് റിപ്പോർട്ടിൽ വ്യക്തമാക്കേണ്ടതു്. ആർ എന്നുപറയുമ്പോൾ സഹപ്രവർത്തകരാവാം, സംഘടനകളാവാം, നാട്ടുകാരാവാം. ഏതു് അവസരത്തിൽ? — സ്ഥലംമാററം പോകുമ്പോൾ, മറുനാട്ടിലേക്ക് പോകുമ്പോൾ, റിട്ടയർ ചെയ്യുമ്പോൾ. ആർക്ക്? — അതു ചേർക്കാതെ വാർത്തയാവില്ലല്ലോ. ഏതായാലും ഈ മൂന്നു കാര്യവും ഇല്ലാത്ത യാത്രയയപ്പു വാർത്തയ്ക്ക് അർത്ഥമില്ല.

എന്നാൽ യാത്രയയപ്പിലെ പലവിവരങ്ങളും റിപ്പോർട്ടിൽ ഒഴിവാക്കാം. സംഭവം നടന്നുകഴിഞ്ഞതാകയാൽ അതു് ഏതു് വേദിയിൽ നടന്നുവെന്നതിന് സാധാരണഗതിയിൽ പ്രസക്തിയില്ല. അദ്ധ്യക്ഷൻെറ പേർ ആവശ്യംതന്നെ. എന്നാൽ പ്രസംഗിച്ചവരുടെ പേർ വേണ്ട — പ്രസിദ്ധവ്യക്തികളാരും ആ കൂട്ടത്തിലില്ലെങ്കിൽ. കാരണം, യാത്രയയപ്പിൽ പലരും പ്രസംഗിക്കും. അതു ചടങ്ങാണ്. അവരുടെ പട്ടിക കൊടുത്തു് റിപ്പോർട്ട് വീർപ്പിക്കേണ്ടതില്ല. (ഇവിടേയും പത്രത്തിൻെറ നയം മറിച്ചാണെങ്കിൽ, പേരുകൾ മുഴുവൻ കൊടുത്തേ പററൂ). അതുപോലെ, യാത്രയയപ്പു കിട്ടുന്ന ആരും മറുപടി പറഞ്ഞ കാര്യവും വേണ്ട. അതും ചടങ്ങാണല്ലോ. അതുകൊണ്ട്, മറുപടി പറഞ്ഞിരിക്കുമെന്നു വ്യക്തം. ''സമുചിതമായി'' മറുപടി പറഞ്ഞുവെന്ന് വേണ്ടേവേണ്ട. അങ്ങനെയല്ലേ മറുപടി പറയൂ? ഏതു യാത്രയയപ്പും ''ഹൃദ്യ''മാണ്. റിപ്പോർട്ടിൽ പറയാതെതന്നെ അക്കാര്യവും വായനക്കാർ ഊഹിച്ചെടുത്തുകൊള്ളും. എന്നാൽ യാത്രപോകുന്ന ആൾക്ക് വല്ല സമ്മാനമോ പണക്കിഴിയോ കൊടുക്കുന്നുണ്ടെങ്കിൽ, അയാളുടെ ഫോട്ടോ അനാച്ഛാദനം ചെയ്യുന്നുണ്ടെങ്കിൽ, അക്കാര്യം റിപ്പോർട്ടിൽ പറയുകതന്നെ വേണം. ചടങ്ങിൽ അദ്ദേഹത്തിൻെറ ഗുരുനാഥനോ ശിഷ്യനോ മുഖ്യാതിഥി ആവുകയാണെങ്കിൽ അതൊരു വിശേഷപ്പെട്ട വാർത്തയാക്കാൻ മറക്കണ്ട.

പ്രസംഗം റിപ്പോർട്ട് ചെയ്യണമോ? അതു് യാത്രയയപ്പ് കിട്ടുന്ന ആളുടെ പ്രാധാന്യമനുസരിച്ചിരിക്കും. വലിയ ആളാണെങ്കിൽ, അയാളെപ്പററി അവിടെ മൊത്തത്തിൽ പറഞ്ഞകാര്യം കൊടുക്കാം. പക്ഷേ, ''സേവനങ്ങളെ പ്രകീർത്തിച്ച്'' സംസാരിച്ചു എന്ന ഒഴുക്കൻ മട്ട നന്നല്ല. സേവനങ്ങളെ പ്രകീർത്തിച്ചു തന്നെയാണ് പ്രസംഗങ്ങൾ നടക്കുക. പ്രകീർത്തിക്കപ്പെട്ട സേവനം എന്താണെന്നാണ് കാണിക്കേണ്ടതു്.

''ചെമ്മാട് : ദുബായിലേക്ക പോകുന്ന യുവ സാംസ്കാരിക സമിതി സെക്രട്ടറി സി. കെ. ഹംസയ്ക്ക യാത്രയയപ്പ നൽകി.''

— അതുപോരാ,

''ചെമ്മാട് : ഉദ്യോഗം കിട്ടി ദുബായിലേക്ക പോവുന്ന മംഗലം യുവ സാംസ്കാരിക സമിതി സെക്രട്ടറി സി. കെ. ഹംസയ്ക്ക പ്രസിഡൻറ് കെ. എം. ദാമോദരൻെറ അദ്ധ്യക്ഷതയിൽ സമിതി യാത്രയയപ്പ നൽകി''.

എന്നതന്നെ വേണം. എന്നാൽ,

''ചെമ്മാട് : ഉദ്യോഗാർത്ഥം ദുബായിലേക്കപോവുന്ന മംഗലം യുവസാംസ്കാരിക സമിതി സെക്രട്ടറി സി. കെ. ഹംസയ്ക്ക് യുവ സാംസ്കാരിക സമിതി പ്രസിഡൻറ് കെ. എം. ദാമോദരൻെറ അദ്ധ്യക്ഷതയിൽ ഹൃദ്യമായ യാത്രയയപ്പ നൽകി. സമിതി ജോയിൻറ് സെക്രട്ടറി പി. എൻ. നായർ ഹംസയെ ഹാരമണിയിച്ചു. ഹംസയുടെ സേവനങ്ങളെ പ്രകീർത്തിച്ച് വി. കെ. ബാവ, കെ. രാമചന്ദ്രൻ, വി. എൻ. അപ്പുക്കുട്ടൻ, ആർ. കെ. തോമസ് തുടങ്ങിയവർ സംസാരിച്ചു. അദ്ധ്യക്ഷൻ ഹംസയ്ക്ക് എല്ലാ ഭാവുകങ്ങളും ആശംസിച്ചു. ഹംസ യാത്രയയപ്പിന്ന സമുചിതമായി മറുപടി പറഞ്ഞു''.

എന്നൊന്നും വേണ്ടതാനും.

കുറച്ചുകൂടി പ്രാധാന്യമുള്ള വ്യക്തികളുടെ യാത്രയയപ്പാണെങ്കിൽ ഏതാണ്ട് ഇങ്ങനെ ഒരു റിപ്പോർട്ടാവാം.

''മേലളം : റിട്ടയർ ചെയ്യുന്ന ആർ. സി. ഹൈസ്കൂൾ ഹെഡ് മാസ്റ്റർ സി. എം. ജോസഫിന്ന് അദ്ധ്യാപകരും വിദ്യാർത്ഥികളും നാട്ടുകാരും ചേർന്ന് ഡി. ഇ. ഒ. എം. പി. മേനോൻെറ അദ്ധ്യക്ഷതയിൽ യാത്രയയപ്പ നൽകി.

ബാൻഡ് വാദ്യത്തോടുകൂടിയ ഘോഷയാത്രയുടെ അകമ്പടിയോടെ സ്കൂൾ ഓഡിറേറാറിയത്തിൽ എത്തിയ ജോസഫിനെ ആറുവിദ്യാർത്ഥിനികൾ താലപ്പൊലിയോടെ എതിരേററു. ഹൈസ്കൂൾ മാനേജിംഗ് കമ്മിററിക്കവേണ്ടി ചെയർമാൻ കെ. ഈശ്വരയ്യരും

അധ്യാപക സംഘടനയ്ക്കുവേണ്ടി കെ. എസ്. ജോണും വിദ്യാർത്ഥികൾക്കുവേണ്ടി സ്കൂൾ ലീഡർ എൻ. സുരേന്ദ്രനും നാട്ടുകാർക്കു വേണ്ടി പഞ്ചായത്തു പ്രസിഡൻറ് വി. കെ. വേലായുധനും ഹാരമണിയിച്ചു.

ഹെഡ്മാസ്റ്ററെന്ന നിലയ്ക്ക് 15 കൊല്ലം മുൻപ്, തുടക്കം മുതൽ ആർ. സി. ഹൈസ്കൂളിൻെറ വളർച്ചയിൽ ജോസഫ് വഹിച്ച പങ്കിനെ പ്രാസംഗികൻമാർ അനുസ്മരിച്ചു. ഇനി ഹെഡ്മാസ്റ്ററല്ലെങ്കിലും സ്കൂളിൻെറ പുരോഗതിക്കു കഴിയുന്നതൊക്കെ ചെയ്തുകൊണ്ടിരിക്കുമെന്ന് ജോസഫ് പറഞ്ഞു.

ജോസഫിൻെറ പടം ഓഡിറേറാറിയത്തിൽ ഡി. ഇ. ഒ. അനാച്ഛാദനം ചെയ്തു. ആനക്കൊമ്പിൽ തീർത്ത പറക്കും ഇരട്ടക്കുതിര "അക്ഷീണമായ പ്രവർത്തനോൽസാഹത്തിൻെറ പ്രതീകം" എന്ന നിലയ്ക്ക് സ്കൂൾ മാനേജിംഗ് കമ്മിററിയും മനോഹരമായ ഒരു ഘടികാരം "കൃത്യനിഷ്ഠയുടെ പര്യായം" എന്ന നിലയ്ക്ക് അധ്യാപകരും വിദ്യാർത്ഥികളും കൂട്ടായും ജോസഫിനു സമ്മാനിച്ചു.

— ഇവിടെ ഹെഡ്മാസ്റ്ററുടെ സേവനം, അദ്ദേഹത്തിനു ലഭിച്ച യാത്രയയപ്പിൻെറ ഗാംഭീര്യം, ഉപഹാര സമർപ്പണം തുടങ്ങിയ എല്ലാ കാര്യങ്ങളും റിപ്പോർട്ടിൽ വന്നിട്ടുണ്ട്. അതിലധികം റിപ്പോർട്ട് നീട്ടേണ്ടതുമില്ല. (ഇവിടേയും പത്രത്തിലെ സ്ഥലവും നയവുമനുസരിച്ച് നീക്കുപോക്കുകൾ ആവാം).

## രാഷ്ട്രീയം

രാഷ്ട്രീയമില്ലാത്ത ഉൾനാടില്ലല്ലോ.

പൊതുയോഗം, പ്രകടനം, പ്രക്ഷോഭം, സ്വീകരണം — അങ്ങനെ എന്തെങ്കിലുമൊന്ന് മിക്കപ്പോഴും കാണും. ഏതു പാർട്ടിയുടെ വക എന്നാണ് റിപ്പോർട്ടിൽ നിന്നു് ആദ്യം അറിയേണ്ടതു്. കോൺഗ്രസ് പൊതുയോഗം എന്ന് പറയാമോ? — കോൺഗ്രസ് രണ്ടുണ്ടായിരിക്കെ, ഏതു കോൺഗ്രസ്? കമ്മ്യൂണിസ്ററ് പ്രകടനം എന്നു മതിയോ? മാർക്സിസ്റ്റ് പാർട്ടിയും സി. പി. ഐയും കമ്മ്യൂണിസ്റ്റാണല്ലോ. രണ്ടു കേരള കോൺഗ്രസ്സും ഉള്ളപ്പോഴും ഇതേ കുഴപ്പം തന്നെ. പോരാത്തതിന്ന് ഇവയ്ക്കൊക്കെ യുവജനവിഭാഗങ്ങളും വിദ്യാർത്ഥി സംഘടനകളും കർഷകവിഭാഗവുമൊക്കെ ഉണ്ടുതാനും.

യൂത്തുകോൺഗ്രസ് പ്രക്ഷോഭം എന്നു പറഞ്ഞാൽ ആരാണ് പ്രക്ഷോഭകർ? യൂത്ത് കോൺഗ്രസ്–ഐയോ, യൂത്ത് കോൺഗ്രസ് എസ്സോ? ഇങ്ങനെ തിരിച്ചു കാണിക്കാത്ത വാർത്ത വലിയ ആശയക്കുഴപ്പമുണ്ടാക്കുന്നു. അപ്പോഴും, പ്രാദേശിക ലേഖകൻ മറക്കാതെ ചെയ്യുന്ന ഒരു കാര്യം ഉദ്ധരിപ്പു സഹിതംതന്നെ പാർട്ടിയുടെ പേരുകാണിക്കുകയാണ്.

പൊതുയോഗമോ പ്രകടനമോ പ്രക്ഷോഭമോ എന്തിനായിരുന്നു എന്നാണ് റിപ്പോർട്ടിൽ പിന്നെ വ്യക്തമാകേണ്ടതു്. മാർക്സിസ്റ്റ് പാർട്ടിയുടെ ആഭിമുഖ്യത്തിൽ ഇവിടെ ഒരു പൊതുയോഗം ചേർന്നു, ഇന്ന ഇന്ന ആളുകൾ പ്രസംഗിച്ചു എന്നു പോരാ. എന്തിനായിരുന്നു പൊതുയോഗം? അല്ലെങ്കിൽ പ്രകടനം?. ഇടതുമുന്നണി ഭരണത്തിന്റെ വാർഷികം ആഘോഷിക്കാൻ, വിലക്കയറ്റത്തിൽ പ്രതിഷേധിക്കാൻ – അങ്ങനെ എന്തെങ്കിലും ഒരു ഉദ്ദേശ്യം ഉണ്ടാവും.

ഈ റിപ്പോർട്ട നോക്കുക :

''കാസർകോട്, ജൂലായ് 20 : ദേശീയ പ്രക്ഷോഭത്തിന്റെ മുന്നോടിയായി കേരളത്തിലുടനീളം പര്യടനം നടത്തുന്ന പ്രചരണ ജാഥ ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ഒരു വൻപിച്ച പൊതുസമ്മേളനത്തിൽവച്ച് ഇന്നിവിടെ ഉൽഘാടനം ചെയ്യപ്പെട്ടു.''

— അങ്ങനെ തുടങ്ങി നീണ്ടുപോകുന്ന റിപ്പോർട്ടിൽ പിന്നെ കാണുന്നതു പ്രസംഗിച്ചവരുടെ പട്ടിക, ജാഥക്കുള്ള സ്വീകരണത്തിന്റെയും സ്വീകരണത്തിന്നു മുമ്പുണ്ടായ പ്രകടനത്തിന്റെയും വിവരണം എന്നിവയാണ്. പക്ഷെ, എന്താണ് ഈ ''ദേശീയ പ്രക്ഷോഭം''? – പറഞ്ഞിട്ടില്ല. ആരുടെ പ്രചരണ ജാഥ? അതും കാണിച്ചിട്ടില്ല. ''കേന്ദ്ര ഗവൺമെന്റ് ഹരിജനമർദ്ദനവും തൊഴിലാളി വിരുദ്ധ നടപടികളും കൈക്കൊള്ളുന്നുവെന്ന് കുററപ്പെടുത്തി സി. പി. ഐ. നടത്താൻ പോകുന്ന ദേശീയ പ്രക്ഷോഭം'' എന്നുതന്നെ വിശദമായി പറയണം. സി. പി. ഐ. കേരള ഘടകത്തിന്റെ വക പ്രചരണജാഥ എന്നു കാണിക്കണം. ''ആയിരക്കണക്കിൽ ആളുകൾ പങ്കെടുത്ത വൻപിച്ച പൊതുയോഗത്തിന്റെ'' അർത്ഥശൂന്യത നോക്കുക! ആയിരക്കണക്കിൽ ആളുകൾ പങ്കെടുത്ത യോഗം വൻപിച്ചതാണെന്നു പറയേണ്ടതില്ലല്ലോ. പിന്നെ, ആയിരക്കണക്കിൽ എന്നാൽ രണ്ടായിരം മുതൽ ഒൻപതിനായിരംവരെ ആവാം. ഏതാണ്ട് എത്രപേർ എന്നു് അങ്ങു പറയുകയല്ലേ നല്ലതു്? – ആറായിരത്തിൽപ്പരം എന്നോ മറേറാ.

പക്ഷെ ഈ സൂദാർ കണക്ക് ലേഖകന്റെ പക്ഷപാതംവച്ചാവരുത്. രാഷ്ട്രീയമായതുകൊണ്ട്, ലേഖകന് അനുകൂലമായോ എതിരായോ പക്ഷം പിടിക്കാനുള്ള വാസന കൂടും. രാഷ്ട്രീയമില്ലാത്തവർ കുറവാണല്ലോ. പക്ഷപാതമുള്ള ലേഖകൻ വായനക്കാരെ വഴിതെററിക്കുന്നു. പലപ്പോഴും കക്ഷിയുടെ ഉൾപ്പിരിവു കാട്ടാതെ റിപ്പോർട്ട് ചെയ്യുന്നതുതന്നെ ഈ പക്ഷപാതം കൊണ്ടാവും. തങ്ങളാണ് യഥാർത്ഥ കോൺഗ്രസ് എന്നു ഇരുകോൺഗ്രസും അവകാശപ്പെടുന്നു. കോൺഗ്രസ്-ഐ പൊതുയോഗമാണ്; ലേഖകൻ കോൺഗ്രസ്-എസ്സുകാരനുമാണെന്നിരിക്കട്ടെ. അപ്പോഴം കോൺഗ്രസ് പൊതുയോഗം എന്നു മാത്രം എഴുതാനാണ് വാസന. പലപ്പോഴും പ്രകടനം വമ്പിച്ചതോ ഉജ്ജ്വലമോ ഉശിരനോ ഒക്കെ ആവുന്നതും ഈ പക്ഷപാതം കൊണ്ടുതന്നെ.

ഉള്ളതു പറഞ്ഞാൽ മോശമല്ലേ എന്നു കരുതുന്ന മര്യാദക്കാരും ഉണ്ട്. മാർക്സിസ്റ്റ് പ്രകടനത്തിൽ അൻപതുപേരെ ഉള്ളൂവെങ്കിലും 'വൻപിച്ച' പ്രകടനം എന്ന് എഴുതാതിരിക്കുന്നത് എങ്ങനെ? – അവർക്കെന്തു തോന്നും! കഴിഞ്ഞ ദിവസം കോൺഗ്രസ്-ഐ പൊതുയോഗം ''വൻപിച്ച''താണെന്ന് എഴുതിയതാണ്; അപ്പോൾ കോൺഗ്രസ്-എസ്സിന്റെ ഈ പൊതുയോഗം വൻപിച്ചതാക്കിയില്ലെങ്കിൽ അവർ എന്തു വിചാരിക്കും; – ഇങ്ങനെയൊക്കെയാണ് ഈ മര്യാദക്കാരുടെ ആലോചനയുടെ പോക്ക്. പക്ഷെ, നേരിട്ടുകണ്ടവർക്ക് നിങ്ങളെപ്പററി എന്തുതോന്നും; ആളില്ലാത്ത പൊതുയോഗമെന്നോ ചൂടില്ലാത്ത പ്രകടനം എന്നോ ഒന്നും എഴുതേണ്ട. വിശേഷണം ഒഴിവാക്കി കാര്യം പറഞ്ഞ് തടിതപ്പാമല്ലോ.

ഏതായാലും, ഏതു പാർട്ടിക്കാരനായാലും പക്ഷം ചേരാതെ ഇത്തരം കാര്യങ്ങൾ നോക്കിക്കാണാനാവണം ലേഖകന്റെ ശ്രമം. പൊതുയോഗത്തിലെ ആളുകളുടെ എണ്ണം കണക്കാക്കാൻ പ്രയാസമാണെങ്കിൽ, അല്ലെങ്കിൽ ആ കണക്ക് ശരിക്കുള്ളതിലും കുറഞ്ഞുപോയി എന്ന് ആ കക്ഷിക്കാർ കുററപ്പെടുത്തുമെന്ന് ഭയമുണ്ടെങ്കിൽ അതിന് ഒരുമ്പെടേണ്ട. പൊതുവേ വലിയ പൊതുയോഗമാണെന്നു ബോധ്യമുണ്ടെങ്കിൽ 'വമ്പിച്ച' എന്നു വിശേഷിപ്പിച്ച് ഒഴിവാക്കാം. പക്ഷേ, അങ്ങനെ ബോധ്യമില്ലെങ്കിൽ വിശേഷണം വേണ്ടെന്നു വയ്ക്കാം.

വളരെ താണതരത്തിലുള്ള രാഷ്ട്രീയ പൊതുയോഗമാണെങ്കിൽ പ്രസംഗങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതില്ല. (പാർട്ടി പത്രങ്ങളെ ഒഴിവാക്കിയാണ് ഇതു പറയുന്നത്). യോഗോദ്ദേശ്യം, അധ്യക്ഷന്റെയും ഉദ്ഘാടകന്റെയും പ്രാസംഗികരുടേയും പേർ, യോഗ നിശ്ചയങ്ങൾ എന്നീ കാര്യങ്ങളേ വേണ്ടൂ.

നേതാക്കളാരെങ്കിലും ഉണ്ടെങ്കിൽ പ്രസംഗത്തിന്റെ ചുരുക്കം കൊടുക്കാം. ചടങ്ങിന്റെ പ്രാധാന്യം, പത്രത്തിന്റെ നയം, സ്ഥല പരിമിതി തുടങ്ങിയ കാര്യങ്ങൾ വച്ചേ റിപ്പോർട്ട് എത്രത്തോളം ആവാം എന്നു പറയാനാവൂ. പക്ഷെ എത്ര ചുരുക്കിയാലും, യോഗോദ്ദേശ്യവും അധ്യക്ഷന്റെയും ഉദ്ഘാടകന്റെയും പേരും യോഗ നിശ്ചയങ്ങളും പറഞ്ഞിരിക്കണമെന്നു തീർച്ച.

## പൊതുയോഗങ്ങൾ

പൊതുയോഗം രാഷ്ട്രീയമാവാം, സാംസ്കാരികമാവാം, മത പരമാവാം, വിദ്യാഭ്യാസപരമാവാം, ഏതു നാട്ടുകാര്യത്തെ സംബ ന്ധിച്ചുള്ളതുമാവാം.

എന്തോ ആവട്ടെ – ആദ്യം പറഞ്ഞപോലെ, റിപ്പോർട്ട് ചെയ്യുമ്പോൾ യോഗോദ്ദേശ്യം മനസ്സിലാക്കിയിരിക്കണം. എന്തിനാണ് പൊതുയോഗം നടത്തിയത്? – അതുപറയാത്ത റിപ്പോർട്ട് വായനക്കാർക്ക് അവ്യക്തമാണ്.

ഈ റിപ്പോർട്ട നോക്കുക :

## ശാഖാപരമായ ഭിന്നിപ്പുകൾ പൊക്കിപ്പിടിക്കരുത് പണാറത്ത്

നാദാപുരം : ദീനിൽ ശാഖാപരമായും മറ്റുമുള്ള അഭിപ്രായ വ്യത്യാസങ്ങൾ പൊക്കിപ്പിടിച്ച് ഭിന്നിച്ചു നിന്നതുകൊണ്ട് സമുദായത്തിനു യാതൊരു നേട്ടവുമില്ലെന്നും സമുദായത്തിന്റെ സംഘടിത ശക്തി പൊതുവായ പുരോഗതിക്കുവേണ്ടി വിനിയോഗിക്കുകയാണ് ഇന്ന് ഏറ്റവും വലിയ ആവശ്യമെന്നും പണാറത്ത് കുഞ്ഞിമുഹമ്മദ് എം. എൽ. എ. പ്രസ്താവിച്ചു.

പുറമേരി ബാഫഖി മെമ്മോറിയൽ അറബികോളേജ് ആൻറ് സെക്കണ്ടറി മദ്രസാ കമ്മിററി സംഘടിപ്പിച്ച മുസ്ലിം ബഹുജന യോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

നാദാപുരം മുദരിസ് കെ. കുഞ്ഞബ്ദുല്ല മുസ്ല്യാർ യോഗത്തിൽ ആധ്യക്ഷ്യം വഹിച്ചു. ഹാജി എം. പി. കുഞ്ഞാലി മുസ്ല്യാർ, ഹാജി എൻ. വി. ബീരാൻകുട്ടി, പി. കെ. കുഞ്ഞമ്മദ്, എം. പി. അസൈനാർ മൗലവി, പ്രിൻസിപ്പൽ ടി. സി. മുഹമ്മദ് മുസ്ല്യാർ എന്നിവർ പ്രസംഗിച്ചു. എം. വി. മമ്മദ് സ്വാഗതവും നന്ദിയും പറഞ്ഞു.

എന്തിനായിരുന്നു ഈ മുസ്ലിം ''ബഹുജനയോഗം'' എന്നു മാത്രം പറയുന്നില്ല. അതുകൊണ്ട് യോഗത്തിൻെറ ശരിയായ ചിത്രവും കിട്ടുന്നില്ല. എന്തായിരുന്നു ഇങ്ങനെ ഒരു ബഹുജനയോഗത്തിനുള്ള സന്ദർഭവും പ്രസക്തിയും എന്നും വ്യക്തമാവുന്നില്ല. എന്താണ് ദീൻ? അതും പറയണം.

ഇതാ മറെറാരു റിപ്പോർട്ട് :

## യുവജന-മഹിളാ സംയുക്ത കൺവെൻഷൻ

കൊടുങ്ങല്ലൂർ, ജൂലായ് 19—അഖിലേന്ത്യാ യുവജനഫെഡറേഷൻേറയും കേരള മഹിളാസംഘത്തിൻേറയും ഒരു സംയുക്ത കൺവെൻഷൻ പി. കെ. ശ്രീമതിയുടെ അധ്യക്ഷതയിൽ നടന്നു. വി. കെ. ഗോപിയാണ് കൺവെൻഷൻ ഉദ്ഘാടനം ചെയ്തതു്. വൈ. എഫ്. തൃശ്ശൂർ ജില്ലാ സെക്രട്ടറി സി. എൻ. ജയദേവൻ, സി. പി. ഐ. മണ്ഡലം സെക്രട്ടറി പി. പി. സദാനന്ദൻ, മഹിളാസംഘം കൊടുങ്ങല്ലൂർമണ്ഡലം സെക്രട്ടറി സി. പി. എലിസബത്ത് എന്നിവർ സംസാരിച്ചു. കെ. ആർ. സുഭാഷ് കൃതജ്ഞത പ്രകാശിപ്പിച്ചു.

മഹിളാസംഘം പഞ്ചായത്തു കമ്മിററി ഭാരവാഹികളായി പി. കെ. ശ്രീമതി (പ്രസിഡൻറ്), യു. ഇ. സൗദാമിനി പി. കെ. അഞ്ജനവതി (വൈ. പ്രസിഡൻറുമാർ) പി. എൻ. റീത്ത (സെക്രട്ടറി) എന്നിവരടങ്ങുന്ന 23 അംഗകമ്മിററിയെ തെരഞ്ഞെടുത്തു.

എന്തിനായിരുന്നു കൺവെൻഷനെന്നോ കൺവെൻഷനിൽ തെരഞ്ഞെടുപ്പല്ലാതെ വല്ല തീരുമാനവുമെടുത്തോ എന്നോ ഈ

റിപ്പോർട്ടിൽ നിന്നു പിടികിട്ടുന്നില്ല. പിന്നെ, റിപ്പോർട്ടിൽ പറയുംവിധം, യുവജനഫെഡറേഷന്റെ അഖിലേന്ത്യാ തലത്തിലും മഹിളാ ഫെഡറേഷന്റെ കേരളത്തിലുമുള്ള ഒരു സംയുക്ത കൺവെൻഷൻ ആവില്ല നടന്നത്. ആണെങ്കിൽ, അതു് ഈപ്പേട്ടിൽ ചെറിയതോതിലാവാൻ വഴിയില്ല. മഹിളാസംഘം ഭാരവാഹികളുടെ തെരഞ്ഞെടുപ്പുകൊണ്ടു് ഊഹിക്കേണ്ടതു് പഞ്ചായത്തു തലത്തിലുള്ള സംയുക്ത കൺവെൻഷനാണ് നടന്നതെന്നാണ്. എല്ലാംകൊണ്ടും അവ്യക്തം; എങ്ങനെ പൊതുയോഗ റിപ്പോർട്ട് എഴുതരുതു് എന്നതിന് നല്ല ദൃഷ്ടാന്തവും.

മറ്റൊന്നു് :

## പഞ്ചായത്തു നടപടിയിൽ പ്രതിഷേധം

തളിക്കളം : തളിക്കളം മണ്ഡലം യൂത്ത് കോൺഗ്രസ്സ് കമ്മിറ്റിയുടെ യോഗം കോൺഗ്രസ്സ് ഹൗസിൽ ചേർന്നു. തളിക്കളം പഞ്ചായത്തിലെ പ്രാഥമികാവശ്യങ്ങൾക്കുനേരെ നിഷേധാത്മകമായ നയം സ്വീകരിച്ചിരിക്കുന്ന പഞ്ചായത്തുകമ്മിറ്റിയുടെ പേരിൽ പ്രതിഷേധം രേഖപ്പെടുത്തി. പഞ്ചായത്തിലെ പ്രധാന ആവശ്യങ്ങൾക്ക വേണ്ടി മെമ്മോറാണ്ടം നൽകുവാൻ തീരുമാനിച്ചു. യോഗത്തിൽ വി. എസ്. അഷറഫ്, ഐ. എ. മുകന്ദൻ, ആർട്ടിസ്റ്റ് പരമൻ, സതീശ്, കെ. എസ്. രാജൻ മുതലായവർ സംസാരിച്ചു.

— പഞ്ചായത്തിലെ പ്രാഥമികാവശ്യങ്ങൾ എന്തു്? ''പ്രാഥമികാവശ്യങ്ങൾ'' എന്നു പറയുമ്പോൾ വായനക്കാർ മററുപലതുമാണ് ധരിക്കുക! ''നിഷേധാത്മകമായ നയം'' എങ്ങനെ? — റിപ്പോർട്ടിൽ നിന്ന് ഒരു സൂചനയും കിട്ടുന്നില്ല. ''പഞ്ചായത്തിലെ പ്രധാനാവശ്യങ്ങൾ'' എന്തെന്നു പറയുന്നുമില്ല. തളിക്കളത്തുകാർക്കെങ്കിലും ഇതു് വായിച്ചിട്ടു് എന്തെങ്കിലും മനസ്സിലാവുമോ? ''പഞ്ചായത്തിലെ പ്രാഥമികാവശ്യങ്ങൾ'' ഒന്നുരണ്ടെണ്ണമെങ്കിലും എടുത്തുപറയാമായിരുന്നു. ''നിഷേധാത്മകമായ നയം'' എന്താണെന്നു് സൂചിപ്പിക്കേണ്ടതായിരുന്നു. ഫണ്ടു് ഉണ്ടായിട്ടും ഭരണാനുമതി കൊടുക്കാത്തതാണോ?

ഇനി ഒരു ഒത്തുതീർപ്പു ചർച്ചയുടെ റിപ്പോർട്ട് :

# കണ്ണങ്കര അമ്പലപ്പറമ്പിന്റെ പ്രശ്നം ഒത്തുതീർപ്പായി

കണ്ണങ്കര : കഴിഞ്ഞ രണ്ടുകൊല്ലത്തോളമായി കണ്ണങ്കരയിൽ നിലനിന്നുവന്ന 'അമ്പലപ്പറമ്പ്' പ്രശ്നം ഒത്തുതീർന്നിരിക്കുന്നു. ഇന്നത്തെ ഉഭയകക്ഷിചർച്ചക്ക് ഡി. എസ്. പി. രാമചന്ദ്രൻ മുസത് നേതൃത്വം നല്കി.

ഡി. എസ്. പി. ഓഫീസിൽ വിളിച്ചുകൂട്ടിയ ഒത്തുതീർപ്പ് യോഗത്തിൽ കോഴിക്കോട് ജില്ലാ മുസ്ലിംലീഗ് സെക്രട്ടറി പി. വി. മുഹമ്മദ്, ടി. ടി. കോയാലി, പറമ്പുടമ ഇ. കുഞ്ഞിപ്പരി, മലബാർ ക്ഷേത്രസംരക്ഷണ സമിതി പ്രസിഡന്റ് തറമ്മൽ കൃഷ്ണൻ, ചന്തുനായർ തുടങ്ങിയവർ പങ്കെടുത്തു. കോഴിക്കോട് ലോ ആന്റ് ഓർഡർ ഡി. വൈ. എസ്. പി. മൊയ്തീൻകുഞ്ഞി, ട്രാഫിക് ഡി. വൈ. എസ്. പി. പ്രഭാകരൻ നമ്പ്യാർ, ചേവായൂർ സർക്കിൾ ഇൻസ്പെക്ടർ മുഹമ്മദ് കാസിം തുടങ്ങിയവരും ഇന്നു കാലത്തു മുതൽ ആരംഭിച്ച ഒത്തുതീർപ്പു ചർച്ചയിൽ പങ്കെടുത്തു.

കണ്ണൻകടവ് പ്രദേശത്താകെ രണ്ടു വിഭാഗങ്ങൾ തമ്മിൽ ഉരസലുണ്ടാവാൻ സാദ്ധ്യതയുള്ള ഈ പ്രശ്നം സന്ദർഭോചിതമായ ഇടപെടലിലൂടെ മാന്യമായി പരിഹരിച്ച ജില്ലാ പോലീസ് സൂപ്രണ്ട് രാമചന്ദ്രൻ മുസതിനേയും ജില്ലാ ലീഗ് സെക്രട്ടറി പി. വി. മുഹമ്മദിനേയും നാട്ടിലെ സർവ്വ കക്ഷികളും മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി.

— ചർച്ചയിൽ പങ്കെടുത്തവരുടെ മുഴുവൻ പേർ കൊടുത്തിട്ടുണ്ട്. ജില്ലാ പോലീസ് സൂപ്രണ്ടിനേയും ലീഗ് സെക്രട്ടറിയേയും അഭിനന്ദിച്ചിട്ടുമുണ്ട്. എന്നാൽ, "കണ്ണങ്കര അമ്പലപ്പറമ്പിന്റെ പ്രശ്നം" എന്താണെന്നു പറയാൻ ലേഖകനു തോന്നിയില്ല. എന്തോ വലിയ കാര്യമാണെന്നു മാത്രം ഊഹിക്കാം. അതുകൊണ്ടായില്ലല്ലോ. സമുദായ സൗഹാർദ്ദത്തിന്റെ പേരിൽ ചിലതൊക്കെ ഒളുക്കേണ്ടി വരുമെങ്കിലും ഇത്ര വയ്യ. എന്തു തരത്തിലുള്ള ഒത്തുതീർപ്പാണ് ഉണ്ടായതെന്നും കാണിച്ചിട്ടില്ല. എന്തായിരുന്നു അമ്പലപ്പറമ്പു പ്രശ്നമെന്നും എന്ത് ഒത്തുതീർപ്പാണ് ഉണ്ടായതെന്നും "ഉഭയകക്ഷികൾ" ആരാണെന്നും പറഞ്ഞെങ്കിലേ റിപ്പോർട്ടിന് അർത്ഥമുള്ളൂ.

പ്രസംഗത്തിന്റെ കാര്യമാണെങ്കിൽ, പുതുമയുള്ളതോ നിലവിലുള്ള പ്രശ്നങ്ങളെ സംബന്ധിക്കുന്നതോ ആയി വല്ലതും പറഞ്ഞെങ്കിലേ റിപ്പോർട്ട് ചെയ്യേണ്ടൂ. പറയുന്നതിൽ വിശേഷമുണ്ടോ അതാണ് നോക്കേണ്ടത്. ആരോടെങ്കിലും ചെയ്യുന്ന മാമൂൽ ഉൽബോധനങ്ങൾ വാർത്തയല്ല. ''അച്ചടക്കം പാലിക്കുക'', ''കടമകളെക്കുറിച്ച് ബോധവാൻമാരാവുക'', ''നാട്ടിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുക'' തുടങ്ങിയ ഉപദേശങ്ങൾ ഇത്തരത്തിൽ പെടും. ആരു പ്രസംഗിച്ചാലും അതൊന്നും ലേഖകൻ ഗൗനിക്കേണ്ട കാര്യമില്ല.

പൊതുയോഗം നടക്കുന്ന നാട്ടിൽ ഒരു കോളേജ് തുറക്കുമെന്ന് മന്ത്രി പ്രസംഗിച്ചാൽ വാർത്തയാണ്; പുഴയ്ക്കു പാലം കെട്ടുമെന്ന് പറഞ്ഞാൽ വാർത്തയാണ്; റോഡ് അടുത്ത പദ്ധതിക്കാലത്തേ ആലോചിക്കാൻ പറ്റൂ എന്നു പറഞ്ഞാൽ വാർത്തയാണ്; അഴിമതി ആരോപണത്തെ തുടർന്ന് താൻ മന്ത്രിസഭയിൽ നിന്നു രാജിവെക്കുകയാണെന്നു പറഞ്ഞാൽ വമ്പൻ വാർത്തയാണ്. ജനങ്ങൾ സത്യസന്ധരായി ജീവിക്കണം എന്ന് ഉൽബോധിപ്പിച്ചാൽ വാർത്തയല്ല.

നാട്ടുനടപ്പിനോ പൊതുവെ ഉറച്ചുകഴിഞ്ഞ വിശ്വാസങ്ങൾക്കോ വിരുദ്ധമായ ഒരു കാര്യം ഒരാൾ പ്രസംഗിച്ചാൽ, അതു റിപ്പോർട്ടു ചെയ്യുമ്പോൾ പ്രാസംഗികന്റെ ന്യായങ്ങളും കാണിച്ചേ പറ്റൂ. കാര്യം മാത്രം കാട്ടി ന്യായങ്ങൾ റിപ്പോർട്ട് ചെയ്യാതിരുന്നാൽ ഒരാൾ ഭ്രാന്തു പറഞ്ഞെന്നേ ആളുകൾക്കു തോന്നൂ. ഉദാഹരണത്തിന്, ഗാന്ധിജി മഹാത്മാവല്ലെന്ന് ഒരാൾ പ്രസംഗിച്ചെന്നിരിക്കട്ടെ. ഈ വാദത്തിന് പ്രാസംഗികൻ കൊണ്ടുവന്ന ന്യായങ്ങൾ അറിയാൻ വായനക്കാർക്ക് അവകാശമുണ്ട്. ന്യായങ്ങൾ റിപ്പോർട്ടിൽ കാണിക്കാതിരിക്കുന്നത് പ്രാസംഗികനോടും വായനക്കാരോടുമുള്ള അന്യായമാണ്.

ഒരു യോഗത്തിൽ ഏതു പ്രസംഗമാണ് പ്രധാനം? പ്രസംഗിച്ചവരുടെ അർഹതയാണ് അതു നിർണ്ണയിക്കുന്നത്. കലക്ടർ സാഹിത്യസമ്മേളനം ഉദ്ഘാടനം ചെയ്യുന്നിരിക്കും. ഒരു പ്രമുഖ സാഹിത്യകാരൻ അതിൽ പ്രസംഗിച്ചിട്ടുമുണ്ടാവും. കലക്ടറാണെന്നു കരുതി ഉദ്ഘാടകന്റെ പ്രസംഗം നീട്ടിയെഴുതിയശേഷം പ്രമുഖ സാഹിത്യ

കാരനായ ഗുപ്തൻ നായർ പ്രസംഗിച്ചുവെന്ന് അവസാനിപ്പിച്ചാലോ! റിപ്പോർട്ടിൽ വരേണ്ടത് സാഹിത്യകാരൻെറ പ്രസംഗമാണ്. സാഹിത്യത്തെപ്പററി പറയാൻ അർഹത അദ്ദേഹത്തിനാണ്.

കമ്മിററിയോഗനടപടികറം വാർത്തയാണോ? – വല്ല തീരുമാനവും ഉണ്ടെങ്കിൽ മാത്രം. ''ശ്രീകൃഷ്ണവിലാസം വായനശാലാ പ്രവർത്തക സമിതി ഇന്ന് യോഗം ചേർന്നു. പ്രസിഡൻറ് കെ. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. ചർച്ചയിൽ പലരും പങ്കെടുത്തു'' എന്ന റിപ്പോർട്ടിൽ ഒരു വാർത്തയുമില്ല. മറിച്ച്, ''ശ്രീകൃഷ്ണവിലാസം വായനശാലയ്ക്ക് ഉണ്ടാക്കാൻ നിശ്ചയിച്ച കെട്ടിടത്തിൻെറ ശിലാസ്ഥാപനം മാർച്ചിൽ വായനശാലാ വാർഷികത്തോടൊപ്പം നടത്താൻ പ്രസിഡൻറ് കെ. കൃഷ്ണൻെറ അദ്ധ്യക്ഷതയിൽ ചേർന്ന പ്രവർത്തക സമിതിയോഗം തീരുമാനിച്ചു'' എന്ന റിപ്പോർട്ടിൽ വാർത്തയുണ്ട്. അപ്പോറം, തീരുമാനമൊന്നുമെടുക്കാത്ത കമ്മിററിയോഗങ്ങറം സാധാരണ നിലയ്ക്ക് റിപ്പോർട്ടു ചെയ്യേണ്ടതില്ല.

## വികസന പ്രവർത്തനം

നിരത്തു നന്നാക്കികിട്ടാൻ ആളുകറം പ്രക്ഷോഭം കൂട്ടുന്നുണ്ടോ? ചിറയിൽ നിന്നു ചളിതോണ്ടാൻ ശ്രമദാനം നടത്തുന്നുണ്ടോ? ബ്ലോക്കിൽ ഇക്കഴിഞ്ഞ കൊല്ലം എന്തൊക്കെ നടന്നു? ഇനി എന്തൊക്കെ നടക്കാൻ പോവുന്നു? പുതിയ വിത്തും വളവും എത്തിയോ? കോഴിക്കുഞ്ഞുങ്ങളെ കൊടുക്കുന്നുണ്ടോ? എവിടെയൊക്കെ ബണ്ടു കെട്ടുന്നു? പൊതുസമ്പർക്ക പരിപാടി എന്തൊക്കെയുണ്ട്? ഐ ആർ ഡി. പി. വായ്പ കൊടുക്കുന്നതിൽ അഴിമതി ഉണ്ടോ?

— അതൊക്കെ നല്ല നാട്ടുവിശേഷമാണ്. വിശേഷം എന്താണെന്നു വ്യക്തമായി പറയണമെന്നുമാത്രം. ''ബ്ലോക്കിൽ ഇക്കഴിഞ്ഞ കൊല്ലം രണ്ടുലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങറം നടന്നതായി ബി. ഡി. ഒ. അറിയിച്ചു'' എന്നുപോരാ. മുഖ്യമായ വികസന പ്രവർത്തനങ്ങറം എന്തൊക്കെ? ഓരോന്നിനും എത്ര പണം ചെലവായി? എന്തുഗുണമാണ് ഇതുകൊണ്ടൊക്കെ ഉണ്ടാകാൻ പോവുന്നതു്? അങ്ങനെയാവുമ്പോഴേ വികസന പ്രവർത്തനം വാർത്തയാവുന്നുള്ളു. ലാപ്സായ തുകയാവും പലപ്പോഴും വലിയ വാർത്ത.

നാട്ടിൽ പുതിയ നിരത്തിന്റെ പണി തുടങ്ങിയിട്ടുണ്ട്. ആരാണ് പണിയുന്നതു്? നാട്ടുകാരാണോ? ശ്രമദാനമാണോ? സർക്കാർ സഹായം ഉണ്ടോ? എന്താണ് മതിപ്പുചെലവ്? എന്നു് പണി തീരും? നിരത്തു് ഏതൊക്കെ പ്രദേശങ്ങൾക്കു് ഉപകരിക്കും? ഇതു വരെ നിരത്തില്ലാഞ്ഞു് എന്തൊക്കെ പ്രയാസങ്ങൾ ഉണ്ടായിരുന്നു? അത്യാവശ്യം വിവരങ്ങൾ കാണിച്ചാൽ റിപ്പോർട്ടിനു വാർത്തയുടെ കനമായി.

ഈ റിപ്പോർട്ട് നോക്കൂ:

''കിഴക്കോത്തു്: പഞ്ചായത്തിലെ വലിയപറമ്പ് നാട്ടുകാരുടെ ഒരു യോഗം പഞ്ചായത്തു് മെമ്പർ കെ. കാദർഹാജിയുടെ അധ്യക്ഷതയിൽ ചേരുകയും കെ. പി. കാദർഹാജി പ്രസിഡന്റും വി. പി. കേളുക്കുട്ടി സെക്രട്ടറിയും കെ. മുഹമ്മദ്ഹാജി ട്രഷററുമായിക്കൊണ്ടു് 39 അംഗക്കമ്മിററി രൂപീകരിച്ചു''

ഭാഷയുടെ കാര്യം തൽക്കാലം വിടുക. ഈ റിപ്പോർട്ട് എന്തിനെപ്പററിയാണ്? എന്തിനായിരുന്നു നാട്ടുകാരുടെ യോഗം? എന്തിനാണ് കമ്മിററി ഉണ്ടാക്കിയിട്ടുള്ളതു്? ഈ റിപ്പോർട്ടിനു് ലേഖകൻ ഒരു തലക്കെട്ട് എഴുതിയിരുന്നു. ''വലിയ പറമ്പ്-ചേപ്പാല റോഡ് വീതി കൂട്ടുകയും മെററൽ ചെയ്യുകയും വേണം''. അപ്പോൾ ഒരു വികസനാവശ്യത്തിനായിരുന്നു യോഗം എന്നു് ഊഹിക്കാം. പക്ഷെ ഈ റോഡ് എന്തു്? എവിടെ? എന്താണ് റോഡിന്റെ പ്രത്യേകത? റോഡ് നന്നാക്കിയിട്ട് എന്താണ് ഗുണം? ആരാണ് റോഡ് വീതി കൂട്ടുകയും മെററലിടുകയും ചെയ്യേണ്ടതു്? കമ്മിററി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു? — അതൊന്നുമില്ലാത്ത ഈ കുറിപ്പ് പത്രത്തിൽ കൊടുക്കാനുള്ള റിപ്പോർട്ട് ആവുന്നില്ല. ആധ്യക്ഷ്യം വഹിച്ച കെ. കാദർ ഹാജിയും പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട കെ. പി. കാദർ ഹാജിയും ഒരേ ആളാണെങ്കിൽ രണ്ടുതവണ പേരെഴുതി അദ്ദേഹത്തെ ബഹുമാനിച്ചിട്ട് നിങ്ങൾ അദ്ദേഹത്തിന്റെ ബഹുമാനം നേടുന്നില്ല.

മറെറാരു റിപ്പോർട്ട്:

## സ്ഥിരം ബണ്ടിനു രണ്ടുലക്ഷം രൂപ

വ. പറവൂർ: 3,62,507 രൂപ വരവും, 3,32,437 രൂപ ചെലവും, 20,070 രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന 78-79-ലേക്കുള്ള ബജററ് പറവൂർ ലേബർ—കം—ഡവലപ്പ്മെന്റ് ബാങ്കിന്റെ ഡയറക്ടർ ബോർഡ് യോഗം പാസാക്കി.

യോഗത്തിൽ ജില്ലാ കലക്ടർ കെ. ആർ. രാജൻ അധ്യക്ഷനായിരുന്നു. ബാങ്കിന്റെ മേൽനോട്ടത്തിൽ നടത്തിവരുന്ന കോട്ടുവള്ളി ഫിഷ് ഫാമിന്റെ സ്ഥിരം ബണ്ടുകരം നിർമ്മിക്കാനും ബണ്ട് സംരക്ഷണത്തിനുമായി നടപ്പുവർഷം 2,08,000 രൂപയുടെ എസ്റ്റിമേററ് ബജററിൽ കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ബണ്ടിന് ചുററുമായി 1,000 തെങ്ങിൻതൈകരം വച്ചുപിടിപ്പിക്കാനും പദ്ധതിയുള്ളതായി ബോർഡ് അംഗം കെ. ആർ. വിജയൻ പറഞ്ഞു.

ആലങ്ങാട്ട് ബ്ലോക്കിൽ മൂന്നു ലിഫ്ററ് ഇറിഗേഷൻ പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കിയതായും കോട്ടുവള്ളിയിൽ 75 ഏക്കർ ഫിഷ്ഫാം ബണ്ടിന്റെ പണി പൂർത്തിയാക്കിയതായും ബാങ്കിന്റെ ഡയറക്ടർ ബോർഡ് അറിയിച്ചു.

— ഇതിൽ ചില വിവരങ്ങളൊക്കെയുണ്ട്. പക്ഷെ മുഴുവനുമില്ല. ബജററിലെ സംഖ്യകരംകൊണ്ടു മാത്രമായില്ല. എന്തിനൊക്കെ എത്ര നീക്കിവെച്ചു എന്നു കാണിക്കണം. ഫിഷ് ഫാമിനെപ്പററി രണ്ടു വാചകത്തിലെങ്കിലും ഒരു വിശദീകരണം വേണം. ബണ്ടുകൊണ്ടുള്ള പ്രയോജനമെന്താണ്? രണ്ടു ലക്ഷത്തിൽപ്പരം രൂപ ചെലവാക്കുന്ന കാര്യമാണല്ലോ. മൂന്നു ലിഫ്ററ് ഇറിഗേഷൻ പദ്ധതിയുടെ കാര്യം പറഞ്ഞിട്ടുണ്ട്. ഏതു മൂന്നെണ്ണം? അവകൊണ്ടുള്ള പ്രയോജനം എന്ത്? അതൊക്കെ അത്യാവശ്യം വേണ്ട വിവരങ്ങളാണ്.

ഇതാ ഒന്നുകൂടി :

## കെ. സരോജിനിയെ തെരഞ്ഞെടുത്തു

അട്ടൂർ : ജൂലായ് 18-1976-77 വർഷത്തെ ഏററവും നല്ല ലേഡി വില്ലേജ് എക്സ്ററൻഷൻ ഓഫീസറായി പത്തനാപുരം ബ്ലോക്കിലെ ശ്രീമതി കെ. സരോജിനിയെ തെരഞ്ഞെടുത്തിരിക്കുന്നു. ശ്രീമതി സരോജിനിയുടെ നിരന്തര പരിശ്രമഫലമായി പ്രവർത്തനരഹിതമായികിടന്നിരുന്ന പല മഹിളാ സമാജങ്ങളും പ്രവർത്തനയോഗ്യമാകുന്നതിനും കിഴക്കേമുറി മഹിളാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു വീവിംഗ് യൂണിററ് തുടങ്ങുന്നതിനും സാധിച്ചു.

— സരോജിനി ഏററവും നല്ല എക്സ്റ്റൻഷൻ ഓഫീസറായത് എന്തുകൊണ്ട്? അക്കാര്യം റിപ്പോർട്ടിലുണ്ട്. ആ നിലയ്ക്ക് റിപ്പോർട്ട് വ്യക്തവുമാണ്. എങ്കിലും ഇനിയും ചില വിവരങ്ങൾ വേണം. ഏററവും നല്ല ഓഫീസറെന്ന നിലയ്ക്കുള്ള ഈ അംഗീകാരം സ്റ്റേററ് തലത്തിലോ ജില്ലാതലത്തിലോ? സരോജിനി എവിടത്തുകാരിയാണ്?

വികസനപ്രവർത്തനത്തിന്റെ ഭാഗമെന്ന നിലയ്ക്ക് ഇന്ന് ഉൾനാട്ടുകളിൽ കാലി പ്രദർശനവും കാർഷികോൽപ്പന്ന പ്രദർശനവും നടക്കാറുണ്ട്. ഇതൊന്നും നേരാംവണ്ണം റിപ്പോർട്ട് ചെയ്തു കാണാറില്ല. ഉദ്ഘാടന പ്രസംഗവും ഉദ്ഘാടന യോഗനടപടികളും മാത്രം വിവരിക്കുന്ന റിപ്പോർട്ട് കൊണ്ട് കാര്യം അവസാനിപ്പിക്കുകയാണ് പതിവ്. പ്രദർശനത്തിന്റെ വിവരമൊന്നും പറയില്ല. എത്ര കാലികളുണ്ടായിരുന്നു? ഏതൊക്കെ വിശേഷ ജനുസ്സിൽപെട്ടവ? ഏതൊക്കെ ഉല്പന്നങ്ങളാണ് കാണാൻ വച്ചിട്ടുള്ളത്. കൈലാസത്തിൽ നിന്ന് ഇറങ്ങിവന്ന മട്ടിലുള്ള കാള, സവാരി കഴിഞ്ഞ് യമരാജാവ് ഇറങ്ങിപ്പോയ തഞ്ചത്തിൽ ഓടിപ്പോന്ന പോലുള്ള പോത്ത്, ആനത്തലയോളമുള്ള മത്തങ്ങ, കടിലിന്നു തറയിട്ടതാണോ എന്നു തോന്നിക്കുന്ന ചേന – അങ്ങനെ എന്തൊക്കെ വർണ്ണിക്കാനുണ്ടാവും! അങ്ങനെയൊരു റിപ്പോർട്ടാണ് വേണ്ടത്. അതിന്റെ കൂടെ ഉദ്ഘാടനത്തിന്റെ വിവരങ്ങൾ ചേർക്കാം. വില കാണിക്കണം. പ്രദർശനവർണ്ണനയ്ക്കാവണം പ്രാധാന്യം. ആരു സംഘടിപ്പിച്ചു? എവിടെ നടക്കുന്നു? എവിടെ നിന്നൊക്കെ പ്രദർശന വസ്തുക്കൾ ഉണ്ട്? — ആ വിവരമൊക്കെ വേണം. സമാപനച്ചടങ്ങും പ്രധാനമാണ്. സമ്മാനവിവരങ്ങളാണ് അതിൽ മുഖ്യമായും കാണിക്കേണ്ടത്.

അങ്ങനെ, ലേഖകന്റെ പതിവു വിഷയങ്ങളുടെ ഈ പരിശോധനയിൽ, റിപ്പോർട്ടിലെ പോരായ്മകളുടെ ഏകദേശരൂപം കിട്ടും. എങ്ങനെ പോരായ്മകൾ നികത്താം? എഴുതിക്കഴിഞ്ഞശേഷം റിപ്പോർട്ട് ഒന്നു വായിച്ചുനോക്കുക; എന്നിട്ട് വായനക്കാർ ചോദിക്കാനിടയുള്ള ചോദ്യങ്ങൾ സ്വയം ചോദിക്കുക. അവയ്ക്കുള്ള ഉത്തരങ്ങൾ റിപ്പോർട്ടിലുണ്ടോ? ഇല്ലെങ്കിൽ നികത്തുക. അപ്പോഴേ റിപ്പോർട്ട് വായിക്കാൻ രസമുള്ള, വായിച്ചാൽ മനസ്സിലാവുന്ന കഥയാവൂ.

അഞ്ച് :

# വർത്തമാനം പറയാത്ത 'വാർത്തകൾ'

വർത്തമാനം മുഴുവൻ പറയാഞ്ഞാലത്തെ ബുദ്ധിമുട്ട് കണ്ടല്ലോ. വർത്തമാനം തീരെ പറയാഞ്ഞാലോ! പല റിപ്പോർട്ടുകളും നമുക്ക് വർത്തമാനമൊന്നും പറഞ്ഞുതരാത്ത 'വാർത്തകളാ'യാണ് പത്രത്തിൽ വരുന്നത്. താൻ റിപ്പോർട്ട് ചെയ്യുന്ന കാര്യത്തിലെ വിശേഷം എന്ത് എന്ന് ലേഖകൻ മനസ്സിലാക്കാത്തതുകൊണ്ട് പറ്റുന്ന കുഴപ്പമാണിത്.

കണ്ടതോ കേട്ടതോ ആയ കാര്യങ്ങളുടെ സംക്ഷിപ്തമായ വിവരമാണ് റിപ്പോർട്ട് എന്ന പിഴച്ച ധാരണയാണ് ലേഖകനെ വഴി തെററിക്കുന്നത്. മിക്കപ്പോഴും കണ്ടതോ കേട്ടതോ ആയ കാര്യങ്ങളുടെ പിന്നിലേക്കു കൂടി നോക്കുമ്പോഴേ ആളുകറംക്ക് അറിയേണ്ട വിവരം കിട്ടൂ. ആ വിവരമാണ് പത്രത്തിൽ വരേണ്ടത്. ലേഖകൻ വിവരിക്കുന്ന കാര്യങ്ങറം ഈ വിശേഷത്തിൻെറ വാലുമാത്രമേ ആവൂ. അപ്പോറം, ഒരു കാര്യത്തിലെ, സംഭവത്തിലെ വിശേഷം കണ്ടുപിടിക്കാൻ ലേഖകനു കഴിയണം. സംഭവത്തിൻെറ ഏതുവശം അറിയാനാണ് വായനക്കാർക്കു താല്പര്യം, അല്ലെങ്കിൽ, ഏതുവശം എടുത്തുകാണിച്ചാലാണ് വായനക്കാർക്കു താല്പര്യമുണ്ടാവുക എന്നാലോചിച്ചു നോക്കിയാൽ ആ വിശേഷം കണ്ടെത്താൻ വിഷമമുണ്ടാവില്ല.

ഈ റിപ്പോർട്ട് നോക്കുക :

## വിദ്യാർത്ഥികൾക്ക് ലക്ഷ്യബോധം വേണം

അടൂർ : വിദ്യാർത്ഥികറംക്ക് ജീവിതത്തിൽ ലക്ഷ്യബോധം ഉണ്ടായിരിക്കണമെന്ന് മന്ത്രി ഇ. ചന്ദ്രശേഖരൻ നായർ ഉദ്ബോധിപ്പിച്ചു. അടൂർ ഗവൺമെൻറ് ബോയ്സ് എച്ച്. എസ്സിൻെറ വാഷികാഘോഷങ്ങറം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ആണ് നിലവിലുള്ളത്. ഇത് അപകടമാണ്. സമ്പന്ന വിഭാഗത്തിന് ഭരണത്തിന്റെ കേന്ദ്രഭാഗം കൈയടക്കാൻ സാധിക്കുന്നു. അതുകൊണ്ട് ഒരേതരത്തിലുള്ള വിദ്യാഭ്യാസമാണ് ആവശ്യം—മന്ത്രി പറഞ്ഞു.

യോഗത്തിൽ മാർ അപ്രേം മെത്രാപ്പോലീത്ത തിരുമേനി ആധ്യക്ഷ്യം വഹിച്ചു. കുട്ടികൾ കൂടുതൽ വായിക്കുകയും ചിന്തിക്കുകയും വേണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. അവർക്ക് ഒരു ദേശീയ കാഴ്ചപ്പാട് ഉണ്ടായിരിക്കണം. ചെറുപ്പം മുതലുള്ള പരിശീലനമാണ് ജീവിതം മുഴുവനും നിലനില്ക്കുന്നതെന്നകാര്യം പ്രത്യേകം ഓർമ്മിക്കണം. പ്രൊഫസർ പി. എ. ശ്രീധരൻ നായർ, ഇ. കെ. പിള്ള, തെങ്ങുവിളയിൽ ഗോവിന്ദപിള്ള എന്നിവരും പ്രസംഗിച്ചു. ഹെഡ് മാസ്റ്റർ ടി. ടി. സാമുവൽ സ്വാഗതവും കൺവീനർ എൻ. ഗോപിനാഥൻ നായർ കൃതജ്ഞതയും പറഞ്ഞു.

കലാപരിപാടികൾ കാർട്ടൂണിസ്റ്റ് യേശുദാസൻ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികളുമുണ്ടായിരുന്നു. കലോത്സവങ്ങളിലും സ്പോർട്സിലും വിജയിച്ചവർക്ക് സമ്മാനദാനം നടത്തി.

ഈ റിപ്പോർട്ട് എന്തെങ്കിലും വിശേഷം പറഞ്ഞുതരുന്നുണ്ടോ? ഇത് ഒരു സ്കൂൾ വാർഷികത്തിന്റെ റിപ്പോർട്ട് ആണെന്നാണ് വെയ്പ്. പക്ഷെ സ്കൂൾ മാത്രം ഈ റിപ്പോർട്ടിലില്ല. ഒരു പ്രദേശത്തെ ഏറ്റവും വലിയ പൊതുസ്ഥാപനമാണ് സ്കൂൾ. നാട്ടുകാർക്ക് ഇത്രയധികം വൈകാരിക ബന്ധമുള്ള മറ്റൊരു സ്ഥാപനമില്ല. ആ സ്ഥാപനത്തിന്റെ ഒരു വർഷത്തെ പുരോഗതി നാട്ടുകാരുടെ മുൻപിൽ കാണിച്ചുകൊടുക്കാനാണ് സ്കൂൾ വാർഷികം ആഘോഷിക്കുന്നത്. റിപ്പോർട്ടിൽ വരേണ്ടതും അതാണ്. അടൂർ ഗവണ്മെന്റ് ബോയ്സ് എച്ച്. എസ്സിന് കഴിഞ്ഞവർഷം എന്തുപുരോഗതി ഉണ്ടായി? വിദ്യാർത്ഥികളുടെയും അധ്യാപകരുടേയും എണ്ണം കൂടിയോ? ക്ലാസ്സ് മുറികൾ കൂടിയോ? എസ്. എസ്. എൽ. സി. കഴിഞ്ഞകൊല്ലത്തെ ഫലം എന്തായിരുന്നു? സ്പോർട്സിലുള്ള നേട്ടങ്ങൾ എന്തൊക്കെ? കളിസ്ഥലമുണ്ടോ? പുതിയ കെട്ടിടങ്ങളുണ്ടായോ? ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുമോ? ഇതിനൊന്നും റിപ്പോർട്ടിൽ നിന്ന് ഉത്തരം കിട്ടുന്നില്ല. ഹെഡ്മാസ്റ്റർ വായിച്ച റിപ്പോർട്ടിൽ ഇതിനൊക്കെ

ഉത്തരം കിട്ടുമായിരുന്നു. പക്ഷെ അങ്ങനെ ഒരു റിപ്പോർട്ട് വായിച്ച കാര്യം പോലും 'വാർത്ത'യിലില്ല. അട്ടരിന്റെ ഒരു വർഷത്തെ വിദ്യാഭ്യാസ പുരോഗതി വായനക്കാരെ അറിയിക്കുന്നതിനു പകരം, മന്ത്രിയും മെത്രാപ്പോലീത്തായും സ്കൂളിൽ വന്നു് പറഞ്ഞ അർത്ഥശൂന്യമായ കാര്യങ്ങളാണ് ലേഖകൻ അവരെ ധരിപ്പിക്കുന്നതു്. പുതുമയുള്ള, ജനങ്ങൾക്കറിയാൻ താൽപ്പര്യമുള്ള വല്ല കാര്യവും അവർ പറഞ്ഞോ! സ്കൂളിന്റെ കാര്യം ഒന്നും പറയാത്ത സ്കൂൾവാർഷിക റിപ്പോർട്ടായിപ്പോയി ഇതു്.

മറെറാരു റിപ്പോർട്ട് നോക്കാം :

## ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് വർദ്ധിപ്പിക്കും

മലപ്പുറം, നവംബർ 25 — ഗ്രന്ഥശാലാബിൽ കഴിയും വേഗം നിയമസഭയിലവതരിപ്പിക്കുകയും ഗ്രന്ഥശാലകൾക്ക് ഗ്രാന്റ് വർധിപ്പിക്കുകയും ചെയ്യുന്ന കാര്യം ഗവണ്മെന്റിന്റെ സജീവ പരിഗണനയിലുണ്ടെന്നു് വലിയോറ ദേശപ്രബോധഗ്രന്ഥാലയത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തുകൊണ്ടു് വിദ്യാഭ്യാസ വകുപ്പു മന്ത്രി കെ. ചന്ദ്രശേഖരൻ പ്രസ്താവിച്ചു.

ബി. ഡി. ഒ. കെ. പി. ശങ്കരൻ കുട്ടി അധ്യക്ഷതവഹിച്ചു. വായനശാലയ്ക്കു് വേങ്ങര പഞ്ചായത്തു് സംഭാവന ചെയ്ത റേഡിയോവിന്റെ സ്വിച്ച് ഓൺ കർമ്മം പഞ്ചായത്തു പ്രസിഡന്റ് എം. അബ്ദുള്ളഹാജി, സെക്രട്ടറി പി. കെ. അഹമ്മദലി മദനി സ്വാഗതവും ടി. മുഹമ്മദ് നന്ദിയും പറഞ്ഞു.

— മന്ത്രിയുടെ പ്രസംഗത്തിൽ നിന്നു് വായനശാലകൾക്ക് വളരെ താൽപ്പര്യമുള്ള ഒരു കാര്യത്തിനു പ്രാധാന്യം കൊടുത്തു് റിപ്പോർട്ട് തുടങ്ങിയതു നന്നായി. പക്ഷെ, റിപ്പോർട്ട് ചടങ്ങിന്റെ ഒരു വെറും ദൃക്സാക്ഷി വിവരണമേ ആവുന്നുള്ളു. മുഖ്യസംഗതി വായനശാലയാണ്. പക്ഷെ അതുമാത്രം റിപ്പോർട്ടിലില്ല. വായനശാലയ്ക്കു് കെട്ടിടം എങ്ങനെയുണ്ടായി? നാട്ടുകാരുടെ സംഭാവനയാണോ? ഗവൺമെന്റിന്റെ സഹായം ഉണ്ടോ? സ്ഥലം ആരെങ്കിലും ദാനം ചെയ്തതാണോ? ഇതുവരെ വായനശാല എവിടെയാണ് പ്രവർത്തിച്ചിരുന്നതു്? എത്ര പുസ്തകങ്ങളും എത്ര മെമ്പർമാരുമുണ്ടു്? കെട്ടിടം വലുതായപ്പോൾ പുസ്തകങ്ങൾ കൂടിയോ?

ഇതൊക്കെയാണ് റിപ്പോർട്ടിൽ വരേണ്ടിയിരുന്നതു്. അതൊക്കെ അറിയാനാണ് ആളുകൾക്ക് താല്പര്യവും. ചിലതൊക്കെ നാട്ടുകാരിൽ ചിലർക്കെങ്കിലും അറിയാവുന്ന കാര്യങ്ങളായിരിക്കാം. എങ്കിലും പത്രത്തിലൂടെ ഓർമ്മപുതുക്കാൻ കഴിയുമ്പോൾ അവർക്കും വായനശാലയിൽ ഒന്നുകൂടി താല്പര്യം കൂടുന്നു.

ഇനി വേറൊരു റിപ്പോർട്ട് :

## തൊഴിലില്ലായ്മയുടെ പരിഹാരത്തിന്ന് കൂട്ടായ യത്നം വേണം

തൃശ്ശൂർ, നവമ്പർ 27 — തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി കൂട്ടായ പരിശ്രമത്തിലേർപ്പെടാൻ കേരള വാണിജ്യ വ്യവസായ വകുപ്പ് ആവിഷ്ക്കരിച്ചതനുസരിച്ചുള്ള തൃശ്ശൂർ ജില്ലയിലെ ''അരദശലക്ഷം തൊഴിൽ പരിശീലന'' പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് മന്ത്രി കരുണാകരൻ ആഹ്വാനം ചെയ്തു.

ജില്ലാ സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻേറയും ജില്ലാ വ്യവസായ വകുപ്പിൻേറയും സംയുക്താഭിമുഖ്യത്തിൽ നടന്ന ഉദ്ഘാടനയോഗത്തിൽ കാർഷിക സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സി. എം. ജേക്കബ് അധ്യക്ഷത വഹിച്ചു. പി. ഡി. മാത്തുണ്ണിയും ബാലകൃഷ്ണനും അതിഥികളെ ഹാരാർപ്പണം നടത്തി. അസോസിയേഷൻ പ്രസിഡൻറ് സി. വി. ജോസ് സ്വാഗതവും വ്യവസായ ഓഫീസർ എൻ. സി. ജോൺ കൃതജ്ഞതയും പറഞ്ഞു.

— തൊഴിലില്ലായ്മ കൊടുംപിരികൊണ്ടിരിക്കുന്ന കാലത്തു് തൃശ്ശൂർ ജില്ലക്കാർക്ക് വളരെ താല്പര്യമുണ്ടാക്കുന്ന ഒരു കാര്യമാണ് റിപ്പോർട്ടിൻെറ വിഷയം. 'അര ദശലക്ഷം തൊഴിൽപരിശീലന പരിപാടിയാണ്' വാർത്ത. പക്ഷെ അതിനെപ്പററി മാത്രം ഒന്നും റിപ്പോർട്ടിലില്ല. എന്താണ് ഈ പരിപാടി? അഞ്ചുലക്ഷം പേക്ക് തൊഴിൽ കിട്ടാൻ വഴിയുണ്ടോ? എന്തൊക്കെ തൊഴിലിലാണ് പരിശീലനം? ഏതൊക്കെ തരക്കാർക്കാണ് പരിശീലനം? പരിശീലനം കഴിഞ്ഞാൽ തൊഴിൽ കിട്ടാനുള്ള സാധ്യത എന്തൊക്കെ? വല്ല സാമ്പത്തിക സഹായവുമുണ്ടാവുമോ? അതൊന്നും അറിയിക്കാൻ ലേഖകൻ ഒരുങ്ങുന്നില്ല. കരുണാകരൻെറ ഒരു കാര്യവുമി

ല്ലാത്ത ആഹ്വാനത്തിലാണു് അദ്ദേഹത്തിനു താല്പര്യം. ചടങ്ങുവിവരിച്ചതോടെ ചുമതല തീർന്നു എന്നാണു് അദ്ദേഹത്തിന്റെ ഭാവം. അതിൽതന്നെ, ഹാരാർപ്പണം നടത്തിയ മാത്തുണ്ണിയും ബാലകൃഷ്ണനും ആരാണെന്നു പറയുന്നുമില്ല. വർത്തമാനം പറയാത്ത മാതൃക റിപ്പോർട്ടിനു് ഒന്നാംതരം ഉദാഹരണം.

മറെറാരു റിപ്പോർട്ടു് നോക്കുക :

## കർഷകരെ സഹായിക്കാൻ ബാങ്കുകൾ മുന്നോട്ടുവരണം : മുഖ്യമന്ത്രി

കാരാഞ്ചിറ, നവമ്പർ 15 — കാർഷികോൽപ്പന്ന വർദ്ധനവിനുവേണ്ടി കർഷകർക്കു സൗജന്യ നിരക്കിൽ ധനസഹായം ചെയ്യാൻ ബാങ്കുകൾ മുന്നോട്ടുവരണമെന്നു് മുഖ്യമന്ത്രി സി. അച്യുതമേനോൻ ഇന്നിവിടെ അഭ്യർത്ഥിച്ചു.

ഇരട്ടിയിലധികം വിലകൊടുത്തു് ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യുന്ന സ്ഥിതിവിശേഷം ഇല്ലാതാക്കാൻ കാർഷികോല്പന്ന വർധനവ് മാത്രമേ പോംവഴിയുള്ളുവെന്നും മുഖ്യമന്ത്രി പറഞ്ഞു.

സൗത്തിന്ത്യൻ ബാങ്കിന്റെ ഗ്രാമീണ സമുദ്ധരണ പദ്ധതിയനുസരിച്ചുള്ള ''കാട്ടൂർ വില്ലേജ് അഡോപ്ഷൻ സ്കീം'' ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു മുഖ്യമന്ത്രി. വിവിധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ള 25 പേർക്കു് അദ്ദേഹം ക്രെഡിററ് കാർഡ് വിതരണം ചെയ്തു.

കാരാഞ്ചിറ ഹൈസ്കൂൾ മൈതാനിയിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ ബാങ്ക് ചെയർമാൻ ജേക്കബ് കള്ളിയത്തു് സ്വാഗതം പറഞ്ഞു. കനറാ ബാങ്ക് റീജിയണൽ മാനേജർ എം. പി. കിണി, സൗത്തിന്ത്യൻ ബാങ്ക് ഡെപ്യൂട്ടി ജനറൽ മാനേജർ ശേഷാദ്രിനാഥൻ, പി. മേവസ്സി എന്നിവർ പ്രസംഗിച്ചു. കെ. ഡി. ജോസഫ് നന്ദി പറഞ്ഞു.

കേരളത്തിൽ ആദ്യമായാണു് ഗ്രാമവികസനത്തെ ലക്ഷ്യമാക്കിയിട്ടുള്ള ഇത്തരം പദ്ധതി നടപ്പിലാക്കുന്നതെന്നു് സ്വാഗതപ്രസംഗത്തിൽ ചെയർമാൻ കള്ളിയത്തു് അവകാശപ്പെട്ടു.

— ഇവിടെ മുഖ്യമന്ത്രിയുടെ തനിസാധാരണമായ ചടങ്ങുപ്രസംഗത്തിന് എന്തു പ്രസക്തിയാണുള്ളത്? കാട്ടൂർ വില്ലേജ് അഡോപ്ഷൻ സ്കീമാണ് വാർത്ത. എന്തു സാധനമാണത്? കാട്ടൂർ ഗ്രാമക്കാർക്കെങ്കിലും അതു് എന്താണെന്ന് മനസ്സിലാവണ്ടേ? കേരളത്തിൽ ആദ്യത്തേതെന്നു പറയുമ്പോൾ, മറ്റുള്ളവർക്കും അറിയാൻ താൽപര്യമുണ്ടാവും. പക്ഷേ അതിനെപ്പറ്റി ഒരക്ഷരം പറയാതെ, ചടങ്ങും പ്രസംഗവും വിവരിച്ച് വിലപ്പെട്ട സ്ഥലം കളഞ്ഞിരിക്കുകയാണ് ലേഖകൻ. ക്രെഡിറ്റ്കാർഡ് എന്തിനുള്ളതാണെന്നും പറയുന്നില്ല.

മുഖ്യമന്ത്രിയോ അതുപോലുള്ള ആരെങ്കിലുമോ പ്രസംഗിച്ചാൽ അതാണ് വിശേഷം, മറ്റൊന്നും വേണ്ട എന്നാണ് പല ലേഖകന്മാരുടെയും ധാരണ. ഈ റിപ്പോർട്ട് നോക്കൂ :

## തിരുത്തുമ്മൽ ബണ്ട് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു

പാലക്കാട്, നവംബർ 16 — ജനതയുടെ പ്രയത്നശേഷി ഉപയോഗപ്പെടുത്താൻ കഴിയുംവിധം ഫലപ്രദമായ തൊഴിലവസരങ്ങൾ ഉണ്ടാക്കിയാൽ മാത്രമേ രാഷ്ട്രവികസന യജ്ഞം പൂർണ്ണമാക്കാൻ സാധിക്കുകയുള്ളൂവെന്ന് കേരള മുഖ്യമന്ത്രി സി. അച്യുതമേനോൻ ഉദ്ബോധിപ്പിച്ചു. തൊഴിലില്ലായ്മ പരിഹരിക്കാനുള്ള താൽക്കാലിക പദ്ധതികൾ, സ്ഥിരം തൊഴിലവസരങ്ങളുണ്ടാക്കാനുള്ള ദീർഘകാല പരിപാടിയുമായി പൊരുത്തപ്പെടുന്നവയാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

തൃത്താല ബ്ലോക്കിന്റെ പൈലറ്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി 63,000 രൂപ ചെലവിൽ പണി കഴിപ്പിച്ച തിരുത്തുമ്മൽ ബണ്ടിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

കോടനാട് മൃഗാസ്പത്രി പരിസരത്തു ചേർന്ന പൊതുസമ്മേളനത്തിൽ സാമൂഹ്യ വികസന മന്ത്രി വെള്ള ഈച്ചരൻ അദ്ധ്യക്ഷത വഹിച്ചു. നേരത്തെ ഉദ്ഘാടന സ്മാരക ഫലകം മന്ത്രി ഈച്ചരൻ അനാച്ഛാദനം ചെയ്തു.

തൃത്താല ബ്ലോക്കിലെ ഏഴ് പഞ്ചായത്തുകളിലായി പാവപ്പെട്ട വർക്ക് 270 വീടുകൾ പണിയാനുള്ള ഒരു സ്കീം പൈലററ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇതിൽ 34 വീടുകളുടെ നിർമ്മാണം നടത്തുകയാണെന്നും മന്ത്രി ഈശ്വരൻ പറഞ്ഞു.

— ഇവിടെയും വാർത്തയിലല്ല, ചടങ്ങുകളിലാണ് ലേഖകന്റെ ശ്രദ്ധ. തിരുത്തുമ്മൽ ബണ്ടിൽ ഊന്നിയാണ് റിപ്പോർട്ട് എഴുതേണ്ടിയിരുന്നത്. ബണ്ടുകൊണ്ടുള്ള പ്രയോജനമെന്താണ്? എത്ര സ്ഥലത്ത് കൃഷിക്ക് ഉപകാരപ്പെടും? അവസാനം പറയുന്ന വീടുകൾക്ക് അർഹരായ 'പാവപ്പെട്ടവർ' ആരൊക്കെയാണ്? ആ പാവപ്പെട്ടവരെ എങ്ങനെയാണ് തെരഞ്ഞെടുക്കുന്നത്.? വീട് സൗജന്യമായി കൊടുക്കുമോ? ഇതൊക്കെയാണ് നാട്ടുകാർക്ക് അറിയേണ്ടിയിരുന്നത്. പക്ഷെ അതൊന്നും പത്രം വായിച്ചിട്ട് അറിയുന്നില്ല.

ഈ റിപ്പോർട്ട് കൂടി പരിശോധിച്ച് ഈ ചർച്ച നിർത്താം:

## ജലസമ്പത്ത് പ്രയോജനകരമാക്കണം : സ്പീക്കർ

മലപ്പുറം, നവമ്പർ 28 — കേരളത്തിന്റെ ജലസമ്പത്ത് വൃഥാ കടലിലേക്ക് ഒഴുകാൻ അനുവദിക്കാതെ കൃഷിക്കാർക്ക് ഉപകാരപ്രദമായി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭം ഗവൺമെൻറ് ത്വരിതപ്പെടുത്തണമെന്ന് കേരളാ നിയമസഭാ സ്പീക്കർ കെ. മൊയ്തീൻകുട്ടി ഹാജി അഭിപ്രായപ്പെട്ടു.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളുടെ കൃഷിയിലൂടെയും മററു കർമ്മപദ്ധതികളുടെ നിർവ്വഹണത്തിലൂടെയും മലപ്പുറം ജില്ലയിൽ ഭക്ഷ്യോൽപാദനം ഇരട്ടിപ്പിക്കാനുള്ള വിവിധ മാർഗ്ഗങ്ങൾക്കു രൂപം നൽകാൻ തിരൂർ തുഞ്ചൻ ഓഡിറേറാറിയത്തിൽ ചേർന്ന ജില്ലാതല ഏകദിന കർഷക കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിവിധ വകുപ്പുമേധാവികൾ, ജില്ലയിലെ ലീഡ് ബാങ്കായ കനറാ ബാങ്കിന്റെ റീജിയനൽ മാനേജർ എൻ. ഭാസ്കരമേനോൻ, ബി. ഡി. ഒ. മാർ, കർഷകപ്രതിനിധികൾ മുതലായവർ കൺവെൻഷനിൽ സംബന്ധിച്ചു.

കേരള കാർഷിക സർവ്വകലാശാല ഗവേഷണ വിഭാഗം മേധാവി ഡോ. എം. ആർ. ഗോപാലകൃഷ്ണൻ നായർ അധ്യക്ഷത

വഹിച്ചു. കൃഷിശാസ്ത്രീയാടിസ്ഥാനത്തിൽ സംവിധാനം ചെയ്യേണ്ടതിന്റെ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

അത്യുൽപ്പാദനശേഷിയുള്ള വിത്തു് ഉപയോഗിച്ചു് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഏറ്റവും സാധ്യതയുള്ള ജില്ല മലപ്പുറമാണെന്നു് കൃഷിവകുപ്പു് ജോയിന്റ് ഡയറക്ടർ ഒ. വി. ഉമ്മർകുട്ടി പറഞ്ഞു.

ഗവൺമെന്റിന്റെ കാര്യമായ സഹായസഹകരണങ്ങൾ ഇല്ലാതെതന്നെ ജില്ലയിൽ കഴിഞ്ഞ മൂന്നുകൊല്ലത്തിനകം ആറായിരം ഹെക്ടറിൽ കൂടുതൽ കൃഷി ആരംഭിച്ചിട്ടുണ്ടെന്നു് കൃഷിവകുപ്പു് ഡെപ്യൂട്ടി ഡയറക്ടർ കെ. കോയാമു പറഞ്ഞു.

ജില്ലാ കൃഷി ഓഫീസർ ചാമിക്കുട്ടി സ്വാഗതവും സബ്ജക്റ്റ് മാറ്റർ സ്പെഷലിസ്റ്റ് സി. ആന്റണി നന്ദിയും പറഞ്ഞു.

ഇവിടെ മലപ്പുറം ജില്ലയിൽ ഭക്ഷ്യോൽപാദനം ഇരട്ടിയാക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ വിദഗ്ധന്മാർ പങ്കെടുത്ത ഏകദിന കൺവെൻഷൻ ആണു് വാർത്ത. അവർ എന്തൊക്കെ വഴികളാണു് പറയുന്നതു്? മലപ്പുറം ജില്ലയിലെ കൃഷിക്കാർക്കു് അറിയാൻ വലിയ താൽപര്യമുണ്ടു്. പക്ഷെ ലേഖകൻ ആ കാര്യംവിട്ടു് ഉദ്ഘാടനച്ചടങ്ങേ കാണുന്നുള്ളു. കൃഷിവിദഗ്ധന്മാർ പങ്കെടുത്തിട്ടും, കൃഷിവിദഗ്ധനല്ലാത്ത സ്പീക്കറുടെ പ്രസംഗത്തിൽ ഊന്നി ഉദ്ഘാടനച്ചടങ്ങു് റിപ്പോർട്ടു് ചെയ്യാനാണു് അദ്ദേഹത്തിനു താൽപര്യം. കൺവെൻഷൻ നിശ്ശേഷം വിട്ടുകളഞ്ഞിരിക്കുന്നു. വിദഗ്ധന്മാർ പങ്കെടുക്കുന്ന സിമ്പോസിയങ്ങൾക്കും ചർച്ചായോഗങ്ങൾക്കുമെല്ലാം നമ്മുടെ പത്രങ്ങളിൽ ഈ ഗതികേടു പറ്റുന്നു. വിദഗ്ധരല്ലാത്തവർ അരങ്ങു തകർക്കുന്ന ഉദ്ഘാടനച്ചടങ്ങുകളുടെ വിവരണംകൊണ്ടു് ലേഖകന്മാർ തൃപ്തിപ്പെടുന്നു.

വർത്തമാനം എന്നാൽ വാർത്തയാണു്, വിശേഷമാണു്. അതിന്റെ വാലായി മാത്രം റിപ്പോർട്ടിൽ സ്ഥാനം പിടിക്കേണ്ടതാണു് ചടങ്ങിന്റെ വിവരണം. ഇന്നത്തെ മിക്ക റിപ്പോർട്ടുകളും തലയും ഉടലുമില്ലാത്ത വാലറ്റങ്ങൾ മാത്രമാണു്.

ആറ്:

# പേപ്പട്ടിയെ തല്ലിക്കൊല്ലാൻ ആണുങ്ങളില്ലേ!

''ഇവിടെ പേപ്പട്ടിശല്യം വർദ്ധിച്ചിരിക്കുന്നു. അധികൃതർ ശ്രദ്ധിക്കണം.''

— ഇത്തരം റിപ്പോർട്ടുകൾ മിക്കവാറും എല്ലാ പത്രമോഫീസുകളിലും കിട്ടാറുണ്ട്. എന്തുകാര്യം!

ഏതു അധികൃതരാണ് ശ്രദ്ധിക്കേണ്ടത്?

പേപ്പട്ടിയെ തല്ലിക്കൊല്ലാൻ നാട്ടിൽ ആണുങ്ങളില്ലേ? അതിനും പോലീസോ മുനിസിപ്പൽ കമ്മീഷണറോ വരണമോ!

പേപ്പട്ടി നാലുപേരെ കടിച്ചാൽ വാർത്തയാണ്. എത്രപേർ ചികിത്സയിലുണ്ട്? കുത്തിവയ്പിനുള്ള മരുന്നില്ലേ? മരുന്നെത്തിക്കാൻ വല്ലതും ചെയ്യുന്നുണ്ടോ? സ്ഥലത്തെ ആരോഗ്യകേന്ദ്രത്തിലോ ആസ്പത്രിയിലോ കൈകാര്യം ചെയ്യാൻ വയ്യാത്തവിധം പട്ടികടി കൂടിവരുന്നുണ്ടോ? വല്ലവരും മരിച്ചുവോ?

''പേപ്പട്ടി ശല്യം വർധിക്കുന്നു''! — എവിടെയാണ് പേപ്പട്ടി ശല്യം ഇല്ലാത്തത്! അതിലെന്താണ് വിശേഷം? എത്രപേരെ കടിച്ചു, ആരൊക്കെയാണ് ചികിൽസയിലുള്ളത്, വല്ലവരും മരിച്ചോ — ആ വിവരങ്ങൾ ഉണ്ടെങ്കിലേ എല്ലാ നാട്ടിലുമുള്ള പട്ടികടി ലേഖകന്റെ നാട്ടിലെ വിശേഷമാവുന്നുള്ളു. അല്ലാഞ്ഞാൽ, ഏതു സ്ഥലത്തിന്റെ പേരുവച്ചുകൊടുത്താലും വിരോധമില്ലാത്ത സാധാരണ സംഗതിയേ ആവൂ. അങ്ങനെ വെറുതെ നിലവിളിച്ചിട്ടു കാര്യമില്ല. പട്ടിയെ കൊല്ലാൻ ആരും വരില്ല. പട്ടി അവസാനം ലേഖകനെത്തന്നെ കടിച്ചെന്നും വരും. മറിച്ച്, വിശദവിവരങ്ങളുള്ള റിപ്പോർട്ടാണെങ്കിൽ, ലേഖകൻ പറയാതെതന്നെ, അധികൃതർ ശ്രദ്ധിക്കുകയും ചെയ്യും.

''അസംഭവങ്ങൾ'' വാർത്തയാകുന്ന കാര്യം നേരത്തേ പറഞ്ഞിട്ടുണ്ടല്ലോ. അവ ഇന്ന് വെറും പരാതികളായി തരംതാഴുകയാണെന്നും സൂചിപ്പിക്കുകയുണ്ടായി. പതിവു വിഷയങ്ങളിൽ ഒന്നായ റോഡ് പ്രശ്നം എങ്ങനെ നല്ല വാർത്തയാക്കാമെന്നും സാമാന്യമായി പറഞ്ഞുവച്ചിട്ടുണ്ട്.

നാട്ടുകാർ പ്രമേയം പാസാക്കുകയോ ക്ഷോഭിക്കുകയോ ചെയ്യാത്തപ്പോഴും അക്കാര്യം വാർത്തയാക്കാം. ലേഖകൻ അന്വേഷിച്ച് വിവരങ്ങൾ സമ്പാദിച്ച് റിപ്പോർട്ടിന് കനം കൂട്ടണമെന്നു മാത്രം. ആരാണ് റോഡ് നന്നാക്കാൻ ചുമതലപ്പെട്ടവർ? — അവരോട് അന്വേഷിക്കുക. എന്താണ് റോഡ് പണിക്ക് തടസ്സം? പണം ഇല്ലാഞ്ഞിട്ടാണോ? പണം അനുവദിച്ചു കിട്ടിയില്ലേ? ഏതു വകുപ്പുകാരാണ് റോഡ് നന്നാക്കേണ്ടത്? അക്കാര്യം സംബന്ധിച്ച തർക്കം ഉണ്ടോ? കൂടെ, റോഡിന്റെ പ്രാധാന്യം, റോഡ് മോശമായി കിടക്കുന്നതുകൊണ്ട് നാട്ടുകാർക്കുള്ള ബുദ്ധിമുട്ട് — ഈ വിവരങ്ങളൊക്കെക്കൂടിയാകുമ്പോൾ വായിക്കാൻ രസമുള്ള കഥയാവും. ലേഖകന്റെ ഉത്തരവില്ലാതെതന്നെ, നാട്ടുകാരുടെ ആവശ്യം അധികൃതരുടെ ശ്രദ്ധയിൽ പെടുകയും ചെയ്യും.

ഈ റിപ്പോർട്ട് നോക്കൂ :

മണ്ണാർക്കാട് പോലീസ് സ്റ്റേഷൻ പരിസരത്തുനിന്നും നാരങ്ങാപെറ്റക്ക പോകാൻ കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്ന ഒരു വഴിയുണ്ട്. നിരവധി ബാലികാബാലന്മാർ ഈ വഴിയിൽ കൂടിയാണ് വിദ്യാലയങ്ങളിലേക്ക് വരുന്നതും പോകുന്നതും. വഴക്കൈമന്ന് എന്നാണ് ഈ വഴിക്ക് പേരിട്ടിട്ടുള്ളത്. നിരവധിപേർ നിത്യേന ഉപയോഗിച്ചുവരുന്ന ഈ വഴിയുടെ കാര്യത്തിൽ വേണ്ടപ്പെട്ടവരുടെ ശ്രദ്ധ ഉടനടി പതിയേണ്ടിയിരിക്കുന്നു.

— ഇവിടെ ലേഖകൻ സ്വന്തം ഒരു ആവശ്യം എഴുതിയതുപോലുണ്ട്. നന്നാക്കിക്കിട്ടാൻ മാത്രം പ്രാധാന്യം ഈ വഴിക്കുണ്ടെന്ന് റിപ്പോർട്ട് വായിച്ചാൽ ബോധ്യം വരില്ല. എങ്ങനെയാണ് വഴി നന്നാക്കേണ്ടത്? നടവഴിയോ നിരത്തോ? ''കാലാകാല'' മായുള്ള ഈ വഴി നന്നാക്കാറില്ലേ? ആർക്കാണ് അതിന്റെ ചുമതല? ആരാണ് ''ബന്ധപ്പെട്ടവർ''? നാട്ടുകാർ മുൻപ് ഇതുസംബന്ധിച്ച് എന്തെങ്കിലും ചെയ്തിട്ടുണ്ടോ? എത്രനീളം വരുന്ന വഴിയാണ്? എത്ര

കൊണ്ടാണ് ഈ വഴി നന്നാക്കാൻ ''ബന്ധപ്പെട്ടവർ'' ശ്രദ്ധിക്കാത്തത്? പഞ്ചായത്തും രാഷ്ട്രീയ കക്ഷികളും മററു സംഘടനകളുമൊന്നും ഇതിൽ താൽപര്യം കാണിച്ചിട്ടില്ലേ? വഴി നടവഴിയാണെങ്കിൽ അതു നിരത്താക്കാൻ പററുമോ? പററുമെങ്കിൽ, അതുകൊണ്ട് വികസനത്തിന് എത്രമാത്രം സഹായകമാകും? ഏതൊക്കെ പ്രദേശങ്ങളെ കൂട്ടിയിണക്കുന്നതാണ് വഴി? അങ്ങനെ പല വിവരങ്ങളും ചേർത്തു് ഒരു നല്ല അന്വേഷണ റിപ്പോർട്ടുണ്ടാക്കാം. അതു് നല്ലൊരു വികസനകാര്യ റിപ്പോർട്ടുമാവും. ഇപ്പോഴത്തെ നിലയ്ക്ക്, ഈ റിപ്പോർട്ട് ഒരു ഹരജി എന്ന നിലയ്ക്ക് ''ബന്ധപ്പെട്ടവർക്ക്'' അയച്ചു കൊടുക്കാൻ പോലും പററില്ല. അയച്ചുകൊടുത്താൽ ശ്രദ്ധിക്കുകയുമില്ല.

പരാതികളും വാർത്തയാവുന്നതു് കാര്യത്തിന്റെ നാനാവശങ്ങളും തൊടുന്ന വിവരങ്ങളും മുഴുവൻവെച്ച് എഴുതുമ്പോഴാണ്. വിവരങ്ങളും തേടിപ്പിടിക്കാൻ കുറച്ച് അധ്വാനം ഉണ്ടെന്നുമാത്രം. ഇന്ന് എഴുതാൻ വാർത്തയൊന്നുമില്ല എന്നുവെച്ച് വീട്ടിൽ ചാരുകസേരയിലിരുന്ന്, ''വിദ്യുച്ഛക്തി കിട്ടാൻ പണം അടച്ച് ഒരുകൊല്ലമായി നാട്ടുകാർ കാത്തിരിക്കുകയാണ്. അധികൃതർ ശ്രദ്ധിക്കണം.'' എന്നൊരു ഉത്തരവ് പത്രമോഫീസിലേക്ക് അയച്ചാലോ. കാര്യം അത്ര ഗൗരവമുള്ളതാണെങ്കിൽ, വിദ്യുച്ഛക്തി വകപ്പുകാരെ ചെന്നു കാണണം. എന്താണ് കാലതാമസമെന്ന് അറിയണം. ഇനിയും എത്ര വൈകും? എത്ര ആളുകളാണ് പണമടച്ച് കാത്തിരിക്കുന്നതു്? വിദ്യുച്ഛക്തി കിട്ടാൻ വൈകുന്നതു കൊണ്ട് ജലസേചന പണികളും വ്യവസായ സംരംഭങ്ങളും മുടങ്ങിയിട്ടുണ്ടോ? ലേഖകൻ കുറച്ചു വെയിലുകൊണ്ടാലേ ഈ വിവരങ്ങളൊക്കെ കിട്ടൂ. ആ വിവരങ്ങളും കിട്ടിയാലേ പത്രത്തിൽ കൊടുക്കാവുന്ന റിപ്പോർട്ടാവൂ.

പരാതികളും ഈ തരത്തിൽ അന്വേഷണപരമായ റിപ്പോർട്ടാക്കി മാററാം. അന്വേഷണപരമായ റിപ്പോർട്ടിംഗ് പത്രപ്രവർത്തനത്തിലെ മേത്തരം പണിയാണ്. വൻ വേഷക്കാരായ ലേഖകന്മാരാണ് അതിനു ഒരുങ്ങാററ്. പ്രാദേശിക ലേഖകർക്കും ആ വഴിക്ക് ചിലതൊക്കെ ചെയ്യാം. നാട്ടുകാരുടെ ആവശ്യങ്ങളും പരാതികളും അതിന് സന്ദർഭമുണ്ടാക്കുന്നു. എല്ലാവരും ആവശ്യങ്ങളും പരാതികളും കുറിച്ചയക്കാറുണ്ട്. പക്ഷെ അന്വേഷണപരമായ റിപ്പോർട്ടാവാറില്ല. പലരും സ്വന്തം ആവശ്യങ്ങളും പരാതികളും നാട്ടുകാരുടെ

തലയിൽകേററി പൊതുതാല്പര്യമാക്കി എഴുന്നെള്ളിക്കാൻ നോക്കാറുണ്ട്. അതുകൊണ്ട് എന്തു കാര്യം?

ഗൗരവമുള്ള ആക്ഷേപങ്ങളും ലേഖകർ അയക്കാറുണ്ട്. തെളിവുകൾകാട്ടി പറയുമ്പോഴേ ആക്ഷേപത്തിനു വിലയുള്ളു. നാട്ടുകാർ അങ്ങനെ പറയുന്നു, ഇങ്ങനെ പറയുന്നു എന്നു് എഴുതിയതുകൊണ്ടായില്ല. വ്യക്തിവിദ്വേഷം വച്ചോ സ്വാർത്ഥതാല്പര്യംകൊണ്ടോ എഴുതുകയാണെന്നേ തോന്നൂ.

ഇതാ ഒരു റിപ്പോർട്ട് :

## വടകരയുടെ വികസനത്തിന് ഒന്നും ചെയ്തിട്ടില്ല

വടകര : വടകരനഗരസഭാ കൗൺസിൽ വടകരയുടെ വികസനത്തിനു വേണ്ടി നാളിതുവരെയായി ഒന്നും ചെയ്തിട്ടില്ലെന്നു പരാതി പൊന്തിവന്നിരിക്കുന്നു.

ചെയർമാനും കൗൺസിലർമാരും സ്വന്തം താല്പര്യത്തിനുവേണ്ടി അധികാരസ്ഥാനങ്ങൾ ദുർവിനിയോഗം ചെയ്തുവരുന്നതായി പറയപ്പെടുന്നു. അവരുടെ ഭാര്യമാർക്കോ കുട്ടികൾക്കോ അസുഖം വന്നാൽ അതിനു ചെലവാകുന്ന തുകവരെ കൗൺസിലിൽ അവതരിപ്പിച്ച് വാങ്ങുന്നു.

ഓഫീസാവശ്യത്തിനെന്ന വ്യാജേന സുഖവാസകേന്ദ്രങ്ങൾ സന്ദർശിച്ചു ആ ചെലവു കൂടി പാസ്സാക്കിയെടുക്കുന്നതായും ആരോപണമുണ്ട്. ഓരോ കൗൺസിൽ യോഗങ്ങളിലും ഇത്തരം ചെലവുകളുടെ നീണ്ട പട്ടികതന്നെ കാണാം. നഗരവികസനത്തിന് യാതൊരു പദ്ധതിയും കാണില്ല. അക്കാര്യങ്ങളിലെല്ലാം എല്ലാവരും നിശബ്ദത പാലിക്കുകയാണ്.

— ലേഖകൻ കൗൺസിലർമാരോടുള്ള വ്യക്തിപരമായ വിരോധം വച്ചു് എഴുതിയ റിപ്പോർട്ടാണ് ഇതെന്നേ തോന്നൂ. എവിടെയാണ് പരാതി പൊന്തിവന്നിട്ടുള്ളത്? ആർക്കാണ് ആക്ഷേപം? ആരോപണങ്ങൾക്ക് അടിസ്ഥാനമായ സംഭവങ്ങൾ പറയേണ്ടതായിരുന്നു. ചെയർമാനും കൗൺസിലർമാരും ഏതൊക്കെ തരത്തിലാണ് അധികാരസ്ഥാനങ്ങൾ ദുരുപയോഗപ്പെടുത്തിയിട്ടുള്ളത്? ഭാര്യമാർക്കും കുട്ടികൾക്കും ചികിത്സയ്ക്കുള്ള പണം ആരൊക്കെ

യാണ് കൗൺസിലിൽ നിന്നു പാസ്സാക്കിച്ച വാങ്ങിയിട്ടുള്ളതു്? കൗൺസിലർമാരുടെ സ്വാൎത്ഥപരമായ വിനോദയാത്രകളുടെ "നീണ്ട പട്ടിക" എന്താണു്? ഇതൊന്നും പറയാത്ത ഇത്തരം റിപ്പോർട്ടുകൾ പത്രത്തിൽ കൊടുക്കാനേ പററില്ല.

മറെറാരു റിപ്പോർട്ടു നോക്കു:

## റോഡിന്റെ പേരിൽ തട്ടിപ്പ്

തരുവണ : വെള്ളമുണ്ട പഞ്ചായത്തിന്റെ കീഴിലുള്ള എട്ടു റോഡുകളുടെ പേരിൽ യാതൊരു പണിയും നടക്കാതെതന്നെ പണി നടന്നതായി കാണിച്ച് 18000 രൂപയോളം തട്ടിയെടുത്തതായി പരാതിയുയർന്നു.

പുളിഞ്ഞാൽ–മംഗലശ്ശേരി, പുളിഞ്ഞാൽ–ആറാംതോട്, പുളിഞ്ഞാൽ–വെളിയരണ, അമരയിൽ–മൊണ്ണഞ്ചേരി, മംഗലശ്ശേരി–കൊച്ചുവയൽ, വെളിയരണ–ഹോസ്പിററൽ, വെളിയരണ–മംഗലശ്ശേരി, പുളിഞ്ഞാൽ–കണ്ണിവയൽ എന്നീ റോഡുകളുടെ പേരിലാണത്രേ പണം തട്ടിയതു്. ഇതിൽ രണ്ടെണ്ണം സ്വകാര്യറോഡുകളാണ്. പുളിഞ്ഞാൽ–വെളിയരണ റോഡ് നാട്ടുകാർ ചേർന്നു് ശ്രമദാനമായി നന്നാക്കിയിരുന്നു. രണ്ടു റോഡുകളുടെ പണി പൂർത്തിയായില്ലെന്നു പറഞ്ഞു് അതിന്റെ ബില്ല് പാസ്സാക്കുകയും ചെയ്തില്ല. എന്നാൽ ഇതിൽ ഒരൊറററോഡിനുപോലും പഞ്ചായത്തുവകയായി അററകുററപ്പണികളൊന്നും നടന്നിട്ടില്ല മാർച്ചിൽ അററകുററപ്പണി നടത്തിയതായിട്ടാണു് ബില്ലിൽ കാണിച്ചതത്രേ.

— വളരെ ഗൗരവമുള്ള വിഷയമാണു് ഇവിടെ വെളിപ്പെടുത്തിയിരിക്കുന്നതു്. പക്ഷെ, ആരാണ് പണം പററിച്ചതു്, ആരാണു് ബിൽ പാസ്സാക്കിയതു്, ആരൊക്കെയാണു് ഉത്തരവാദികൾ എന്നീ കാര്യങ്ങൾ പറയേണ്ടതായിരുന്നു. അതൊക്കെ കണ്ടുപിടിക്കാൻ വിഷമവുമില്ല. മികച്ചതാവുമായിരുന്ന ഒരു അന്വേഷണാത്മക റിപ്പോർട്ടു് അങ്ങനെ പ്രധാന വിവരങ്ങൾ ഇല്ലാത്തതിനാൽ വേണ്ടപോലെ ഫലിക്കാതെപോയി.

ചുരുക്കത്തിൽ, കാര്യങ്ങൾ അന്വേഷിച്ചു മനസ്സിലാക്കാതെ കററം പറയലാവരുതു് ലേഖകന്റെ സ്വഭാവം. ആ സ്വഭാവം അയാളെ ഒരിക്കലും നല്ല ലേഖകനാക്കുകയില്ല. വ്യക്തിപരമായ വിരോധം കാട്ടാൻ ഒരുമ്പെടുന്നവന്റെ കാര്യം പറയാനുമില്ല.

ഏഴ് :

# ഇടയ്ക്കൊരു കഥ പറയൂ

കീഴ്മാടത്തിൽ ജോസഫിന്റെ മകൻ ജെയിംസും പുത്തൻപുരയ്ക്കൽ വർഗ്ഗീസിന്റെ മകൾ മോളിയും കല്യാണം കഴിച്ചിരിക്കുന്നു........ ഒരു ആദിവാസി പെൺകുട്ടിയെ അഞ്ചുപേർ ചേർന്ന് ബലാൽസംഗം ചെയ്തിരിക്കുന്നു........പഴയ കോൺഗ്രസ് പ്രവർത്തകനായ എൻ. രാമൻപിള്ള മരിച്ചിരിക്കുന്നു.........

സ്ഥലത്തെ പൊതുപ്രവർത്തകനായ പി. കൃഷ്ണൻകുട്ടിയെ ആരോ വെട്ടികൊലപ്പെടുത്തിയിരിക്കുന്നു............

കെ. മൊയ്തുഹാജിയുടെ പലവ്യഞ്ജനക്കട കുത്തിത്തുറന്ന് ആരോ 1500 രൂപയുടെ സാധനങ്ങൾ മോഷ്ടിച്ചിരിക്കുന്നു.........നാട്ടുനന്നാക്കാൻ ചന്തപ്പടിക്കലെ പൊതുയോഗത്തിൽ യുവനേതാവ് ആഹ്വാനം ചെയ്തിരിക്കുന്നു.............

വ്യഭിചാരക്കുററത്തിന് ഒരു യുവതിയേയും രണ്ടു യുവാക്കളെയും അറസ്റ്റു ചെയ്തിരിക്കുന്നു.

അങ്ങനെ എല്ലാ ദിവസവും നിങ്ങൾ പത്രംവഴി നാട്ടുകാർക്ക് ഓരോ വിശേഷം പറഞ്ഞുകൊടുക്കുന്നു. എല്ലാം നടന്ന കാര്യങ്ങൾ. എന്നാൽ ഇടയ്ക്ക് ഒരു കഥയും പറഞ്ഞുകൊടുത്തുകൂടെ, കഥപറയുംപോലെത്തന്നെ? പക്ഷെ പത്രത്തിൽ കെട്ടിച്ചമച്ച കഥ പററില്ല. നടന്നതേ പറയാവൂ, നടക്കാറുന്നതേ പറയാവൂ, നടക്കുന്നതായി തോന്നാത്ത കാര്യം നടക്കുന്നതായി വിശ്വാസം വരുന്നതരത്തിലേ പറയാവൂ. ചുരുക്കത്തിൽ, പറയുന്ന കഥ ഭാവനാസൃഷ്ടി ആവരുത്, സത്യമായിരിക്കണം. അതിന്ന് വായനക്കാരുടെ താൽപ്പര്യമുണർത്താനും കഴിയണം.

സാധാരണ റിപ്പോർട്ട് ചെയ്യുന്ന സംഭവംതന്നെ കഥയാക്കി പറയാം. പക്ഷെ കഥപോലെ പറയാനുള്ള കഴിവുവേണം; കള്ളം പറയാനും പാടില്ല.

ഒരു ഉദാഹരണം :

''കൗസുമ്മ (70) കുളത്തിൽ വീണു മരിച്ചു.''

— സാധാരണ ഒററ വാചകത്തിൽ കഥകഴിക്കുന്ന ഒരു ദുർമരണ റിപ്പോർട്ടാണ് ഇതു്. പക്ഷെ സംഭവത്തിൻെറ പിന്നിലേക്കുകൂടി അന്വേഷിച്ചു ചെല്ലാൻ താല്പര്യമുള്ള ലേഖകൻ ഇതു് വായനക്കാരെ കരയിക്കുന്ന കഥയാക്കി ഏതാണ്ടിങ്ങനെ എഴുതും:

''നബീസ വിശന്നു കാത്തിരിക്കുന്നു. ആ അഞ്ചുവയസ്സുകാരി കൂരയുടെ കോലായിൽ ഈ കാത്തിരിപ്പു തുടങ്ങിയിട്ടു് ഏറെ നേരമായി. പെരുന്നാളിൻെറ തലേന്നാണു്. വെയിലാറിത്തുടങ്ങുന്നു.

ഉമ്മയുടെ ഉമ്മ 'സക്കാത്തു' വാങ്ങാൻ ഉച്ചയ്ക്കു മുൻപെ ഇറങ്ങിയതാണു്. വലിയവീട്ടുകാർ പെരുന്നാൾകാലത്തു് ചോറും കറിയും തുണിയുമൊക്കെ പാവങ്ങൾക്കു കൊടുക്കും. ഇന്നു നല്ല കോളാണു്. വയറുനിറയെ ഉണ്ണാം; നല്ല തുണി ഉടുക്കാം.........

വെയിലാറുന്നു. എന്താണു് ഉമ്മൂമ്മയെ കാണാത്തതു്? വിശന്നു വിശന്നു് ഇപ്പോ ചാവും.........ഉമ്മൂമ്മ പോയേടത്തു് വർത്തമാനം പറഞ്ഞിരിക്കുകയാണോ!

നബീസ കാത്തിരിക്കുന്നു. ഉമ്മൂമ്മയായ കൗസുമ്മയുടെ (70) ജഡം പോസ്റ്റ്മോർട്ടത്തിനു കൊണ്ടുപോവുകയാണെന്നു് നബീസ അറിയുന്നില്ല. സൗജന്യം കിട്ടിയ ഭക്ഷണവും വസ്ത്രവും ഭാണ്ഡം കെട്ടിമടങ്ങും വഴി കൗസുമ്മ ചാണകം ചവിട്ടി. വഴിവക്കത്തുള്ള കുളത്തിൽ കാൽകഴുകാം. ഭാണ്ഡം താഴെവെച്ചു് കുളത്തിലിറങ്ങി. കാൽ വഴുതി വീണു. കുളക്കരയിലുള്ള ചാണകത്തിൽ കാൽപ്പാടുണ്ടു്. ഭാണ്ഡവും കാൽപ്പാടും കണ്ടു് സംശയം തോന്നി ചിലർ ഇറങ്ങിത്തപ്പിയപ്പോഴാണു് ശവം കണ്ടുകിട്ടിയതു്.

നേരത്തെ ഉമ്മയും ബാപ്പയും തോണിയപകടത്തിൽ മരിച്ച നബീസ ഉമ്മൂമ്മയെ കാത്തിരിക്കുന്നു. അവൾക്കുള്ള ചോറും കറിയും കുളക്കരയിൽ കിടക്കുകയാണു്.

— 70 വയസ്സായ ഒരു വൃദ്ധയുടെ ദുർമരണം വായനക്കാരെ അത്രയൊന്നും വിഷമിപ്പിക്കില്ല. പക്ഷെ ഇവിടെ വൃദ്ധയുടെ മരണ

ത്തിൽ അനാഥയായ ഒരു കൊച്ചുപെൺകുട്ടിയുടെ ജീവിതം വായനക്കാരുടെ മനസ്സ് വേദനിപ്പിക്കുന്ന പ്രശ്നമായി ഉയരുന്നു. ഇവിടെ ലേഖകൻ വെറുതെ ഒരു കഥ പറഞ്ഞതല്ല. കാര്യം മുഴുവൻ മനസ്സിലാക്കാൻ മിനക്കെട്ടുകൊണ്ട് ഒരു ദാരുണകഥ പറയാൻ അയാൾക്ക കഴിഞ്ഞു. അപ്പോൾ അതു് ഒരു വൃദ്ധയുടെ മരണമെന്ന ചെറിയ കാര്യംവിട്ട് ഒരു കുട്ടിയുടെ ജീവിതമെന്ന വലിയ പ്രശ്നമായി. അതുകൊണ്ട് തന്നെ അതു് ആരേയും ആകർഷിക്കുന്ന ഒരു വലിയ വാർത്തയുമാവുന്നു.

എല്ലാ സംഭവവും ഇങ്ങനെ കഥയാക്കി പറയാമെന്ന് കരുതരുതു്. ബസ്സ് മറിഞ്ഞു് പത്തുപേർ മരിച്ചാൽ ആ പത്തുപേരുടേയും വീട്ടിൽ അമ്മയും പെങ്ങളും ഭാര്യയും കുട്ടികളും കാത്തിരിക്കുന്നതു വിവരിച്ച് കഥപറയാൻ പുറപ്പെട്ടാൽ എങ്ങനെയിരിക്കും! ഇവിടെ പത്തുപേർ മരിച്ച കാര്യം നേരെചൊവ്വേ പറഞ്ഞു്, ദുരന്തം വിവരിച്ചു കഴിഞ്ഞ ശേഷമേ ലേഖകൻ മരിച്ചവരുടെ വീടുകളിലെ കാര്യം അന്വേഷിക്കാവൂ. സംഭവത്തിന്റെ സ്വഭാവം നോക്കി വേണം റിപ്പോർട്ടിന്റെ സ്വഭാവം നിശ്ചയിക്കാൻ.

ഫീച്ചർ എന്നു് ഇംഗ്ലീഷിൽ പറയുന്ന ഈ കഥയ്ക്ക് എന്തും വിഷയമാവാം. കല്ല് ആവാം; മരമാവാം (ഗാന്ധിജിവച്ച തെങ്ങിന്റേയും മാർത്താണ്ഡവർമ്മ മഹാരാജാവിനെ രക്ഷിച്ച അമ്മച്ചിപ്ലാവിന്റേയും കഥകൾ ഓർക്കുക); മൃഗമാവാം (പത്രത്തിൽ ഇടയ്ക്കിടെ വരുന്ന ആനക്കഥകളും മൃഗശാലയിലെ നീർനായകളുടെ കഥകളും മറ്റും നോക്കുക); ആറ് ആവാം; റോഡ് ആവാം; പാലമാവാം; പാലം അപകടത്തിൽ എന്ന ബോർഡിന്റെ ജൂബിലി ആവാം; ഒരു സ്ഥിതിവിശേഷമാവാം; ഒരു പരാതി ആവാം. ജനങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാത്ത ഒരു സംഗതിയിൽ താൽപര്യമുണ്ടാക്കലാണ് ഇത്തരം കഥപറച്ചിലിന്റെ ഉദ്ദേശ്യം. സംഗതി സത്യമാവണം; വസ്തുതകൾ മുഴുവൻ പറയണം; കഥപറയുംപോലെ പറയണം. വാചാടോപം കൊണ്ട് രക്ഷപ്പെടാമെന്നു കരുതരുതു്.

ഈ കഥ വായിക്കുക :

## അക്ഷരം പഠിക്കാൻ കൊതുമ്പുവള്ളം തേടുന്ന പിഞ്ചുകുട്ടികൾ

കാഞ്ഞങ്ങാട് : ചന്ദ്രഗിരിയുടെ ശാഖയായ പനത്തടി പഞ്ചായത്തിലെ കൊട്ടോടി പുഴ, പുഴക്കരെ കുറെ ഓണം കേറാ ഗ്രാമങ്ങൾ. കാലവർഷം ശക്തി പ്രാപിക്കുന്നതോടെ പുലിക്കോട് ചുള്ളി,

നെല്ലിമൊട്ട, പെർളം, താത്തിയടി, കുരംകായ, കൊടംപുര്, അഞ്ജനമുക്കട് എന്നിവിടങ്ങളിലെ ഗ്രാമീണർക്ക് ബാഹ്യലോകവുമായുള്ളബന്ധം നഷ്ടപ്പെടുന്നു. ഗ്രാമീണരുടെ വിദ്യാലയങ്ങളും റേഷൻ ഷോപ്പും ഹോസ്പിററലും താലൂക്കാസ്ഥാനവും എല്ലാം എല്ലാം സംഹാര രുദ്രയായ കൊട്ടോടി പുഴയുടെ അക്കരെയാണ്. പുഴ കടക്കാൻ ഒരു കൊച്ചു കൊതുമ്പുതോണി മാത്രമാണിന്നാശ്രയം.

പത്തു് കിലോമീററോളം നടന്നു അഞ്ജനമുക്കട് ഹരിജൻ കോളനിയിൽ നിന്നും വരുന്ന പിഞ്ചു കഞ്ഞുങ്ങൾക്ക് ഹരിശ്രീ പഠിക്കാൻ തോണി കടന്നു് കൊട്ടോടി തന്നെ എത്തണം. മഴക്കാലത്തു് ഇതു് സാഹസികമായ യത്നം തന്നെയാണു്.

കൊട്ടോടി പുഴക്ക് പാലം അവരുടെ ദീർഘകാല സ്വപ്നമായി അവശേഷിക്കുന്നു. പാലം നിർമ്മാണ ആക്ഷൻ കമ്മിററി രൂപീകരിച്ചു് പ്രക്ഷോഭത്തിന്ന് ഒരുങ്ങുകയാണു്.

— ഒരു നാടിൻെറ പ്രശ്നത്തിൻെറ കഥയാണ് ഇവിടെ പറയുന്നതു്. കഥപോലെ പറയാൻ നോക്കിയിട്ടുണ്ട്. പക്ഷെ വേണ്ട പോലെയായില്ല. അടിസ്ഥാന വിവരങ്ങൾ പറയുന്നുണ്ട്. പക്ഷെ, വിശദവിവരങ്ങളില്ല. സംഭവചിത്രങ്ങളില്ല. തോണി മറിഞ്ഞ് പുഴയിൽവീണ കുട്ടികളെ രക്ഷപ്പെടുത്തേണ്ടിവന്ന കാര്യം, അവശനായ രോഗിയെ കൊതുമ്പുവള്ളത്തിൽ കയററുന്ന ദൃശ്യം എന്നിങ്ങനെ ഒരു സംഭവം വിവരിച്ച് കാര്യത്തിലേക്ക കടന്നെങ്കിൽ കഥ ഉള്ളിൽ തട്ടിയേനെ!

മറെറാരു കഥ :

## വാഹനങ്ങൾ തുരുമ്പിക്കുന്നു

പാറശ്ശാല : അമരവിള എക്സൈസ് ഓഫീസിൽ അധികൃതർ വർഷങ്ങൾക്ക് മുൻപ് പിടിച്ചെടുത്ത ഇരുപതിലധികം വാഹനങ്ങൾ തുരുമ്പെടുക്കുന്നു. വ്യാജച്ചാരായം കടത്താൻ ശ്രമിച്ചതിനെ ത്തുടർന്നു് പിടിച്ചെടുത്തതാണ് വാഹനങ്ങളെല്ലാം.

അമരവിള പോസ്ററാഫീസിനു സമീപം ഇടുങ്ങിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എക്സൈസ് ഓഫീസിന് പുറം വാഹനങ്ങൾ ഇട്ടിരിക്കുകയാണു്. തൊണ്ടിസാധനങ്ങളിൽ പലതും

എക്സൈസ് ഇൻസ്പെക്ടറുടെ മുറിയിലുമാണ്. നടപടിയെടുക്കാൻ അധികൃതർ കാലതാമസം വരുത്തുന്നതാണ് ഇതിനു കാരണം. വില പിടിപ്പുള്ള വാഹനങ്ങൾ വർഷങ്ങൾ കഴിയുമ്പോൾ തുച്ഛമായ തുക ക്കാണ് ലേലം പോകുന്നത്. 81-ൽ പിടിച്ചെടുത്ത വാഹനം കഴിഞ്ഞ യാഴ്ച 3350 രൂപയ്ക്കാണ് ലേലത്തിൽ വിററത്.

എക്സൈസ് ഓഫീസിന്റെ സ്ഥിതിയും ദയനീയമാണ്, കേരളത്തിൽ ഏററവുമധികം വ്യാജച്ചാരായം ഉൽപ്പാദിപ്പിക്കുന്ന പൊഴിയൂർ പ്രദേശം ഈ സ്റ്റേഷന്റെ പരിധിയിലുമാണ്. ഇവിടെ ഇൻസ്പെക്ടറും പതിനാല് എക്സൈസ് ഗാർഡുകളുമാണുള്ളത്. ഇവിടെ വാഹനങ്ങൾ ഒന്നുമില്ല. രണ്ടു വാഹനങ്ങൾ വർക്ക്ഷോപ്പിൽ കയററിയിട്ട് ഒന്നര വർഷം കഴിഞ്ഞു. ടെലഫോൺ സൗകര്യമില്ല.

— ഇത് വായിക്കാൻ രസമുള്ള ഒരു കഥയായില്ല എന്നതാണ് കുഴപ്പം. കാര്യമെന്താണെന്നു കാര്യമാത്രപ്രസക്തമായി പറഞ്ഞിട്ടുണ്ട്. എക്സൈസ് വളപ്പിൽ പലതരം കാറുകൾ കിടക്കുന്ന രംഗം വർണ്ണിച്ച്, അവയുടെ വിലയും വിവരിച്ചിരുന്നെങ്കിൽ – അങ്ങനെ കഥ തുടങ്ങിയിരുന്നെങ്കിൽ – മുതൽനാശത്തിന്റെ ഭീകരത ബോധ്യപ്പെട്ടേനെ. ഈ നാശം തടയാനുള്ള കാര്യം ആലോചിക്കാൻ അത് വഴിവെച്ചേനെ, തൊണ്ടിസാധനങ്ങളുടെ സൂക്ഷിപ്പിന്റെ കാര്യം പറയേണ്ടിയിരുന്നില്ല. അതിൽ ദുസ്സൂചനയുണ്ട്!

ഇതേപോലെത്തന്നെ വിരസമാണ് താഴെ കൊടുത്ത കഥയും :

## ആർക്കും വേണ്ടാത്ത സർക്കാർ കെട്ടിടം

കിളിമാനൂർ : പബ്ലിക് മാർക്കററിനോട് ചേർന്ന് പതിനാറ് വർഷങ്ങൾക്ക് മുൻപ് പണിത ഹെൽത്ത് ഡിപ്പാർട്ടുമെന്റ് വക കെട്ടിടം പൊളിഞ്ഞ് നാമാവശേഷമായി.

പഴയ കുന്നുമ്മൽ പഞ്ചായത്താണ് ഏഴ് സെൻറ് സ്ഥലം മിഡ്വൈഫറി സെൻറർ നിർമ്മിക്കുവാൻ ഹെൽത്ത് അധികൃതരെ ഏൽപ്പിച്ചത്. കിളിമാനൂർ വികസന ബ്ലോക്കും പഞ്ചായത്തും എഴുപതിനായിരം രൂപ ചെലവുചെയ്ത് കെട്ടിടം കെട്ടിക്കൊടുത്തു. എന്നാൽ വർഷങ്ങൾ കടന്നിട്ടും മിഡ്വൈഫറി സെൻറർ തുറന്നില്ല. കെട്ടിടം പൂട്ടിക്കിടന്നു. സാമൂഹ്യവിരുദ്ധർ അത് കയ്യേറി. മാത്രവു

മല്ല നാടൻ ചാരായ വിൽപനയും ചൂതുകളിയും വ്യഭിചാരവും അവിടെ അരങ്ങേറി. കെട്ടിടം അപകടാവസ്ഥയിലായപ്പോൾ അവരും അതുപേക്ഷിച്ചു. ഇപ്പോൾ കെട്ടിടം ഇടിഞ്ഞുകൊണ്ടിരിക്കുന്നു.

— കാര്യംതന്നെ മുഴുവൻ പറഞ്ഞില്ല. പറഞ്ഞതോ ഒഴുക്കൻ മട്ടിലും. ഇടിഞ്ഞുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ നിന്ന് ചാരായ വിൽപനക്കാരും ചൂതുകളിക്കാരും വ്യഭിചാരക്കാരും ഒഴിയുന്നത് കല്പനാവിശേഷത്തോടെ വർണ്ണിച്ച് പറഞ്ഞുതുടങ്ങേണ്ടിയിരുന്ന ഒരു കഥയാണ് ഇത്. എന്തുകൊണ്ട് ഈ കെട്ടിടത്തിൽ മിഡ് വൈഫറി സെൻറർ തുറന്നില്ല എന്നുകൂടി പറഞ്ഞാലേ കഥ പൂർത്തിയാവൂ.

ഇനി അൽപം വലിയ ഒരു കഥ :

## പമ്പാവാലി ഉൽക്കണ്ഠയുടെ നിഴലിൽ

പൊൻകുന്നം : പമ്പാവാലി ഉൽക്കണ്ഠയുടെ നിഴലിലാണ്. ലോവർ പമ്പാപദ്ധതിക്കുവേണ്ടി പാറ തുരക്കാനുള്ള ടെണ്ടർ ക്ഷണിച്ചതോടെ ഈ മേഖലയിൽ വർഷങ്ങളായി മണ്ണിനോട് പൊരുതി കഴിയുന്ന നൂറുകണക്കിന് കുടുംബങ്ങളിൽ ഭാവിയെക്കുറിച്ചുള്ള ഉൽക്കണ്ഠ വളർന്നു.

പമ്പാവാലി പദ്ധതിയുടെ പ്രാരംഭനടപടികൾ തുടങ്ങി. വൈദ്യുതിബോർഡ് ഉദ്യോഗസ്ഥന്മാർ പമ്പാനദിയിൽ നിന്നും 90 മീററർ ഉയരത്തിൽ ഡാം സൈററിനു അടയാളമിട്ടു കഴിഞ്ഞു.

പമ്പാവാലിയുടെ വികസനത്തിനു ഒരുകോടി ക. ചെലവിൽ കേന്ദ്ര ഗവൺമെൻറ് സഹായത്തോടെ നിർമ്മാണജോലികൾ തുടങ്ങിയതാണ്. ശബരിമലയിലേക്ക് 40 കിലോമീററർ ദൂരം ലാഭം കിട്ടാൻ റോഡുപണികൾ തീർന്നു. കണമലയിൽ പാലം നിർമ്മിച്ചാൽ മതി. ഇതിനായി ഒട്ടേറെ ഒച്ചപ്പാടുകൾ ഉണ്ടായതിനെ തുടർന്നാണ് പാലംപണിക്കുള്ള കടലാസ് ജോലികൾ നീങ്ങിയത്. പാലം പണിയുന്നതിനു സത്വര നടപടികൾ സ്വീകരിക്കുമെന്നു എരുമേലി ടി. ബി. ഉദ്ഘാടനത്തിന് എത്തിയ മന്ത്രി നഹ അന്നു ഉറപ്പുനൽകുകയും ചെയ്തിരുന്നു.

കൈവശ കൃഷിക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാവുകയും പമ്പാവാലിയുടെ വികസനത്തിനു നടപടികൾ തുടങ്ങുകയും ചെയ്ത സന്ദർഭത്തിലാണ് എല്ലാം വെള്ളത്തിൽ മുക്കുന്ന ലോവർ പമ്പാപദ്ധതിയുടെ വരവ്. പമ്പാവാലി ഗ്രാമത്തെ മുഴുവൻ വെള്ളത്തിലാഴ്ത്തിക്കൊണ്ട് വരുന്ന പദ്ധതിക്കെതിരെ ശക്തമായ പ്രതിഷേധം ഉയർന്നിട്ടുണ്ട്.

എരുമേലി വില്ലേജിലെ കണമല, എരുത്വാപ്പുഴ, മൂക്കൻപെട്ടി, കീരിത്തോട്, അരുവിക്കൽ, കാളകെട്ടിക്ഷേത്രം, ആനക്കല്ല്, അരഞ്ഞൂടിക്കോട്ട, കാളകെട്ടി ആശ്രമം, കോരുത്തോടിന്റെയും കുഴിമാവിന്റെയും ചില ഭാഗങ്ങളും പെരുനാട് വില്ലേജിലെ അഴുതക്കാവ്, ആറാട്ടുകയം, എഴുകുമൺ, വട്ടപ്പാറ, മൂലക്കയം, നിലപ്പാറ ഹരിജൻ കോളനികൾ, തുലാപ്പള്ളി, നാറാണംതോട്, മൂഴിക്കൽ–തെള്ളിത്തടിത്തോട് ഹരിജൻ കോളനികൾ, കണ്ണിടാംകുന്ന് ഇഞ്ചിപ്പാറ കോളനി എന്നീ സ്ഥലങ്ങൾ ഡാം പണിയുന്നതോടെ വെള്ളത്തിലാകുമെന്നു അറിയുന്നു.

ഹരിജൻ–ഗിരിജൻകുടുംബങ്ങളടക്കം നാലായിരത്തോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന പമ്പാവാലി കാപ്പി, റബ്ബർ, തെങ്ങ്, കുരുമുളക്, കൊക്കോ തുടങ്ങിയ കൃഷികൾകൊണ്ട് സമൃദ്ധമാണ്.

ഗ്രാമവികസനത്തിനായി പണിതുയർത്തിയ നിരവധി വിദ്യാഭ്യാസ–മതസ്ഥാപനങ്ങളും കടകമ്പോളങ്ങളും റോഡുകളും പദ്ധതി വന്നാൽ വെള്ളത്തിലാണ്ടുപോകും.

ശബരിമല തീർത്ഥാടകരുടെ പ്രധാന കേന്ദ്രമായ കാളകെട്ടി ശിവക്ഷേത്രവും പരിസരവും വെള്ളത്തിലാകുന്നതോടെ അയ്യപ്പഭക്തന്മാർക്ക് കാൽനടയാത്ര അസാധ്യമാകും. എരുമേലിയിൽ നിന്നു പേട്ടകെട്ടി പേരൂർതോടുവഴി കാളകെട്ടിയിൽ ലക്ഷക്കണക്കിനു തീർത്ഥാടകരാണ് ആണ്ടുതോറും എത്തുന്നത്.

''ഞങ്ങൾ മക്കളെക്കാൾ കൂടുതൽ ലാളിച്ചു വളർത്തിയ കൃഷികളാണ് ഡാം വരുന്നതോടുകൂടി മുങ്ങിപ്പോകുന്നത്'', വെള്ളൂപ്പാറ കുഞ്ഞ് എന്ന കർഷകൻ പറഞ്ഞു. മുറം, കുട്ട, വട്ടി, പനമ്പ് തുടങ്ങി ഈറ്റയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്ന

നിരവധി കുടുംബങ്ങളും പട്ടിണിയിലാകും. വനത്തിൽനിന്നു ഈററ കിട്ടാനില്ലാതാവുന്നതാണ് കാരണം.

— ഒരു പുതിയ പദ്ധതികൊണ്ട് നാട്ടുകാർക്കുണ്ടാവുന്ന ഭീഷണിയുടെ കഥപറയാനാണ് ഇവിടെ ശ്രമം. പക്ഷെ, എന്താണ് ഈ ലോവർ പമ്പാപദ്ധതി? ലേഖകൻ പറയുന്ന ദ്രോഹങ്ങൾ മാത്രമാണോ അതുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്? എങ്കിൽ, ആരാണ് ദ്രോഹബുദ്ധിയോടുകൂടി ഈ പദ്ധതികൊണ്ടുവരുന്ന ജനശത്രുക്കൾ? അതൊന്നും പറയാത്ത ഈ കഥ കഥയില്ലാക്കഥയായിപ്പോയി!

ഒരു പ്രശ്നം അവതരിപ്പിക്കുമ്പോൾ അത് എന്താണെന്ന് വ്യക്തമായി പറയണം. പ്രശ്നത്തിനു കാരണമായ സംഗതി മുഴുവൻ വിവരിക്കണം. കാര്യത്തിന്റെ എല്ലാവശങ്ങളും പറയണം. പ്രശ്നത്തിൽ രണ്ടുപക്ഷമുണ്ടെങ്കിൽ, രണ്ടുപക്ഷത്തിന്റെ വാദങ്ങളും അവതരിപ്പിക്കണം. ലേഖകൻ ഏതെങ്കിലും പക്ഷത്തിന്റെ വക്കീലാവരുത്. കഴിഞ്ഞാൽ, ഇരുകൂട്ടരുടേയും തെളിവുകൾ പരിശോധിച്ച് വിധിപറയുന്ന ഒരു ന്യായാധിപന്റെ നിലപാടെടുക്കാവൂ.

ഇനി നല്ലൊരു കഥ കാണിക്കാം :

## കർഷകരുടെ തീരാശാപമായ അന്ധകാരനഴി സ്പിൽവേ

ചേർത്തല : കർഷകരെ സംരക്ഷിക്കാനുള്ള പദ്ധതി അവർക്ക് വിനയായി. ഓരുവെള്ളം കയറി കൃഷി നശിക്കുന്നു. കടക്കരപ്പള്ളി, പട്ടണക്കാട്, തുറവൂർ എന്നീ പഞ്ചായത്തുകളിൽപെട്ട 50,000ത്തോളം കേരകർഷകരേയും 2,000 ഏക്കർവരുന്ന കരിനിലങ്ങളിലെ നെൽകൃഷിക്കാരേയും കണ്ണീരിലാഴ്ത്തുന്ന പദ്ധതിയായി മാറിയിരിക്കുന്നു ഇന്ന് അന്ധകാരനഴി സ്പിൽവേ.

ഏതാനും മത്സ്യവാററു മുതലാളിമാരുടെ താൽപര്യസംരക്ഷണത്തിനു സ്പിൽവേയുടെ ഷട്ടറുകൾ പൂർണ്ണമായോ ഭാഗികമായോ എപ്പോഴും തുറന്നിരിക്കുന്നു. ഒഴുകിവരുന്ന ഓരുവെള്ളം കലർന്ന ചാലുകളിലേയും തോടുകളിലേയും ജലത്തിന് എപ്പോഴും ഉപ്പുരസം. മുന്നൂററിഅറുപത്തിയഞ്ച് ദിവസവും.

സസ്യജാലങ്ങളുടെ വേരുകൾ ഉറഞ്ഞ് അവയ്ക്ക് നാശം നേരിടുന്നു. തെങ്ങുകളിലെ ഓലകൾക്ക് മഞ്ഞളിച്ച പൊൻനിറം. കുലകളിൽ കായ്ക്കുന്ന നാളികേരങ്ങൾക്ക് കൊപ്പടയ്ക്കയുടെ വലിപ്പം മാത്രം. കർഷകരുടെ മുറവിളി ഉയർന്നപ്പോൾ സ്ഥലം എം. എൽ. എ. കെ. ആർ. ഗൗരിയമ്മ വാനിറ്റി ബാഗിൽ അടയ്ക്കാ വലിപ്പമുള്ള തേങ്ങകളുമായി നിയമസഭയിൽ എത്തി. അധികാരകേന്ദ്രങ്ങൾ അറിഞ്ഞു. എന്നിട്ടും ഇപ്പോൾ ഓരുവെള്ളം നിർബാധം കൃഷിയിടങ്ങളിലേക്ക് ഒഴുകുന്നു. മുതലാളിമാരുടെ മടിശ്ശീലയിലെ തൂക്കം കൊണ്ട്.

20 മേനി മുതൽ 30 മേനിവരെ വിളവുണ്ടായിരുന്ന കരിനിലങ്ങളിൽ വിളവ് കുറവ്. 10 മേനി വിളവുപോലുമില്ലെന്ന് ഓരുവെള്ളം തകർത്ത സ്വപ്നങ്ങളുടെ ദുഃഖം പേറുന്ന നെൽകർഷകർ പരാതിപ്പെടുന്നു. നാളികേരത്തിന്റെ വിലയിടിവുകാലത്ത് അടയ്ക്കാവലിപ്പമുള്ള തേങ്ങകൾ കണ്ട് കേരകർഷകർ ആവലാതിപ്പെടുന്നു.

1959–ൽ 30 ലക്ഷം ക. മുടക്കി അന്ധകാരനഴി സ്പിൽവേ നിർമ്മിച്ചത് വെട്ടയ്ക്കൽ, കൊട്ടള, ചെന്നകശ്ശേരി, വെട്ടിയകാട്, പുത്തൻകാട്, തുറവൂർ, വാവക്കാട്, ചങ്ങരം തുടങ്ങിയ കരിനിലങ്ങളിലെ നെൽക്കൃഷി മെച്ചപ്പെടുത്തുക എന്ന മുഖ്യലക്ഷ്യത്തോടെയാണ്. സ്പിൽവേ പ്രയോജനപ്പെടുത്താൻ 20 ലക്ഷം ക. യോളം മുടക്കി. ശങ്കരം, കരഞ്ച്, തെങ്ങിൻതറ, കണ്ടക്കൊപ്പള്ളി, കണ്ണംതറ, നീണ്ടകര എന്നീ സ്ഥലങ്ങളിൽ പിന്നീട് സ്ലൂയിസുകൾ പണിതു.

ആദ്യമൊക്കെ സെപ്റ്റംബർ ഒന്നാം തീയതി സ്പിൽവേയുടെ ഷട്ടറുകൾ താഴ്ത്തുമായിരുന്നു. എന്നാൽ കുറേക്കാലമായി ഷട്ടറുകൾ അടയ്ക്കാൻ ബന്ധപ്പെട്ടവർ തയ്യാറാവുന്നില്ല. ജില്ലാ വികസനസമിതി നിർദ്ദേശിച്ചിട്ടും സ്പിൽവേ അടയ്ക്കാൻ കൂട്ടാക്കാത്ത സംഭവം ഉണ്ടായിട്ടുണ്ട്. ഇപ്പോഴും സ്പിൽവേയുടെ ഷട്ടറുകൾ ഭാഗികമായി തുറന്ന് കിടക്കുന്നതുകൊണ്ട് ചാലിലും തോടുകളിലും കടൽവെള്ളം നിറഞ്ഞുകിടക്കുകയാണ്.

സ്പിൽവേയുടെ പരിധിയിൽപെട്ട പ്രദേശങ്ങളിലെ ജനങ്ങൾക്ക് കുടിവെള്ളം മുട്ടിയിരിക്കുന്നു. അവിടവിടെയായുള്ള പബ്ലിക് വാട്ടർ ടാപ്പുകളിൽ വെള്ളമില്ല. കുളങ്ങളിലെ വെള്ളത്തിന്

ഉപ്പുരസം. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ ജലമലിനീകരണത്തെപ്പറ്റി പഠിച്ച് പരാതിപ്പെട്ടിട്ടും ഫലമില്ല.

സ്പിൽവേ അടച്ചാലും അടയാത്ത സ്ഥിതിയാണിപ്പോൾ. മത്സ്യബന്ധനം മാത്രം ഉന്നംവെച്ച് നടക്കുന്ന മുതലാളിമാരുടെ പിണിയാളുകൾ ഷട്ടറുകളുടെ കീഴെ കൂററൻ കല്ലുകൾ നിരത്തിവെച്ചിരിക്കുന്നതുകൊണ്ട് അടിഭാഗം ഒരിക്കലും ചേർന്ന് അടയുകയില്ല. ജലത്തിന്റെ ഉപരിതലത്തിനുമേലെ അടഞ്ഞഷട്ടറുകൾ. എന്നാൽ കീഴെക്കൂടി ഉപ്പുവെള്ളം നിർബാധം ഒഴുകുന്നു. ഇതു് നീക്കി ഷട്ടറുകൾ പൂർണ്ണമായി യഥാസമയം അടച്ചില്ലെങ്കിൽ നാട് രക്ഷപ്പെടുകയില്ല.

— കൃഷിക്കാരുടെ വലിയ ഒരു പ്രശ്നമാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. പ്രശ്നമെന്തെന്ന് കഥയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രശ്നംകൊണ്ടുണ്ടാവുന്ന കെടുതികൾ വിശദമായി വിവരിച്ചിട്ടുണ്ട്. പശ്ചാത്തലവിവരങ്ങളും വ്യാഖ്യാനവുമൊക്കെയുണ്ട്. എഴുത്തിൽ കൃത്രിമമായ ചമൽക്കാരമുണ്ടാക്കാൻ നോക്കിയിട്ടില്ല. തലവാചകം മാത്രം ''കർഷകരെ ഇരുട്ടിലാഴ്ത്തുന്ന അന്ധകാരനഴി സ്പിൽവേ'' എന്നോ മറേറാ ആകാമായിരുന്നു. കാരണം, സ്പിൽവേ തീരാശാപമായി കഴിഞ്ഞു എന്നു പറയാറായിട്ടില്ലല്ലോ.

ജനങ്ങളുടെ താൽപര്യമുണർത്തുന്ന എന്തും കഥയാക്കാമെന്നു പറഞ്ഞു. താഴെ പറയുന്ന കഥ ഒരു ചുണ്ടൻവള്ളത്തിന്റേതാണ്. വസ്തു അചേതനമെന്നു തോന്നാം. വാസ്തവത്തിലോ, ജനങ്ങളുടെ ജീവിതവും മോഹങ്ങളും മോഹഭംഗങ്ങളുമായി അഭേദ്യബന്ധമുള്ള ഒരു സജീവ കഥാപാത്രം. വായിക്കൂ :

## കോഴഞ്ചേരി ചുണ്ടൻ പണിപ്പുരയിൽ

കോഴഞ്ചേരി : കോഴഞ്ചേരി ചുണ്ടൻ ചിതലെടുത്തു് നശിച്ചതിനെത്തുടർന്ന് പുതിയ ചുണ്ടൻ വള്ളം പണിപ്പുരയിൽ പണിതുകൊണ്ടിരിക്കുന്നു.

ഭാരിച്ച സാമ്പത്തിക ബാദ്ധ്യത ഏറെറടുത്ത് വള്ളം സംരക്ഷിക്കുവാൻ കരക്കാർക്ക് ബുദ്ധിമുട്ടുണ്ടായതോടെയാണ് കോഴഞ്ചേരി ചുണ്ടന്റെ കഷ്ടകാലം തുടങ്ങിയതു്.

നാൽപ്പത്തൊന്നേകാൽ കോൽ നീളത്തിലാണ് പുതിയ വള്ളം മെനയുന്നത്. ഏകദേശം 45 കണ്ടിത്തടിയാണ് വള്ളം നിർമ്മിക്കുവാൻ വേണ്ടത്. 53 തുഴക്കാർക്കും നാല് അമരക്കാർക്കും 11 നിലയാളിനും ഇതിൻമേൽ കയറാൻ കഴിയും. മാവിന്റെ തടികൊണ്ട് അച്ച് നിർമ്മിച്ചാണ് വള്ളത്തിന്റെ രൂപം ഒതുക്കുന്നത്. അമരത്ത് ചുണ്ട് ഘടിപ്പിച്ചു കഴിയുമ്പോൾ അതിനു നിലത്തു നിന്ന് രണ്ടര ആൾ പൊക്കമുണ്ടാകും.

മൂന്നു മാസത്തിനുള്ളിൽ വള്ളത്തിന്റെ 'മലർത്തു' നടക്കുമെന്ന് വള്ളം പണിക്ക് നേതൃത്വം നല്കുന്ന നാരായണൻ ആശാരി പറഞ്ഞു.

28 കരക്കാരുടെ സഹകരണത്തോടെയാണ് മലർത്തു നടക്കുന്നത്. ഇതിന് ശേഷമാണ് ബാക്കി പണി നടക്കുന്നത്.

പുതിയ വള്ളം പണിക്ക് രണ്ടര ലക്ഷം രൂപയാണ് ബജറ്റ്. കോഴഞ്ചേരി ഹൈന്ദവസേവാസമിതിയുടെ നേതൃത്വത്തിലാണ് വള്ളംപണിയെങ്കിലും ജാതിമത വ്യത്യാസമെന്യേ എല്ലാ വിഭാഗങ്ങളും ഇതിൽ സഹകരിക്കുന്നുണ്ട്. അടുത്ത ഓണത്തിന് മുൻപ് വള്ളം നീറ്റിലിറക്കും.

ഉദ്ദേശം 80 വർഷങ്ങൾക്ക് മുൻപ് എടത്വായിൽ നിർമ്മിച്ചതാണ് ചിതലെടുത്ത കോഴഞ്ചേരി ചുണ്ടൻ. എടത്വായിൽ നിന്ന് 10,000 ക. യ്ക്ക് വാങ്ങിയ ഈ വള്ളം പഴഞ്ഞിയിൽ നാരായണക്കുറുപ്പ്, ആനന്ദഭവൻ രാമകൃഷ്ണപിള്ള, മുണ്ടയ്ക്കൽ ഗോപാലപിള്ള എന്നിവരുടെ നേതൃത്വത്തിലാണ് 30 വർഷക്കാലം സംരക്ഷിച്ചത്.

പ്രമുഖമായ 10 ചുണ്ടൻ വള്ളങ്ങൾ നിർമ്മിച്ച് വള്ളം നിർമ്മിതിയിൽ തഴക്കംചെന്ന ആളാണ് നാരായണനാശാരി.

— വളരെ കാര്യമാത്രപ്രസക്തമായി പറഞ്ഞ് വിരസമാക്കി എന്നു തോന്നുന്നില്ലേ? പഴയ വീരാപദാനങ്ങൾ വർണ്ണിച്ച് കോഴഞ്ചേരി ചുണ്ടനെ ഒരു ഇതിഹാസ കഥാപാത്രമായി അവതരിപ്പിക്കാമായിരുന്നു. "ഒരു അതികായൻ വീണ്ടും അവതരിക്കുന്നു" എന്നോ മറ്റോ ഒരു തലവാചകവും കൊടുക്കാം. മറ്റു വിശദവിവരങ്ങളെല്ലാം കഥയിലുണ്ട്. ജനസഹകരണവും മതമൈത്രിയും ഈ

പുനർജന്മത്തിന് ആകർഷകമായ പശ്ചാത്തല പരിവേഷം നല്കുന്നു. കുറവുകളുണ്ടെങ്കിലും ലേഖകന്റെ ഭാഗത്തുനിന്നുള്ള നല്ല ഒരു ശ്രമം തന്നെയാണ് ഇത്.

തൽക്കാലത്തെ ഒരു സ്ഥിതിവിശേഷംപോലും നല്ല കഥയാക്കാം. നാട്ടുകാർ അത്ര കാര്യമായി എടുക്കാത്ത അത്തരം സംഗതിയിൽ നല്ല കഥയുണ്ടെന്ന് ലേഖകൻ മനസ്സിലാക്കുകയേ വേണ്ടൂ. ആ കഴിവുള്ള ഒരു ഗുരുവായൂർ ലേഖകൻ എഴുതിയ കഥ വായിച്ചുനോക്കൂ. ആളുകൾ ശ്രദ്ധിക്കാതെ വിടുന്ന, സർവ്വസാധാരണമായി തോന്നുന്ന ഒരു കാര്യം, പക്ഷെ അത് അത്ര സാധാരണമല്ലെന്ന് കാണിക്കുകയാണ് ലേഖകൻ. കഥയുടെ ചുരുൾനിവരുമ്പോൾ, ഗൾഫുകാരുടെ ഒരു നീറുന്ന പ്രശ്നം നമ്മുടെ മുൻപിൽ വീണ് പത്തിവിടർത്തുന്നു. ഇതാണ് കഥ :

## അവധിക്കുവരുമ്പോൾ 'അഞ്ചൽശിപായിമാർ'

ഗുരുവായൂർ : ഗൾഫ് നാടുകളിൽ സാമാന്യം ഭേദപ്പെട്ട ഒരു കമ്പനിയിൽ ജോലിയുള്ള അഷറഫ് ഒരു ''കൊച്ചു പോസ്റ്റോഫീസ്'' ആയിട്ടാണ് നാട്ടിലെത്തിയത്.

അവധിക്ക് നാട്ടിലേക്ക് പുറപ്പെടുകയാണ് അഷറഫെന്ന് മനസ്സിലായതോടെ, ഗൾഫിലെ 53-ഓളം കുടുംബങ്ങൾ അയാളെ വളഞ്ഞു, കുടുംബങ്ങളിലേക്കുള്ള കത്തുകൾ കൊടുത്തയക്കാൻ. നാട്ടിലെത്തിയ ശേഷം ഒരാഴ്ചക്കാലം മിനക്കെട്ടിട്ടാണ് അഷറഫ് അകലങ്ങളിലുള്ള ബന്ധുക്കൾക്കുവേണ്ടി ഉററവർ ഏൽപ്പിച്ച കത്തുകൾ വിതരണം നടത്തിയത്. തപാൽവഴി കത്തുകളും ഉരുപ്പടികളും അയക്കുന്നത് ഒന്നും രണ്ടും മാസങ്ങൾ കഴിഞ്ഞാണ് മേൽവിലാസക്കാർക്കിവിടെ കിട്ടുന്നത്. ഒരു മാററവുമില്ലാതെ തുടരുന്ന തപാൽക്കുഴപ്പം ചാവക്കാട്ടും പരിസരങ്ങളിലുമുള്ള അനേകശതം കുടുംബങ്ങളുടെ ജീവിതത്തെ തകിടം മറിച്ചിരിക്കുന്നു.

തപാൽവഴി വരുന്ന രജിസ്റ്റേർഡ് കത്തുകളും പ്രതീക്ഷിച്ചിരിക്കുന്ന പല കുടുംബങ്ങളും കണ്ണീരിന്റെവക്കത്താണ് കഴിയുന്നത്. 'മിനി ഗൾഫ്'' എന്ന പേരിലറിയപ്പെടുന്ന തൃശ്ശൂർ ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലെ മിക്ക വീടുകളിലേയും ഒന്നോ രണ്ടോ

അംഗങ്ങളെങ്കിലും കടലുകൾക്കപ്പുറത്തു് ജോലി ചെയ്യുന്നവരാണു്. അവരയക്കുന്ന രജിസ്റ്റേർഡ് കത്തുകളിൽ ഡ്രാഫ്റ്റുകളുമുണ്ടായിരിക്കും. ഡ്രാഫ്റ്റുകൾ കിട്ടാത്തതുകാരണം പലരും തുടങ്ങിവെച്ച മരാമത്തു് പണികൾ നിർത്തിവെക്കേണ്ടതായി വന്നിരിക്കയാണു്. കുടുംബത്തു നടക്കുന്ന വിവാഹത്തിന്നു് വല്ലവരും പണമയച്ചാൽ അതു് കല്യാണവും മധുവിധുവും കഴിഞ്ഞ് വധുവോ വരനോ സ്ഥലംവിട്ട ശേഷമേ എത്തിച്ചേരുകയുള്ളൂ.

വല്ലവിധത്തിലും ഡ്രാഫ്റ്റുകൾ കിട്ടിയാൽപ്പോലും ഇപ്പോൾ അതു് മാററിക്കിട്ടാനും വിഷമമുണ്ടു്. ഈയിടെ നടന്ന ഡ്രാഫ്റ്റ് തട്ടിപ്പുകാരണം, ഡ്രാഫ്റ്റുകൾ കൊടുത്താൽ പെട്ടെന്നു് മാററിക്കൊടുക്കാൻ ബാങ്കുകൾ തയ്യാറാവുന്നില്ല. ഡ്രാഫ്റ്റ് ക്ലിയറൻസ് ലഭിച്ചാലേ ബാങ്കുകൾ പണം നൽകുന്നുള്ളൂ. ഒരു മാസംകൊണ്ടു് അയച്ചുകിട്ടിയ ഡ്രാഫ്റ്റ്, ക്ലിയറൻസിനു വീണ്ടും തപാൽ മുഖേന അയച്ചു മടങ്ങിയെത്തുമ്പോഴേക്കും കാത്തിരിപ്പിന് നീളം കൂടുന്നു. ഈ കുഴപ്പങ്ങളിൽ നിന്നും കാലപ്പഴക്കത്തിൽ നിന്നും രക്ഷനേടാനാണ് ഗൾഫുകാർ ഇപ്പോൾ നാട്ടിലേക്ക് അവധിക്കുവരുന്നവരെ അഞ്ചൽ ശിപായികളാക്കി മാററുന്നതു്. ഗൾഫ് നാടുകളിലെ വിമാനത്താവളങ്ങളിൽ ഉടനീളം നിരവധി കേരളീയർ, നാട്ടിലേക്കു പോകുന്നവരേയും അന്വേഷിച്ചു് ദിവസേന കാത്തിരിക്കുമത്രെ.

— കഥ കള്ളക്കഥയാവരുതെന്നു് ആദ്യമേ പറഞ്ഞു. സംഗതി സത്യമായിരിക്കണം. വിശദാംശങ്ങൾ മുഴുവൻ പറയണം. വസ്തുതകൾ കോർത്തു കോർത്താണു് കഥ മെനയേണ്ടതു്. ഇമ്പം തോന്നുന്ന വസ്തുതകൾ കല്പിച്ചുണ്ടാക്കുന്നതിലല്ല, ശരിയായ വസ്തുതകൾ ചേർച്ചയോടെ അവതരിപ്പിക്കുന്നതിലാണു് ഭാവന കാണേണ്ടതു്. 'സാഹിത്യം' കൊണ്ടു് സൃഷ്ടിക്കാവുന്നതല്ല പത്രത്തിലെ കഥ. സംസ്കൃതമയമായ വാചാടോപം കാര്യങ്ങൾ പറയുന്നതിനു ബദലാവില്ല. പാണ്ഡിത്യ പ്രകടനംകൊണ്ടും കഥയുണ്ടാവില്ല. കഥപറയാൻ നോക്കുന്ന പല ലേഖകൻമാരും, അല്പം സാഹിത്യം കാച്ചിയാൽ നല്ല കഥയായി എന്നു തെററിദ്ധരിക്കുന്നു. വസ്തുതകളും അതുവഴി കൊടുക്കാൻ കഴിയുന്ന അറിവുമാണു് കഥയുടെ രസം എന്നു് അവർ മറക്കുന്നു.

ഈ കഥ വായിച്ചുനോക്കുക :

## വൈകിവന്ന കുളിരിൽ
## പുളകമണിഞ്ഞ മാവുകൾ

വടകര : ഫെബ്രുവരി 3 ;

''മകരം പിറന്നാറെ
മാവും പൂത്തു
പൂക്കൈതേം പൂത്തു
മണം പരന്നു''

കൈതകൾതന്നെ അങ്ങിങ്ങായി മാത്രം കാണപ്പെടുന്ന നമ്മുടെ നാട്ടിൽ പൂത്തു മണം പരത്താൻ കൈതപ്പൂക്കളില്ല. അതുകൊണ്ട് വടക്കൻപാട്ടുകാരന് തെററുപററിയെന്നു പറഞ്ഞുകൂടാ. മാവു പൂത്ത മണം നാലുപാടും പ്രസരിച്ചിരിക്കുന്നു. ഉൾനാടൻ പറമ്പുകളിൽ മാത്രമല്ല, പട്ടണപ്രദേശങ്ങളിൽപോലും പൂത്ത മാവിന്റെ ഗന്ധം പരന്നുതുടങ്ങിയിരിക്കുന്നു. ''മാവായ മാവൊക്കെ'' പൂത്ത ഇക്കൊല്ലം പൂക്കാത്ത മാവുകൾ മഷിയിട്ടുനോക്കിയാൽപോലും കാണാനില്ലെന്നു വന്നിരിക്കുന്നു.

പൂത്തു എന്ന് ഒഴുക്കനായി പറഞ്ഞാൽ പോരാ, പൂവും ഇലയും വേർതിരിച്ചറിയാൻ വയ്യാത്തവിധം സമൃദ്ധമായ പൂവിടൽതന്നെ. നിങ്ങൾ മറെറങ്ങും പോകേണ്ട. വടകരനിന്നു കോഴിക്കോട്ടുവരെയെങ്കിലും കാറിലോ ബസ്സിലോ സഞ്ചരിച്ചുനോക്കൂ. റോഡിന്റെ ഇരുവശവും പൂപ്പുഞ്ചിരി പൊഴിച്ചുനില്ക്കുന്ന മാവുകൾ കണ്ണിനാനന്ദം നൽകുന്ന അതിസുന്ദരമായ അസുലഭകാഴ്ചയത്രെ.

ഒരൊററ മാവുപോലും ഇക്കൊല്ലം പൂക്കുകയില്ലെന്നു തോന്നിയതാണ്. വൃശ്ചികമാസം കടന്നുപോയതു് അത്തരമൊരു സൂചനയുമായാണ്. ''വൃശ്ചികമാസേ കുളിരാരംഭേ'' എന്ന പ്രമാണം തെററി. കുളിരുണ്ടെങ്കിലേ മാവുകൾ രോമാഞ്ചമണിയൂ. ''ധനുർ മകരേ ഘോരേ ഘോരേ'' എന്ന ചൊല്ലിന്റെ പൂർവ്വാർദ്ധവും പിഴച്ചു. വൃശ്ചികവും ധനുവും കടന്നുപോയപ്പോൾ ഇക്കൊല്ലം മാമ്പഴം തിന്നാമെന്ന ആശ പലരും കൈവെടിഞ്ഞു.

പക്ഷേ മകരം പിറന്നതോടെ പ്രകൃതിയുടെ മട്ട് മാറി. കുളിര് അരിച്ചരിച്ചുകയറാൻ തുടങ്ങി. ''മരം കോച്ചുന്ന തണുപ്പ്'' എ

ന്നൊന്നും വിശേഷിപ്പിച്ചുകൂടെങ്കിലും രണ്ടുമൂന്നു ദിവസം ''കഠിനൗ കഠിനൗ'' എന്ന പരുവത്തിൽത്തന്നെ തണുപ്പ് തങ്ങിനിന്നു. പിഴവുകൾ മാററി, താളത്തിനൊപ്പിച്ചു തന്നെ പ്രകൃതി ചുവടുവെച്ചുതുടങ്ങിയപ്പോൾ പ്രതികരണം അസാധാരണമായിരുന്നു.

കാത്തിരിപ്പിന്റെ വ്യഥയിൽ മനംനൊന്തു കഴിഞ്ഞിരുന്ന മാവുകൾക്ക് കുളിരിന്റെ ആഗമനമുണ്ടാക്കിയ ആനന്ദം അവാച്യമെന്നേ പറയാവൂ. വൈകിയെത്തിയ കാമുകനോട് കുത്തുവാക്കുകൾ പറഞ്ഞ് മനസ്സ് കലുഷമാക്കാനോ കിന്നാരം പറഞ്ഞ് സമയം നഷ്ടപ്പെടുത്താനോ നില്ക്കാതെ മാവുകൾ കുളിരിനെ ആവേശത്തോടെ ആഞ്ഞു പുൽകിയതിന്റെ ഫലമാണ് ഇപ്പോൾ കാണുന്ന സമൃദ്ധിയെന്നു തോന്നുന്നു.

മാവുകളുടെ അകളങ്കമായ പൂപ്പുഞ്ചിരി ഫലവത്താക്കാൻ സഹായിക്കേണമേ എന്ന പ്രാർത്ഥനയാണ് പ്രകൃതിയോടുള്ളത്. പ്രകൃതിയുടെ മുഖം ഒന്ന് കറുക്കുകയേ വേണ്ടൂ മാവുകളുടെ പുഞ്ചിരി മങ്ങും. മാമ്പൂക്കൾ കരിഞ്ഞു വീഴും.

മാവുകളുടെ പുഞ്ചിരി സമൃദ്ധിയുടെ കൊടിയടയാളമായി വിരാജിക്കട്ടെ!

— ഈ കഥയിൽ എന്താണ് ഉള്ളത്? വിചാരിക്കാതെ കാലാവസ്ഥ തണുത്തതുകൊണ്ട് മാവ് നല്ലവണ്ണം പൂത്തിരിക്കുന്നു എന്ന ഒററ കാര്യമാണ് ലേഖകനു പറയാനുള്ളത്. അത് ലേഖകൻ പറയാതെതന്നെ ആളുകൾ ശ്രദ്ധിച്ചിട്ടുണ്ടാവും. അതിന്നപ്പുറം വല്ലതും— കഴിഞ്ഞ കൊല്ലത്തെ സ്ഥിതി, മാങ്ങയ്ക്കു വിലകുറയാനുള്ള സാധ്യത, പുറമെ നിന്നുമെത്തുന്ന മാങ്ങയുമായി മത്സരിക്കാനുള്ള കഴിവ്, എന്തൊക്കെ ഇനം നാടൻമാങ്ങ ഇക്കൊല്ലം മാർക്കററിലെത്തും, വടകരക്കാർക്കുണ്ടാവുന്ന സാമ്പത്തികാഭിവൃദ്ധി തുടങ്ങിയവ പറയാനുണ്ടെങ്കിലേ ഇത് ഒരു കഥയാവൂ. വസ്തുതകൾ അന്വേഷിച്ചു ചേർക്കുന്നതിനു പകരം വഴവഴപ്പുള്ള വാചകങ്ങളും വിരസമായ അലങ്കാരങ്ങളും നാട്ടുകാർക്ക് മനസ്സിലാവാത്ത സംസ്കൃതശ്ലോകങ്ങളും കൊണ്ട് തന്റെ ലേഖന രചനാ വൈഭവം കാണിക്കാനാണ് ഇവിടെ ലേഖകന്റെ ശ്രമം. ഈ കഥ ബുദ്ധിമുട്ടി വായിച്ചുകഴിഞ്ഞാൽ ആളുകൾക്ക് പുതുതായി എന്തെങ്കിലും മനസ്സിലാക്കാനല്ല പൊങ്ങച്ചം കാട്ടുന്ന ഒരു വിടുവായനെ കാണാനാണ് കഴിയുക.

ലേഖകൻമാർക്കു് കൊല്ലത്തിൽ ഒരുതവണ നല്ല കഥയാക്കി എഴുതാൻ വകതരുന്ന ഒരു വിഷയമുണ്ടു്—ശാസ്ത്രമേള. പ്രദർശന വസ്തുക്കളെ രസകരമായി വർണ്ണിച്ചെങ്കിൽ മാത്രമേ അതുനല്ല കഥയാവൂ; കാഴ്ചക്കാരിൽ ശാസ്ത്രബോധം വളർത്താൻ കഴിയൂ. ഭാവിയിലെ ശാസ്ത്രജ്ഞൻമാരെ വളർത്താനുള്ള ശ്രമമാണു് ശാസ്ത്രമേള. അതു് എങ്ങനെ എഴുതാം.

താഴെകൊടുത്ത റിപ്പോർട്ട് നോക്കുക :

## ആലുവ ജില്ലാ ശാസ്ത്രമേള തുടങ്ങി

കാലടി : പിഞ്ചുമനസ്സുകളിൽ അന്തർലീനമായി കിടക്കുന്ന കലാ-ശാസ്ത്ര സാങ്കേതിക വാസനകളെ രംഗത്തുകൊണ്ടുവരാൻ ശാസ്ത്രമേളകൾ വലിയ പങ്കുവഹിക്കുന്നുണ്ടെന്നു് എം. വി. മാണി എം. എൽ. എ. അഭിപ്രായപ്പെട്ടു.

മാണിക്കമംഗലം എൻ. എസ്. എസ് ബോയ്സ് ഹൈസ്കൂളിൽ നടത്തുന്ന ആലുവ വിദ്യാഭ്യാസ ജില്ലാ ശാസ്ത്രമേള ഉദ്ഘാടനംചെയ്തു് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സയൻസ് അദ്ധ്യാപകർ കൂടുതൽ താല്പര്യമെടുത്തു് വിദ്യാർത്ഥികളെ ശാസ്ത്രമേളകളിൽ പങ്കെടുപ്പിക്കണമെന്നു് എറണാകുളം ജില്ലാ വിദ്യാഭ്യാസ ഡയറക്ടർ ടി. അമ്മിണിക്കുട്ടി പറഞ്ഞു.

വലിയ ശാസ്ത്രതത്വങ്ങൾപോലും നിസ്സാരങ്ങളായ പരീക്ഷണങ്ങളിലൂടെ രംഗത്തു പ്രദർശിപ്പിക്കുവാൻ കുട്ടികൾക്കു കിട്ടുന്ന അവസരങ്ങളാണു് അത്തരം ശാസ്ത്രമേളകളെന്നു് ശങ്കരാ കോളേജ് പ്രൊഫസർ ടി. എൻ. ശങ്കരപ്പിള്ള ചൂണ്ടിക്കാട്ടി.

27 സ്റ്റാളുകളാണു് ഇപ്പോൾ പ്രദർശനത്തിനു ഒരുക്കിയിരിക്കുന്നതു്.

മേള ഉദ്ഘാടന സമ്മേളനത്തിനെത്തിയ വിശിഷ്ടാതിഥികളെ ബാൻഡുമേളത്തോടും പൂത്താലത്തോടും കൂടി സ്കൂൾ കവാടത്തിൽനിന്നും സമ്മേളന സ്ഥലത്തേക്കാനയിച്ചു.

ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പി. വി. പൗലോസ് സ്വാഗതവും മേള ജനറൽ കൺവീനർ കെ. ഭാസ്കരൻനായർ കൃതജ്ഞതയും പറഞ്ഞു. മൂന്നുദിവസം ശാസ്ത്രപ്രദർശനം ഉണ്ടായിരിക്കും.

— ഈ റിപ്പോർട്ടിൽ ശാസ്ത്രമേളയെക്കുറിച്ച് എന്തെങ്കിലും പറയുന്നുണ്ടോ? പതിവുപോലെ ലേഖകൻ ഉദ്ഘാടനച്ചടങ്ങിൽ കുടുങ്ങിപ്പോയിരിക്കുകയാണ്. കുട്ടികളുടെ ശാസ്ത്രകൗതുകത്തിലല്ലാ മാണിയുടെയും അമ്മിണിക്കുട്ടിയുടെയും ശങ്കരപ്പിള്ളയുടെയും പ്രസംഗത്തിലാണ് അദ്ദേഹം വാർത്ത കാണുന്നത്. ശരിയായ വാർത്ത രസകരമായ ഒരു കഥയുടെ രൂപത്തിൽ അവതരിപ്പിച്ച് കുട്ടികളെ പ്രോത്സാഹിപ്പിക്കാനും വായനക്കാരെ ആകർഷിക്കാനും അദ്ദേഹത്തിനു തോന്നാതെ പോയി.

മറ്റൊരു റിപ്പോർട്ട് :

## മൂവാററുപുഴ ജില്ലാശാസ്ത്രമേള തുടങ്ങി

കൂത്താട്ടുകുളം : സൗരോർജംകൊണ്ട് കുക്കർ, കൈകൊണ്ടു പ്രവർത്തിപ്പിക്കുന്ന മെതിയന്ത്രം, റഷ്യൻ മോഡൽ ജലശുദ്ധീകരണം, ഇലക്ട്രിക് ട്രെയിൻ, സോളാർ വാട്ടർ ഹീററർ, പുകയില്ലാത്ത അടുപ്പ് തുടങ്ങിയ നൂറിലധികം യന്ത്രങ്ങളും ഉപകരണങ്ങളും ഉൾക്കൊള്ളുന്ന മൂവാററുപുഴ വിദ്യാഭ്യാസ ജില്ലാ ശാസ്ത്രമേള തിരുമാറാടിയിൽ ആരംഭിച്ചു.

ബുധനാഴ്ച രാവിലെ കെ. ഐ. സൈമൺ ശാസ്ത്രമേള പ്രദർശനം ഉദ്ഘാടനം ചെയ്തു. പ്രദർശനം വെള്ളിയാഴ്ച സമാപിക്കും. ജില്ലയിലെ നൂറിലധികം സ്കൂളുകളിൽ നിന്നുള്ള കുട്ടികൾ പ്രദർശനം കാണാനെത്തുന്നുണ്ട്.

ഇത് ആദ്യ റിപ്പോർട്ടിനേക്കാൾ ഭേദമാണെന്നുമാത്രം പറയാം. മുഖ്യമായ പ്രദർശന വസ്തുക്കൾ എന്തെല്ലാമാണെന്ന് ശ്ലോകത്തിൽ പറഞ്ഞുതരുന്നുണ്ടല്ലോ. പക്ഷെ അങ്ങിനെ പറഞ്ഞാൽ മതിയോ? പ്രദർശന വസ്തുക്കൾക്ക് രൂപം നൽകിയവരാരൊക്കെ? എന്തെല്ലാമാണ് അവയുടെ പ്രത്യേകതകൾ? — അതെല്ലാം പറഞ്ഞെങ്കിലേ കഥയും അതുവഴി വാർത്തയും മുഴുവനാകൂ.

ഇനി കാണിക്കാനുള്ളതും ഇതേരീതിയിൽ തരംതാണുപോയ ഒരു റിപ്പോർട്ടാണ്. ഒരു നല്ല കഥപറയുന്ന എന്നു തെററിദ്ധരിപ്പിച്ചുകൊണ്ടാണ് തുടക്കം. വായിച്ചുനോക്കുക :

## കുരുന്നു ശാസ്ത്ര പ്രതിഭ

കൊച്ചി : മനുഷ്യൻ ഭക്ഷിക്കുന്ന പച്ചക്കറികളും പഴവർഗ്ഗങ്ങളും കൊണ്ടൊരു മനുഷ്യരൂപം. പ്ലാസ്റ്റിക് നൂലും ആണികളും കൊണ്ട് മനംകവരുന്ന പൂവൻകോഴി. നാട്ടിന്റെ മുഖച്ഛായമാററാൻ നൂതന കൃഷി പദ്ധതി_കൊച്ചു ശാസ്ത്രജ്ഞന്മാർ എറണാകുളം ഗവണ്മെൻറ് ഗേറംസ് ഹൈസ്കൂളിൽ ശാസ്ത്രവും കലയും സമന്വയിപ്പിച്ചൊരുക്കിയ മേള കാണികളെ പിടിച്ചുനിർത്തി.

ഇരുപത്തിമൂന്നു സ്കൂളുകളിലായി അഞ്ഞൂറോളം ബാല ശാസ്ത്രജ്ഞന്മാർ ഒരുക്കിയിട്ടുള്ള ശാസ്ത്രമോഡലുകളുടേയും പ്രോജക്ടുകളുടേയും കണ്ടുപിടിത്തങ്ങളുടേയും പ്രദർശനം മൂന്നുദിവസമുണ്ടാകും.

കലക്ടർ എം. പി. ജോസഫാണ് നിലവിളക്കുകൊളുത്തി ജില്ലാ സ്കൂൾ ശാസ്ത്രമേള ഉദ്ഘാടനം ചെയ്തതു്.

അണുശക്തികേന്ദ്രങ്ങൾ നാം നിർമ്മിച്ചിട്ടുണ്ട്. ബഹിരാകാശത്തേക്ക് നാം മനുഷ്യനെ അയച്ചുകഴിഞ്ഞു. എന്നാൽ മററു വികസിത രാജ്യങ്ങളെപ്പോലെ ശാസ്ത്രത്തെ ദൈനംദിന പ്രായോഗിക ജീവിതത്തിൽ കൊണ്ടുവരാൻ നമുക്ക് സാധിച്ചിട്ടില്ല. നിത്യജീവിതത്തിലെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്ന ഉപകരണങ്ങൾ കണ്ടുപിടിക്കാനും ജീവിതം കൂടുതൽ സൗകര്യപ്രദമാക്കാനും ഇത്തരം ശാസ്ത്രമേളകൾ ഉപകരിക്കുമെന്ന് കലക്ടർ അഭിപ്രായപ്പെട്ടു.

ഡി. ഇ. ഒ. പി. നാരായണക്കുറുപ്പ് ആധ്യക്ഷ്യം വഹിച്ചു. ജനറൽ കൺവീനർ എൻ. കെ. അന്നമ്മ സ്വാഗതവും സയൻസ് ക്ലബ്ബ് സെക്രട്ടറി എസ്. എസ്. കുറുപ്പ് നന്ദിയും പറഞ്ഞു.

എറണാകുളം വിദ്യാഭ്യാസ ജില്ലയിലെ 45 ഹൈസ്കൂളുകൾക്കു പുറമെ സബ്ബ് ജില്ലാതലത്തിൽ നടന്ന ശാസ്ത്രമേളയിൽ സമ്മാനാർഹമായ 12 യു. പി.—എൽ. പി. സ്കൂളുകളുമാണ് ജില്ലാമേളയിൽ പങ്കെടുക്കുന്നതു്. നിശ്ചലമാതൃകകളും പ്രവർത്തന മാതൃകകളും

ഗവേഷണ രീതിയിലുള്ള പ്രോജക്ടുകളാണ് പ്രദർശനസ്റ്റാളുകളിലുള്ളത്. ഇവിടെനിന്നും ഒന്നും രണ്ടും സമ്മാനങ്ങൾ ലഭിക്കുന്നവർ നവംബർ മൂന്നാം വാരത്തിൽ കോഴിക്കോട്ട് നടക്കുന്ന സംസ്ഥാന ശാസ്ത്രമേളയിൽ പങ്കെടുക്കാനർഹരാകും.

പ്രദർശനം നവംബർ 8–ാം തീയതി വൈകീട്ട് സമാപിക്കും. അന്ന് രണ്ടുമണിക്ക് നടക്കുന്ന സമാപന സമ്മേളനത്തിൽവെച്ച് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ടി. അമ്മിണിക്കുട്ടി സമ്മാനദാനം നടത്തും. പി. ടി. എ. പ്രസിഡൻറ് എം. കൃഷ്ണൻ ആധ്യക്ഷ്യം വഹിക്കും.

—എന്ത് 'കുരുന്നുശാസ്ത്രപ്രതിഭ' യാണ് ലേഖകൻ ഇവിടെ എടുത്തു കാണിക്കുന്നത്? പച്ചക്കറികളും പഴവർഗ്ഗങ്ങളും കൊണ്ട് മനുഷ്യരൂപം ഉണ്ടാക്കുന്നതും പ്ലാസ്റ്റിക് നൂലും ആണിയും ഉപയോഗിച്ച് പൂവൻകോഴിയെ മെനഞ്ഞെടുക്കുന്നതും അത്രവലിയ ശാസ്ത്രവിദ്യയാണോ? 'നിശ്ചല മാതൃകകളും പ്രവർത്തന മാതൃകകളും ഗവേഷണരീതിയിലുള്ള പ്രോജക്ടുകളും' എന്ന് ലേഖകൻ മറെറാരു സ്ഥലത്ത് പട്ടിക നിരത്തുന്നു. ഇതിൽനിന്ന് പ്രദർശന വസ്തുക്കളുടെ സ്വഭാവത്തെ കുറിച്ച് എന്തെങ്കിലും പിടികിട്ടുന്നുണ്ടോ? അങ്ങിനെ ഇതും ശാസ്ത്രമേളയെ കുറിച്ച് ഒരു വെളിച്ചവും കാട്ടാത്ത റിപ്പോർട്ടായിപ്പോയി.

അടുത്ത റിപ്പോർട്ട് നോക്കാം :

## മണിമലയിൽ ജില്ലാശാസ്ത്രമേള തുടങ്ങി

പൊൻകുന്നം : ശാസ്ത്രം സാധാരണക്കാരിൽനിന്ന് അകന്നു പോകുന്നു എന്ന ആക്ഷേപം തിരുത്തി കൊച്ചുകുട്ടികൾ തങ്ങളുടെ വൈഭവം ഒട്ടേറെ ശാസ്ത്രവിഭവങ്ങൾ ഒരുക്കിക്കൊണ്ട് തെളിയിച്ചത് കാണികളിൽ കൗതുകം ഉയർത്തി.

പൂഞ്ഞാർ സെൻറ് ജോസഫ് യു. പി. സ്കൂളിലെ വിദ്യാർത്ഥിയായ രാജേഷിൻെറ 'കായ്കളും ഇലകളും' എന്ന ഇനം ഗവേഷണ കൗതുകം വിളിച്ചറിയിക്കുന്നു. സൂര്യപ്രകാശത്തിൽ നിന്നും കാററിൽ നിന്നും തിരമാലകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള മോഡലുകൾ, ഒരുവീടിന് ആവശ്യമായ മിക്സി, ഗ്രൈൻഡർ,

റേഡിയോ എന്നിവയും വിദ്യാർത്ഥികൾക്ക് നിഷ്പ്രയാസം നിർമ്മിക്കാൻ കഴിയുമെന്ന പ്രദർശനം തെളിയിച്ചു.

കാഞ്ഞിരപ്പള്ളി വിദ്യാഭ്യാസ ജില്ലയിലെ 35 ഹൈസ്കൂളുകളും മൂന്നു സബ് ജില്ലകളിലെ ഒന്നാം സ്ഥാനം നേടിയ യു. പി. സ്കൂളുകളും ആണ് മണിമല സെൻറ് ജോർജ്ജ് ഹൈസ്കൂൾ ഹാളിൽ രണ്ടു ദിവസം നീണ്ടുനിൽക്കുന്ന പ്രദർശനത്തിന് എത്തിയതു്. ശാസ്ത്രമേള കെ. പി. ഇട്ടിയവിരയുടെ അധ്യക്ഷതയിൽ പൊൻകുന്നം എക്സി. എഞ്ചിനീയർ വി. ജെ. ജേക്കബ് പൊവ്വാഴ ഉദ്ഘാടനം ചെയ്തു. ഡി. ഇ. ഒ. ആർ. ലില്ലി വിശിഷ്ടാതിഥിയായിരുന്നു. ഹെഡ്മാസ്റ്റർ എൻ. എസ്. ജോൺ സ്വാഗതം പറഞ്ഞു.

— ആദ്യത്തെ രണ്ടിനേയും അപേക്ഷിച്ച് അൽപം ഭേദമാണ് ഈ റിപ്പോർട്ട്. ചില പ്രധാന ഇനങ്ങളുടെ സ്വഭാവം സൂചിപ്പിക്കുന്നുണ്ട്. ആകപ്പാടെ, മേളയുടെ ഒരു ചെറിയ ചിത്രം കിട്ടുന്നുണ്ട്. എങ്കിലും, വിവരണം വിരസമായി. രസകരമായ വർണ്ണനയില്ല. ഒരു കുട്ടിയുടെ മാത്രം പേർ പറഞ്ഞതു പക്ഷപാതമായെന്നു തോന്നും. ആ കുട്ടിയുടെ പ്രദർശനവസ്തുവിൻെറ മികവെന്തെന്നു നമുക്കു മനസ്സിലാവുന്നുമില്ല.

എങ്ങിനെയാണ് ശാസ്ത്രമേള കഥയാക്കിയെഴുതിത്തുടങ്ങേണ്ടതു് എന്നുള്ളതിന്നു് നല്ല ഉദാഹരണമാണ് ഇനി വായിക്കാൻ പോകുന്ന റിപ്പോർട്ട്.

## "എയ്ഡ്സ്" ശാസ്ത്രമേളയിലും

ആലപ്പുഴ : ലോക ജനതയെ ഭയവിഹ്വലരാക്കിയിരിക്കുന്ന 'എയ്ഡ്സ്' എന്ന മാരകരോഗം ശാസ്ത്രമേളയിലും വിഷയമായി.

ചേർത്തലയിൽ നടക്കുന്ന ജില്ലാ സ്കൂൾ ശാസ്ത്ര മേളയിലെ ഒരു സ്റ്റാളിൽ തൂക്കിയിട്ടിരിക്കുന്ന 'എയ്ഡ്സി' നെക്കുറിച്ചുള്ള കൂററൻ പോസ്റ്റർ സന്ദർശകരെ പിടിച്ചുനിർത്തി. ശാസ്ത്രസാങ്കേതിക വിദ്യകളുടെ നേട്ടത്തിൻെറ മോഡലുകൾക്കിടയിൽ പരതി നടക്കുന്ന കണ്ണുകൾ ചിത്രത്തിൽ ഉടക്കിയപ്പോൾ സന്ദർശകർ ഒരു ദുഃസ്വപ്നം

പോലെ ഞെട്ടി. പോസ്റ്ററിൽ വിവരണമുണ്ട്. രോഗത്തിന്റെ ഭീകരതയെക്കുറിച്ച് ചിത്രീകരണവും ഉണ്ട്.

ഭൂഗോളത്തിന് മുകളിൽ ആണവായുധങ്ങൾ കൈകളിലേന്തി സംഹാര താണ്ഡവമാടി മദിച്ച് നിൽക്കുന്ന മനുഷ്യൻ. എയ്ഡ്സ് എന്ന മഹാവ്യാധി വ്യാളിയുടെ രൂപത്തിൽ നാവ് ചുറ്റിച്ച ദംഷ്ട്രകൾ പുറത്ത് കാട്ടി മനുഷ്യനെ വിഴുങ്ങാനെത്തുന്നു. മനുഷ്യന് മുകളിൽ 'ഡിമോക്ലിസിന്റെ' വാളുപോലെ ഫണമുയർത്തി നില്ക്കുന്ന എയ്ഡ്സിന്റെ ഭീകരതയെക്കുറിച്ചുള്ള വിവരണത്തിൽ എഴുതിയിരിക്കുന്നു.

എയ്ഡ്സ് ഇന്നേവരെ കണ്ടിട്ടുള്ളതിൽ ഏററവും ഭീകരം. അർബുദത്തേക്കാൾ മാരകം, കുഷ്ഠത്തേക്കാൾ വൈരൂപ്യം. പിന്നെ രോഗലക്ഷണങ്ങളും. കൂടെ എയ്ഡ്സിന്റെ വൈറസ്സുകൾ ഇന്ത്യയിലേക്ക് എത്തിക്കഴിഞ്ഞിട്ടുണ്ടെന്ന മുന്നറിയിപ്പും.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ നിരത്തിവെച്ച് രോഗത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് വളമംഗലം എസ്. സി. എച്ച്. എസ്സിലെ 10-ാം തരം വിദ്യാർത്ഥി അജയകുമാർ മേള കാണാനെത്തിയ കുട്ടികൾക്ക് പറഞ്ഞുകൊടുത്തു. കുഞ്ഞിളം മനസ്സുകളിലും എയ്ഡ്സ് എന്ന രോഗത്തിന്റെ ഭീകരതയെക്കുറിച്ചുള്ള അറിവുകൾ പകർന്നു.

— മനോഹരമായ കഥപറച്ചിലായിട്ടുണ്ട് ഈ റിപ്പോർട്ട്. പക്ഷെ ഒരു ലേഖകനും അങ്ങിനെ എഴുതിക്കൂടാ. കാരണം പല പ്രദർശന വസ്തുക്കളും മേളയിലുണ്ടായിട്ടും ലേഖകൻ ഒരൊററ ഇനമേ വർണ്ണിക്കുന്നുള്ളു. അതു് അസ്സലായിട്ടുണ്ട് എന്നതുകൊണ്ട് ഈ റിപ്പോർട്ട് അസ്സലാവുന്നില്ല. ഒരു കുട്ടിയോടുമാത്രം പ്രത്യേകത കാട്ടുന്ന എന്ന മഹാദ്രോഹം ഇവിടെയുണ്ട്. മററു കുട്ടികളുടെ പ്രദർശന വസ്തുക്കളെ നിശ്ശേഷം അവഗണിച്ചതു ശരിയോ? ഒററ കുട്ടിയുടെ പ്രദർശന വസ്തുമാത്രമേ എടുത്തു കാണിക്കത്തക്കതായുള്ളു? ഇത്തരം വിവേചന മനസ്ഥിതി ഒരു ലേഖകനും ഉണ്ടായിക്കൂടാ. മേളയുടെ തീരെ അപൂർണ്ണമായ ഒരു ചിത്രമേ ഇവിടെ കിട്ടുന്നുള്ളു.

മൊത്തത്തിൽ വളരെ നന്നായിരിക്കുന്നു എന്നു പറയാവുന്ന ഒരു റിപ്പോർട്ടാണ് ഇനി എടുത്തുകാണിക്കാനുള്ളത്. കഥ വായിക്കാൻ

ഇമ്പം തോന്നുന്ന തരത്തിൽ പറഞ്ഞിരിക്കുന്നു. പ്രദർശന വസ്തുക്കളിൽ മുന്നെണ്ണത്തിന്റെ കാര്യമേ എടുത്തുപറഞ്ഞിട്ടുള്ളൂ. ചിലതുകൂടി ആവാമായിരുന്നു എന്നു തോന്നും. എങ്കിലും, 'പരിണാമസിദ്ധാന്തം മുതൽ ടെലിവിഷൻ സെററുവരെ' എന്നു പറയുമ്പോൾ, പ്രദർശന വസ്തുക്കളുടെ വൈവിധ്യവും വ്യാപകസ്വഭാവവും സൂചിപ്പിക്കുന്നുണ്ട്. നല്ല ഒരു കഥപോലെ വായിച്ചുപോകാം. കഥയുടെ അവസാനമായി ഉദ്ഘാടനച്ചടങ്ങിന്റെ വിവരങ്ങളും ചുരുക്കി കൊടുത്തിരിക്കുന്നു. അങ്ങനെ മൊത്തത്തിൽ കഥാഖ്യാനത്തിനു മാതൃകയായി കാട്ടാവുന്ന തരത്തിലുള്ളതാണ് താഴെ കൊടുക്കുന്ന ഈ റിപ്പോർട്ട്.

## ഡാർവിന്റെ സിദ്ധാന്തം മുതൽ ടെലിവിഷൻ സെററുവരെ

പാലാ : 'നോക്കി കാണൂ, സിഗരററുവലി ആരോഗ്യത്തിനു ഹാനികരം'. നിയമപ്രകാരമുള്ള വെറും മുന്നറിയിപ്പല്ല. സിഗരററിൽ ഉള്ള വിഷാംശംകൊണ്ട് മത്സ്യവും തവളയും ചത്തുവീഴുന്നതു് പരീക്ഷണങ്ങളിലൂടെ കൺമുന്നിൽ കാണിച്ചുതരുന്നു.

മരങ്ങാട്ടു് പള്ളി സെൻറ് തോമസ് ഹൈസ്കൂളിൽ ആരംഭിച്ച പാലാ വിദ്യാഭ്യാസ ജില്ലാ ശാസ്ത്ര പ്രദർശനത്തിൽ പ്രവീത്താനം സെൻറ് മൈക്കിൾസ് ഹൈസ്കൂളിലെ മീനാ ജോയിയും റീനാ ജോയിയുമാണ് സിഗരററുവലിയുടെ ഭീകരത കാണികളുടെ മുന്നിൽ തെളിയിച്ചുകാട്ടുന്നതു്.

ഓരോ ഇനം സിഗരററിലും എത്രശതമാനം വിഷമുണ്ടെന്നും ഇതുമൂലം എത്രമിനിററുകൊണ്ട് മീനും തവളയും ചാവുമെന്നും അവർ പരീക്ഷണങ്ങളിലൂടെ വിശദീകരിക്കുന്നു. ''ഞങ്ങളുടെ അച്ഛൻ സിഗരററ് വലിക്കുന്ന ആളായിരുന്നു. ഞങ്ങളുടെ പരീക്ഷണങ്ങൾ കണ്ട് അദ്ദേഹം വലി നിർത്തി''—അവർ പറഞ്ഞു.

ഡാർവിന്റെ സിദ്ധാന്തം അനുസരിച്ചുള്ള മനുഷ്യന്റെ പരിണാമത്തിന്റെ വിവിധ ദശകൾ മുതൽ ആധുനിക സംസ്കാരത്തിന്റെ പ്രതീകമായ ടെലിവിഷൻ സെററുവരെ ഒട്ടേറെ ദൃശ്യങ്ങൾ ശാസ്ത്രമേളയിൽ കാണാം.

പരിണാമത്തിന്റെ ഘട്ടങ്ങളം ഏറ്റുമാനൂർ ഗവൺമെന്റ് ഹൈസ്ക്കൂളം വിദ്യാർത്ഥികളം ടെലിവിഷന്റെ മോഡൽ വൈക്കം എസ്. എം. എസ്. എൻ. ഹൈസ്ക്കൂളം വിദ്യാർത്ഥികളമാണ് പ്രദർശിപ്പിച്ചത്.

കൂടുതൽ ആരോഗ്യത്തിന് കൂടുതൽ പച്ചക്കറികൾ കഴിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിക്കൊണ്ട് ഒരിഞ്ചുപോലും വെറുതെവിടാതെ 12 മാസവും മാറിമാറി കൃഷിചെയ്യാൻ പററുന്ന കൃഷി പരിചയ കലണ്ടർ പ്രവിത്താനം സെൻറ് മൈക്കിൾസ് ഹൈസ്കൂളിലെ സുനിൽ ജാക്ക് എബ്രഹാം പ്രദർശിപ്പിച്ചു. പാലാ വിദ്യാഭ്യാസ ജില്ലയിലെ 40 ഹൈസ്കൂളുകളിൽ നിന്നും കൊഴുവനാൽ, രാമപുരം, പാലാ എന്നീ സബ് ജില്ലകളിലെ സമ്മാനാർഹമായ പ്രദർശനങ്ങളും സ്റ്റാളുകളിൽ നിരത്തിയിരുന്നു.

പാലാ ബിഷപ്പ് ഡോ. ജോസഫ് പള്ളിക്കാപറമ്പിൽ പ്രദർശനം ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. മാത്യു ശൗരിയാംകുഴി അധ്യക്ഷത വഹിച്ച യോഗത്തിൽ ഡി. ഇ. ഒ. ആർ. ലീലാദേവി അമ്മാൾ, കെ. വി. മാത്യു എന്നിവർ പ്രസംഗിച്ചു. ഹെഡ് മാസ്റ്റർ എബ്രഹാം മാത്യു സ്വാഗതവും ഇ. ജെ. നിക്കോളാസ് നന്ദിയും പറഞ്ഞു.

നല്ല കഥയാക്കി പറയാൻ പററുന്ന എന്തെല്ലാം കാര്യങ്ങൾ നാം വർത്തമാനം പറയാത്ത റിപ്പോർട്ടുകളായി നശിപ്പിച്ചുകളയുന്നു! ഒരു ദാഹരണം:

## അമ്മമാരുടെ ദ്വിദിന പരിശീലന ക്യാമ്പ്

കൊയിലാണ്ടി: പന്തലായിനി വികസന ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ ഗാന്ധിജയന്തി – ഇന്ദിരാജയന്തി ആഘോഷപരിപാടികളുടെ ഭാഗമായി അമ്മമാർക്ക വേണ്ടിയുള്ള ദ്വിദിന പരിശീലന ക്യാമ്പ് മേലൂർ മഹിളാസമാജത്തിൽ ഐ. ആർ. ഡി. പി. എക്സ്റ്റൻഷൻ ഓഫീസർ പി. ബാലൻ വ്യാഴാഴ്ച ഉദ്ഘാടനം ചെയ്തു. രാജമ്മ സംസാരിച്ചു.

— എന്തിനായിരുന്നു നാട്ടിൻപുറത്തെ അമ്മമാർക്ക് രണ്ടു ദിവസത്തെ ക്യാമ്പ്? എന്തു പരിശീലനമാണ് അവർക്ക കൊടുത്തതു്? രണ്ടുദിവസം മററു ജോലികൾ വിട്ട് ക്യാമ്പിൽവരാൻമാത്രം അമ്മ

മാർക്കു താൽപര്യമുള്ളതായിരുന്നുവോ പരിശീലനം? പരിശീലന രീതി എന്തായിരുന്നു? ഈ സമയത്തു് കുട്ടികളെ ആരാണു് നോക്കിയിരുന്നതു്? അങ്ങിനെ പല കാര്യങ്ങളും അൽപം നർമ്മരസത്തോടു കൂടിയും വർണ്ണനാത്മകമായും വിവരിച്ചിരുന്നെങ്കിൽ, ഇതു വികസന പ്രവർത്തനത്തെപ്പററി ജനങ്ങളെ ബോധവാൻമാരാക്കുന്ന ഒരു നല്ല കഥയായേനെ. പല വികസന പ്രവർത്തനങ്ങളും ഇങ്ങിനെ ലേഖകൻമാരുടെ അനാസ്ഥകാരണം ജനങ്ങളുടെ ശ്രദ്ധയിൽപ്പെടാതെ പോകുന്നു.

കല്ലിനെപ്പററിയും കഥപറയാം എന്നു പറഞ്ഞാണല്ലോ തുടങ്ങിയതു്. ഇതാ, കല്ലിനെപ്പററി നല്ല ഒരു കഥ. ജനങ്ങൾക്കു് അറിയുന്ന കാര്യം തന്നെ അവർക്കു വായിക്കാൻ താൽപര്യമുള്ള വാർത്തയാക്കാം എന്നതിനു് മികച്ച ഉദാഹരണം.

## മണമുതിർക്കുന്ന പാറ നാട്ടുകാരുടെ കടങ്കഥ

കൊയിലാണ്ടി: ഫെബ്രു. 18: ഗുരുപുണ്യകാവിന്റെ താഴ്‌വരയിൽ കടലിൽ നിന്നു ഏതാനും അടി അകലെ കാലത്തിന്റെ ഓർമ്മത്തെററുപോലെ നിലകൊള്ളുന്ന ഒരു പാറക്കല്ലു് ദേശവാസികൾക്കിടയിലെ ഒരു കടങ്കഥയായി മാറിയിരിക്കുന്നു.

മൂടാടിപഞ്ചായത്തിൽ പെട്ട ഗുരുപുണ്യകാവു് (ഉരണ്യകാവു്) ക്ഷേത്രത്തിനു് സമീപം സ്ഥിതിചെയ്യുന്ന സ്വയം ഗന്ധം പുറപ്പെടുവിക്കുന്ന പാറക്കല്ലാണു് നാട്ടുകാർക്കിടയിൽ സമസ്യയായി തീർന്നിരിക്കുന്നതു്. ഈ കല്ലിനടുത്തെത്തുമ്പോൾ അനുഭവപ്പെടുന്ന പ്രത്യേകതരം ഗന്ധം കല്ലിൽ നിന്നും സ്വയം ഉണ്ടാകുന്നതാണെന്നു് നാട്ടുകാർ വിശ്വസിക്കുന്നു. കാലങ്ങളോളമായി അവർ ഇതു് അനുഭവിക്കുന്നു. അതുകൊണ്ടുതന്നെ നാട്ടുകാർക്കു് ഇതൊരു മഹാത്ഭുതമല്ല. എങ്കിലും ദുർജ്ഞേയമായ ഏതോ ഒരു പരിവേഷം ഈ കല്ലിനെ ചൂഴ്ന്നു നിൽപ്പുണ്ടെന്നു് അവർ ദൃഢമായും വിശ്വസിക്കുന്നു.

ഗുരുപുണ്യ കാവിന്റെ താഴ്‌വരയിൽ പാറക്കെട്ടുകളുടെ നീണ്ട ഒരു നിരയാണു്. പാറക്കെട്ടുകളുടെ ഈ നിരയ്ക്കരികിൽ നിൽക്കുമ്പോൾ അനുഭവപ്പെടാത്ത ഒരു ഗന്ധം, ഒററക്കല്ലിനടുത്തെത്തുമ്പോൾ മൂക്കിലേക്കു് ഇരച്ചുകയറുന്നു.

കടലിൻെറ ശീതക്കാററിൽ വ്യത്യസ്തമായി അതു അനുഭവപ്പെടുകയും ചെയ്യും. കടലിൻെറ നീലപ്പരപ്പിലേക്ക് ഏതു് നിമിഷവും തെന്നിപ്പോകാവുന്ന സ്ഥിതിയിലാണ് മൂന്നാം പൊക്കത്തിലുള്ള ഈ കല്ല് നിലകൊള്ളുന്നതു്. എന്നാൽ ഒരു വൻപാറ ഇതിന് അടുത്തായി ഉള്ളതുകൊണ്ട് ഈ കല്ലിൻെറ അടിത്തറ ദൃഢമായിരിക്കുന്നു. കട്ടപ്പമേറിയ ചെങ്കല്ല് രൂപപ്പെട്ടുണ്ടായതാണ് ഈ വൻകല്ല്. മററ് പാറക്കൂട്ടങ്ങളിൽ നിന്നും വ്യത്യസ്തമായ ഒററപ്പെട്ട ഈ കല്ല് മാത്രം അവിടെ വന്നതിനു പിന്നിലും ദേശവാസികൾക്കിടയിൽ ഒരു ഐതിഹ്യമുണ്ട്.

ഗുരുപുണ്യകാവ് ക്ഷേത്രത്തിനടുത്തും സമീപ പ്രദേശങ്ങളിലും അക്കാലത്തു് ബ്രാഹ്മണന്മാർ മാത്രമാണ് അധിവസിച്ചിരുന്നതു്. അയിത്ത ജാതിക്കാർക്ക് അങ്ങോട്ട പ്രവേശനമേ ഇല്ല. എന്നാൽ ഒരിക്കൽ ഇതൊന്നുമറിയാതെ ഒരു ഹരിജൻ സ്ത്രീയും അവരുടെ ഭർത്താവും ഗുരുപുണ്യകാവിൻെറ താഴ്വരയിൽ കൈതോലവെട്ടാൻ പോയത്രെ. കൈതോല വെട്ടിയ ക്ഷീണം തീർക്കാൻവേണ്ടി അല്പം കടൽ കാററേററു് പാറപ്പുറത്തിരിക്കുമ്പോൾ, ഇതുകണ്ടുകൊണ്ട് അതു വഴിവന്ന ബ്രാഹ്മണൻ അവരെ ശപിച്ചുവെന്നും, അവർ ശിലയായി മാറിയെന്നുമാണ് ഐതിഹ്യം. ഈ ഐതിഹ്യത്തിൻെറ പാശ്ചാത്തലത്തിലായിരിക്കാം ദേശവാസികൾ ഇതിനെ പുലയൻകല്ലെന്നു വിളിക്കുന്നതു്. ഈ കല്ലിനു അൽപ്പം വടക്കുമാറിയാണ് തുലാമാസത്തിലെ വാവിൻ നാളിൽ പിതൃതർപ്പണത്തിനു വേണ്ടി ആളുകൾ എത്താറുള്ളതു്. ഗുരുപുണ്യകാവിനേയും പുലയൻ കല്ലിനേയും സാക്ഷി നിർത്തി നടത്തുന്ന ബലിയിടൽ ചടങ്ങ് കാലങ്ങളോളമായി തുടർന്നുവരുന്നു. അദൃശ്യ രൂപികളായ അനേകമനേകം ആത്മാവുകളുടെ സാന്നിദ്ധ്യം ഈ കല്ലിന് ഭദ്രമായ ഒരു പരിവേഷം ചാർത്തിയിരിക്കുന്നു.

കല്ലിന് സമീപമെത്തിയാൽ ഗന്ധം അനുഭവപ്പെടുന്നുണ്ടെന്നല്ലാതെ അതു് കല്ലിൽനിന്നു പുറപ്പെടുന്ന ഗന്ധംതന്നെയാണോ എന്നു് തെളിയിക്കപ്പെട്ടിട്ടില്ല. കല്ലിൻമേൽനിന്നും ഗന്ധമുണ്ടാകാൻ കാരണമെന്താണെന്നും കണ്ടെത്തേണ്ടിയിരിക്കുന്നു. തലമുറകളായി കല്ലിൻെറ ഗന്ധവുമായി ചിരപരിചിതരായ നാട്ടുകാർ തറപ്പിച്ചു പറയുന്നതു് അതു് കല്ലിൻെറ ഗന്ധംതന്നെയെന്നാണ്. എന്നാൽ അതിന് കാരണമായി ഐതിഹ്യത്തിൻെറ പിൻബലമല്ലാതെ മറെറാന്നും അവർക്ക് ചൂണ്ടിക്കാണിക്കാനും കഴിയുന്നില്ല.

എട്ട് :

# തദ്വാരാ, തൽസമയം

അച്ഛൻ മക്കൾക്ക കഥ പറഞ്ഞുകൊടുക്കുകയാണ്. ഇടയ്ക്ക് തമാശയ്ക്ക്, പ്രധാന ഘട്ടങ്ങളിൽ തദ്വാരാ, തൽസമയം തുടങ്ങിയ വാക്കുകൾ കാച്ചും. ഉടനെ ബഹളമായി, നിലവിളിയായി, കഥാകാരനെ ഭേദ്യം ചെയ്യാനുള്ള ഒരുക്കമായി.

പത്രം വായിക്കുമ്പോൾ പലപ്പോഴും ആളുകളും ഇങ്ങിനെ ബഹളം കൂട്ടുന്നു. ലേഖകനെ അപ്പോൾ കയ്യിൽ കിട്ടാത്തതുകൊണ്ട് ഭേദ്യം ചെയ്യുന്നില്ല.

അതല്ലെങ്കിൽ ഒരു പൊതുയോഗത്തിൽ ഉണ്ടായിരുന്ന മുസ്ലിം വൃദ്ധൻ പ്രസംഗം കഴിഞ്ഞ് ഇറങ്ങിവരുന്ന ചെറുപ്പക്കാരനോട് ആവശ്യപ്പെട്ടപോലെ ''ഇനി അതൊക്കെ ഒന്നു മലയാളത്തിൽ പറഞ്ഞു താ'' എന്നു് വായനക്കാർക്ക് ലേഖകനെ പിടിച്ചുനിർത്തി പറയേണ്ടി വരുന്നു.

അതെ, നിങ്ങളുടെ റിപ്പോർട്ടിൽ 'തദ്വാരാ' കളും 'തൽസമയങ്ങളു'മുണ്ട്. അതു് വർത്തമാനം പറയുന്ന മട്ടിലല്ല, പ്രസംഗിക്കുന്ന രീതിയിലാണ്. വളച്ചുകെട്ടുണ്ട്, നീട്ടിവലിപ്പുണ്ട്, ഗീർവാണമുണ്ട്, ആവർത്തനമുണ്ട്. ക്രമപ്പെടുത്തിയല്ല കാര്യങ്ങൾ പറയുന്നതു്. വായിച്ചുതീർക്കാൻ അധികം സമയം വേണ്ടിവരുന്നുണ്ട്. അധികം ക്ലേശിക്കേണ്ടിവരുന്നുണ്ട്, അധികവും പിടികിട്ടാതെ വാപൊളിച്ചു നിൽക്കേണ്ടി വരുന്നുണ്ട്.

നിങ്ങൾ ഭാര്യയോടും കുട്ടികളോടും ചങ്ങാതിമാരോടും വർത്തമാനം പറയുന്നു. വർത്തമാനത്തിന്നു് വാർത്ത എന്നും അർത്ഥമുണ്ടല്ലോ. അപ്പോൾ, അവർക്ക് അറിയാത്തതോ കേൾക്കാൻ താൽപര്യമുള്ളതോ ആയ വിശേഷങ്ങൾ അറിയിക്കാനാണ് നിങ്ങൾ വർത്തമാനം പറയുന്നതു്. കേട്ട ഉടനെ മനസ്സിലാവുന്ന തരത്തിലേ നിങ്ങൾ പറയൂ.

എന്തുകൊണ്ട് ആ സംസാരിക്കുന്ന രീതിയിൽ എഴുതിക്കൂടാ? സംസാരിക്കുമ്പോൾ വളച്ചുകെട്ടില്ല, ഗീർവാണമില്ല, പ്രസംഗ ശൈലിയില്ല. 'എന്റെ അച്ഛൻ മരിച്ചു' എന്നേ നിങ്ങൾ സുഹൃത്തിനെ അറിയിക്കൂ; 'എന്റെ പിതാവ് അന്തരിച്ചിരിക്കുന്നു' എന്നു പറയാറില്ല; 'എന്റെ മകളുടെ കല്യാണമാണ്' എന്നല്ലാതെ 'എന്റെ പുത്രിയുടെ വിവാഹമാണ്' എന്നു പറയുമോ? 'പേടിപ്പിക്കാൻ നോക്കണ്ട' എന്നു പറയുകയല്ലാതെ, 'ഈ ഭീഷണികൾക്കൊന്നും ഞാൻ വഴങ്ങില്ല എന്ന് ഇതാ പ്രഖ്യാപിച്ചുകൊള്ളുന്നു' എന്ന് മുഖദാവിൽ പ്രസംഗിക്കുമോ?

ലേഖകൻ വാസ്തവത്തിൽ വായനക്കാരോട് നേരിട്ടു വർത്തമാനം പറയുകയാണ് എന്നോർക്കണം. അപ്പോൾ, ആ മട്ടിലേ റിപ്പോർട്ടെഴുതാവൂ. വർത്തമാനം പറയുന്ന ഈണത്തിൽ, എന്നാൽ അത്യാവശ്യം വ്യാകരണ നിയമങ്ങൾ പാലിച്ച് എഴുതുമ്പോഴാണ് നല്ല ഭാഷ ഉണ്ടാവുന്നത്. അതിന് എളുപ്പമുള്ള, ചെറിയ വാക്കുകളേ പറ്റൂ. ചെറിയ വാചകങ്ങളേ പറ്റൂ. ഒതുക്കിപ്പറഞ്ഞേ പറ്റൂ. പറയുന്നതു കേട്ടപാടെ കാര്യം പിടി കിട്ടണം.

ഇതിന് എന്തൊക്കെ നോക്കണം?

(1) ആവശ്യമില്ലാത്ത അക്ഷരങ്ങൾ ഒഴിവാക്കുക :

'വരും' എന്നു പറഞ്ഞാൽ ധാരാളമാണ്; 'വരുന്നതാണ്', 'വരുന്നതായിരിക്കും' എന്നൊക്കെ പറയുന്നത് വാക്കിന്റെ നീളം കൂട്ടി വായനക്കാരനെ കഷ്ടപ്പെടുത്താനേ പറ്റൂ. ഒരുകാര്യം ചെയ്യാൻ 'തക്ക' കാരണം മതി.; 'തക്കതായ' കാരണം വേണ്ട. പെൺകുട്ടിയെ 'നോക്കിക്കൊണ്ട്' നിൽക്കേണ്ട; 'നോക്കി' നിന്നാൽ തന്നെ മതിയല്ലോ. 'ആവശ്യമായ' തുകകൊണ്ടു തന്നെ ആവശ്യം നടക്കുമ്പോൾ 'ആവശ്യമായിട്ടുള്ളതു' വേണ്ട. 'ഒരാളും' ധാരാളമാണ്, പിന്നെന്തിനാണ് 'യാതൊരാളും'? 'നേരാണെന്നിരുന്നാലും' എന്ന് ഇരിക്കേണ്ട; 'നേരാണെങ്കിലും' എന്നുമതി. 'വരുന്നതാണെങ്കിൽ' എന്തിന്? 'വന്നാൽ' മതി. 'ചെയ്യേണ്ടു' എന്നു പോരെ, 'ചെയ്യേണ്ടതായിട്ടുള്ളൂ' എന്നു വേണോ? 'എന്നാലും' പോരെ, 'എന്നിരുന്നാലും' എന്നുതന്നെ ശഠിക്കണോ?

(2) ആവശ്യമില്ലാത്ത വാക്കുകൾ വിടുക :

'സ്കൂൾ അടച്ചുപൂട്ടി' വേണ്ട, 'സ്കൂൾ അടച്ചു' മതി.

സ്കൂൾ തുറന്നു (പ്രവർത്തിച്ചു), അദ്ദേഹം (തുടർന്നു) പറഞ്ഞു, വിവാഹം (സമംഗളം) നടന്നു, (ഹൃദ്യമായ) സ്വീകരണം നൽകി, മുപ്പതുകൊല്ലത്തെ (പ്രശസ്ത) സേവനത്തിനുശേഷം, (വെള്ളത്തിൽ) മുങ്ങിമരിച്ചു, പണിമുടക്ക (സമര) ത്തിന്നു പിൻതുണ, (അന്വേഷണത്തിൽ നിന്നു്) അറിയുന്നു, അവൻ (ഒരു) കുട്ടിയെപ്പോലെ കരഞ്ഞു, ഈരണ്ടു (വീതം), (ഓരോ) വീടുതോറും, (ഏതാണ്ടു്) പതിനഞ്ചോളം — ഇവിടെ വലയത്തിൽ കാണിച്ച വാക്കുകൾ അനാവശ്യമാണു്. കളഞ്ഞാലും അർത്ഥത്തിന്നു കുഴപ്പമില്ല.

(3) അനാവശ്യമായ സംസ്കൃതം ഒഴിവാക്കുക :

'അച്ഛനും' 'അമ്മയും' മതിയാകുന്നേടത്തു് 'പിതാവും' 'മാതാവും' വേണ്ട. അവർക്കു് 'മകളും' 'മകനും' മതി.; 'പുത്രിയും' 'പുത്രനും' നന്നല്ല. പുരുഷന്മാർക്കു് 'സഹോദരി' യല്ല, 'പെങ്ങൾ' ആണു് വേണ്ടതു്. ആർക്കും 'സഹോദരനോ' 'സഹോദരി'യോ വേണമെന്നില്ല. മലയാളത്തിൽ കുറച്ചുകൂടി അർത്ഥം തെളിയുന്ന 'ജ്യേഷ്ഠനോ' 'അനുജനോ' ജ്യേഷ്ഠത്തിയോ' — 'ഏട്ടത്തിയോ', 'ചേച്ചിയോ' — 'അനുജത്തിയോ' ആണു് നല്ലതു്. ആദ്യത്തെ (ഇദംപ്രഥമമായ), കാണുക (ദർശിക്കുക), ഉണ്ടാവുക (സംജാതമാവുക), വഴിക്കുള്ള (മാർഗ്ഗമധ്യേയുള്ള), കൈകൊടുത്തു (ഹസ്തദാനം ചെയ്തു), ഈ വക (ഈ ദൃശ), ആൾപാർപ്പ് (ജനാധിവാസം), ഷോക്കേററു മരിച്ചു (വൈദ്യുതാഘാതമേററു മരിച്ചു), പങ്കാളികളാവുക (ഭാഗഭാക്കുകളാവുക) — ഇവിടെയൊക്കെ വലയത്തിലെ ഗീർവാണം വിട്ടു് ആദ്യത്തെ മലയാളം ഉപയോഗിക്കുന്നതാണു് വായിക്കാൻ സുഖം.

(4) അനാവശ്യമായ ബഹുവചനം വേണ്ട :

മലയാളത്തിന്നുള്ള ഒരു സൌകര്യം ഒന്നിൽ കൂടുതലുള്ള എല്ലാററിനും ബഹുവചനം വേണ്ട എന്നതാണു്. 'യാതൊരു കാരണങ്ങളാലും', 'ഓരോ വിദ്യാർത്ഥികളും', 'വിശേഷങ്ങളൊന്നുമില്ല', 'എല്ലാ സ്ഥലങ്ങളിലും' — ഇവിടെയൊന്നും ബഹുവചനം വേണ്ട. 'മൂന്നു കൊല്ലം', 'പത്തുദിവസം', 'അഞ്ചുമാങ്ങ', എന്നൊക്കെ ധാരാള

മാണ്. 'കണക്കുകൾ വെയ്ക്കണം' ആവശ്യമില്ല, 'കണക്കുവെയ്ക്കുകയേ' വേണ്ടു. 'കണ്ണിൽ വെള്ളം നിറഞ്ഞു' എന്നു പറഞ്ഞാൽ 'കണ്ണുകളിൽ' ആണെന്നു വ്യക്തമാണ്. 'കൈവീശിനടന്നു' എന്നു പറഞ്ഞാൽ, ഒരു കൈ മാത്രമേ വീശിയുള്ളു എന്ന് ആരും തെററിദ്ധരിക്കില്ല. 'അധരപുടങ്ങൾ', 'പാണിയുഗ്മങ്ങൾ' 'കണ്ണിണകൾ' എന്നീ ബഹുവചനം ആവശ്യമില്ല.

(5) വാക്കുകൾ വേണ്ട സ്ഥാനത്തു വെയ്ക്കുക :

കുറച്ചു വാക്കുകളിൽ കാര്യം പറഞ്ഞു തീർക്കണമെന്നു പറഞ്ഞു. അതുകൊണ്ടായില്ല. എളുപ്പമുള്ള ചെറിയ വാക്കുകൾ ഉപയോഗിച്ചതുകൊണ്ടായില്ല. വാക്കുകൾ വേണ്ട സ്ഥാനത്തുതന്നെ വെക്കണം. സ്ഥാനം തെററി വെച്ചാൽ അർത്ഥം മാറും.

'അമ്മുഅമ്മ പെററ ഉടനെ കുട്ടിയെ വഴിയിലിട്ടുപോയ ആ സ്ത്രീയെ കണ്ട് അമ്പരന്നു' — എന്നു വായിക്കുമ്പോൾ അമ്മുഅമ്മ പെററകുട്ടിയെ മറെറാരുവൾ വഴിയിലെറിഞ്ഞു എന്നാണ് തോന്നുക. പെററ ഉടനെ കുട്ടിയെ വഴിയിലെറിഞ്ഞ ആ സ്ത്രീയെ കണ്ട് അമ്മുഅമ്മ അമ്പരക്കുകയാണ് വാസ്തവത്തിൽ ഉണ്ടായത്.

ബന്ദ് ദിവസത്തെ ഒരു റിപ്പോർട്ടിലെ വാചകം : 'പോലീസ് സഹായത്തോടെ ഗർഭിണിയായ സ്ത്രീയെ ആസ്പത്രിയിൽ എത്തിച്ചു'. വാസ്തവത്തിൽ ഇവിടെ, ഗർഭിണിയെ ആസ്പത്രിയിലെത്തിക്കാനേ പോലീസ്സഹായമുണ്ടായിട്ടുള്ളു.

'മജിസ്ട്രേട്ട് ബലാൽസംഗം ചെയ്ത കുററത്തിന് രാമന്ന് ആറുമാസം കഠിന തടവു വിധിച്ചു' എന്നു പറയുമ്പോൾ മജിസ്ട്രേട്ട് കുററക്കാരനും രാമൻ ശിക്ഷ കിട്ടുന്നവനുമാവുന്നു!

മികച്ച ലേഡി എക്സ്ററൻഷൻ ഓഫീസറായി തെരഞ്ഞെടുക്കപ്പെട്ട കെ. സരോജിനിയെപ്പററിയുള്ള റിപ്പോർട്ടിൽ നിന്ന് ഒരു വാചകം : 'സരോജിനിയുടെ നിരന്തര പ്രവർത്തനഫലമായി പ്രവത്തന രഹിതമായി കിടന്നിരുന്ന പല മഹിളാ സമാജങ്ങളും പുനരുജ്ജീവിക്കപ്പെട്ടു' — ഇതു വായിച്ചാൽ തോന്നുക സരോജിനി മിനക്കെട്ട് പല മഹിളാസമാജങ്ങളുടേയും കഥകഴിച്ചെന്നും ആ 'സേവനം' കൂടി കണക്കിലെടുത്താണ് അവരെ മികച്ച ഓഫീസ

റായി തെരഞ്ഞെടുത്തതെന്നുമാണു്. നശിച്ച പല മഹിളാ സമാജങ്ങളും സരോജിനിയുടെ ശ്രമംകൊണ്ടു് വീണ്ടും സജീവമായി എന്നാണു് ലേഖകൻ ഉദ്ദേശിച്ചതു്.

എഴുതുന്നതു് വർത്തമാനം പറയുന്ന ഈണത്തിലും ഭാഷയിലും വേണമെന്നു പറഞ്ഞു. അല്ലാഞ്ഞാൽ വായിക്കാൻ സുഖം കുറയും. താല്പര്യം കുറയും. കൃത്രിമമായ പദപ്രയോഗങ്ങളും നീണ്ട വാചകങ്ങളും വായനക്കാരനെ കുഴക്കും. ഈ റിപ്പോർട്ടു് നോക്കൂ :

## മലയോരമേഖലയിൽ ജലക്്ഷാമം

നെല്ലിക്കുറ്റി : മലയോര മേഖലയിൽ വേനലിനു ശക്തി പ്രാപിച്ചതോടെ ജലക്ഷാമം രൂക്ഷമായി. കുളങ്ങളും കിണറുകളും വറ്റിത്തുടങ്ങി.

മകരം കഴിഞ്ഞു കുംഭമാസം തുടങ്ങിയതോടെ മഴയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങി. ഇതിനിടെ ചില ഇടങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴ ലഭിക്കുകയുണ്ടായി. ഇതും കർഷകർക്കു് ദോഷമാണു് സൃഷ്ടിച്ചതു്. 'കപ്പവാട്ടി'ന്റെ സമയമാണിപ്പോൾ മലയോരങ്ങളിൽ. കപ്പ വാട്ടിയശേഷം ഉണങ്ങുവാനായി വെയിലത്തു് നിരത്തുകയാണു് പതിവു്. ഇത്തരത്തിൽ നിരത്തിയിരുന്ന കപ്പയിലാണു് അകാലത്തിൽ പെയ്ത മഴ ദോഷമായതു്. രണ്ടുവർഷം മുൻപു് ഇത്തരത്തിൽ പെയ്ത മഴ മലയോരത്തെ ജനങ്ങളുടെ ആയിരക്കണക്കിനു രൂപ കപ്പക്കൃഷി ഇനത്തിൽ തന്നെ നഷ്ടമാക്കുകയുണ്ടായി.

മലയോര മേഖലയിലെ കാർഷികോൽപാദനവും ജലക്ഷാമം മൂലം ഗണ്യമായി കുറയുന്നുണ്ടു്. നിലവിലുള്ള കിണറുകളും കുളങ്ങളും ആഴം കൂട്ടുവാനും പുതിയവ നിർമ്മിക്കാനും കുറഞ്ഞ പലിശയ്ക്കു സഹകരണ സ്ഥാപനങ്ങൾ വഴി വായ്പ അനുവദിക്കുക; മലയോര മേഖലയുടെ വിവിധ ഭാഗങ്ങളിൽ കുഴൽക്കിണറുകൾ വർദ്ധിപ്പിച്ചു നിർമ്മിക്കുക, സർക്കാർ ജലവിതരണ പദ്ധതികൾ മലയോര മേഖലയിൽ വ്യാപകമാക്കുക എന്നിവയാണു് നാട്ടുകാരുടെ ആവശ്യങ്ങൾ.

— എന്തിനാണു് ഈ മലയോര മേഖല? 'മലയോരപ്രദേശം' എന്നു പറഞ്ഞാൽ സ്ഥലത്തിനു് അന്തസ്സു കുറയുമോ? വേനൽ

'മൂത്താൽ' പോരെ? 'ശക്തിപ്രാപിക്കുകതന്നെ' വേണമോ? ഏറിയാൽ 'ശക്തികൂടിയതോടെ' മതിയാവില്ലേ? ജലക്ഷാമം 'രൂക്ഷം' തന്നെയാവണമോ? 'കലശലായാൽ' പോരെ? മകരം കഴിഞ്ഞിട്ടു തന്നെയാണ് കുംഭം തുടങ്ങുക. പിന്നെ എന്തിന് അത് എടുത്തുപറയണം? മഴ 'ലഭിക്കുന്നതിനു' പകരം 'കിട്ടിയാൽ' തന്നെ കൃഷിക്കാർക്ക് സന്തോഷമാവും. 'സാമാന്യം ഭേദപ്പെട്ട' മഴ ഉണ്ടോ? 'ഒരുവിധം നല്ല മഴ കിട്ടി' എന്നാണ് കൃഷിക്കാർ പറയുക. 'ദോഷമായി' എന്നുപറയാതെ അവർക്ക 'ദോഷം സൃഷ്ടിക്കണ' മോ? അങ്ങിനെ പരിശോധിച്ചു പോകുമ്പോൾ വാചകമൊക്കെ മാററിയെഴുതേണ്ടിവരുന്നു.

ഈ റിപ്പോർട്ട് എങ്ങിനെ വർത്തമാനം പറയുന്ന മട്ടിൽ എഴുതാം?

'വേനൽ മൂത്തതോടെ മലയോരപ്രദേശത്ത് വെള്ളം കിട്ടാതാവുന്നു. കിണറും കുളവുമൊക്കെ വററുകയാണ്.

കുംഭം തുടങ്ങിയതോടെതന്നെ മഴപെയ്യുമെന്നായി. ചിലേടത്ത് ഒരുവിധം നല്ലമഴ കിട്ടുകയും ചെയ്തു. അത് കൃഷിക്കാർക്ക് ദോഷമാവുകയാണുണ്ടായത്. 'കപ്പവാട്ടി'ന്റെ സമയമാണ്. വാട്ടിയ കപ്പ വെയിലത്ത് ഇടും. ഉണങ്ങാൻ ഇട്ട കപ്പയിലാണ് മഴ പെയ്തത്. രണ്ടുകൊല്ലം മുൻപും ഇങ്ങിനെ വാട്ടുകപ്പ മഴ പെയ്തു നശിച്ച് ആയിരക്കണക്കിൽ രൂപ നഷ്ടം പററിയിരുന്നു.

ഇപ്പോഴാകട്ടെ വെള്ളം കിട്ടാഞ്ഞ് മലയോരപ്രദേശത്ത് കൃഷി ആകെത്തന്നെ നശിക്കുകയാണ്. ഉള്ള കിണറുകൾക്കും കുളങ്ങൾക്കും ആഴം കൂട്ടാനും പുതിയവ കുത്താനും കുറഞ്ഞ പലിശയ്ക്ക് സഹകരണ സംഘങ്ങൾവഴി വായ്പ കിട്ടുമാറാക്കുക, കൂടുതൽ കുഴൽ കിണറുകൾ കുത്തുക, മലയോരപ്രദേശത്താകെ സർക്കാർ ജലവിതരണ പദ്ധതികൾ ഏർപ്പെടുത്തുക — അതൊക്കെയാണ് നാട്ടുകാരുടെ ആവശ്യം.

— ഏതാണ്ടിങ്ങനെ മാററിയെഴുതുമ്പോൾ വായിക്കാൻ കുറച്ചു കൂടി സുഖമുണ്ട്. കൃത്രിമമായ വാക്കുകളും പദപ്രയോഗങ്ങളും എടുത്തുകളഞ്ഞിരിക്കുന്നു. അങ്ങിനെ വാചകത്തിന്റെ നീളവും വണ്ണവും കുറയുന്നു. ഏറെക്കുറെ, വർത്തമാനം പറയുന്ന മട്ടിലാണ് കാര്യം എഴുതിയിരിക്കുന്നത്.

വരൾച്ചയോ വെള്ളപ്പൊക്കമോ ഉണ്ടാവുമ്പോഴും, ലേഖകൻമാരുടെ സാഹിത്യവാസന ഉണരുന്നു. പിന്നെ കഷ്ടനഷ്ടങ്ങളെ വിവരിക്കുന്നതു് ഗീർവാണത്തിലാണു്. അവർ സ്വന്തം ഭാഷ മറക്കുന്നു. പറയുന്നതിന്നു് അർത്ഥം വേണമെന്നില്ല, കേൾക്കുന്നവർക്കു് മനസ്സിലാവണമെന്നുമില്ല. സ്വന്തം കേമത്തം ഒന്നു കാണിച്ചുകളയാം എന്നാണു് ഭാവം. താഴെ കൊടുത്ത റിപ്പോർട്ടു് നോക്കുക :

## നെൽക്കൃഷി രൂക്ഷമായ വരൾച്ചയിൽ!

തൃശ്ശിലേരി : വയനാട്ടിൽ നെൽക്കൃഷി രൂക്ഷമായ വരൾച്ചയെ നേരിടുകയാണു്.

മുഖ്യ നെല്ലുൽപാദന കേന്ദ്രമായ തിരുനെല്ലി ഗ്രാമത്തിലെ വിവിധ മേഖലകളിൽ നെൽച്ചെടികൾ കതിരാവും മുൻപുതന്നെ ശക്തമായ വരൾച്ചയുടെ കെടുതിയിൽ പെട്ടിരിക്കുന്നു.

ബാവലി എടക്കോട്ടു് പ്രദേശങ്ങളിൽ നെൽക്കൃഷി കരിഞ്ഞുണങ്ങുകയാണു്. മുൻ വർഷങ്ങളിലും ഇവിടം രൂക്ഷമായ വരൾച്ചയിലായിരുന്നു. ണ്ണേരി ജലസേചന പദ്ധതിക്ക വേണ്ടി ബാവലിയിലെ കൃഷിക്കാർ വർഷങ്ങളായി നടത്തുന്ന മുറവിളി അധികൃതർ കണ്ടില്ലെന്നു നടിക്കുമ്പോഴാണു് ഫലഭൂയിഷ്ഠമായ എടക്കാടു് ബാവലി നെൽവയലുകൾ ഉണങ്ങി വരളുന്നതു്. തൃശ്ശിലേരിയിലെ തേവു വയലുകൾ മഴ നിന്നതോടെ വരൾച്ചയുടെ പിടിയിലാണു്. തിരുനെല്ലി അപ്പപ്പാറ തുടങ്ങിയ പ്രദേശങ്ങളിലേയും നെൽവയലുകളിലും ഉണക്കു ശക്തമായി ബാധിച്ചിട്ടുണ്ടു്.

ഇഞ്ചിക്ക പററെ വിലയിടിഞ്ഞതുമൂലം പതനത്തിലായ വയനാട്ടിലെ കൃഷിക്കാരെ വരൾച്ചമൂലം നശിക്കുന്ന നെൽക്കൃഷി തകർച്ചയുടെ പടുകഴിയിലെത്തിക്കും. വയനാട്ടിലെ പുഴകളിലും തോടുകളിലും സമൃദ്ധമായി ഒഴുകുന്ന ജലം നെൽക്കൃഷിക്ക ഉപയുക്തമാക്കുന്നതിന് സർക്കാരിന്റെ കാരുണ്യം ലഭിക്കാത്ത അവഗണനയുടെ കഥയും ഇവിടത്തെ കൃഷിക്കാർ വ്യക്തമായി അയവിറക്കാറുള്ള കഥയാണു്. സർക്കാർ ഇഞ്ചിക്ക താങ്ങുവില പ്രഖ്യാപിക്കുകയും നെൽക്കൃഷിയെ വരൾച്ചയുടെ പിടിയിൽ നിന്നു് രക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുകയും ചെയ്യില്ലെങ്കിൽ വയ

നാട്ടിലെ കൃഷിക്കാരുടെ സമ്പൂർണ്ണ നാശത്തിനു അതു വഴിയൊരുക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

— എന്തൊക്കെയാണ് ലേഖകൻ പറയുന്നത്? അഥവാ വല്ലതും പറയുന്നുണ്ടോ? കുറെ സംസ്കൃതവാക്കുകൾ മുഴങ്ങുന്നു. അതിൽ ഏററവും 'രൂക്ഷം' 'രൂക്ഷമായ വരൾച്ച' തന്നെ. തുടക്കംതന്നെ നോക്കൂ. വയനാട്ടിൽ നെൽക്കൃഷി രൂക്ഷമായ വരൾച്ചയെ നേരിടുകയാണത്രേ. എന്താണ് അതിന്റെ അർത്ഥം? രൂക്ഷമായ വരൾച്ച വെല്ലുവിളിക്കുന്നു. ശരി, ധൈര്യമായിത്തന്നെ അതിനെ ചെറുത്തുകളയാം. പക്ഷേ, ലേഖകൻ ഉദ്ദേശിക്കുന്നത് പാവം നെൽക്കൃഷി വരൾച്ചയ്ക്കു അടിപെട്ടു കഴിഞ്ഞു എന്നാണ്. വയനാട്ടിൽ എവിടെയൊക്കെയോ കൃഷി ഉണങ്ങിത്തുടങ്ങി എന്നാണ് ആകപ്പാടെ പിടികിട്ടുന്നത്. എന്നാൽ എവിടെയൊക്കെ? വീണ്ടുംവീണ്ടും വായിക്കണം. കാരണം, ക്രമപ്പെടുത്തി പറഞ്ഞിട്ടില്ല. അവിടവിടെ ചിതറിയിട്ടിരിക്കുകയാണ്. പിന്നെ മുറവിളി കണ്ടില്ലെന്നു നടിക്കുകയാണത്രേ! കേട്ടില്ലെന്നു നടിക്കാറാണ് പതിവ്. കൃഷിക്കാർ കഥ അയവിറക്കുന്നത് 'വ്യക്ത'മായിട്ടാണ്. സർക്കാർ ഇഞ്ചിക്ക് താങ്ങുവില കൊടുത്താൽ പോരാ അവർക്ക്, 'പ്രഖ്യാപിച്ച്' കിട്ടുകതന്നെ വേണം.

നമുക്ക് ഇതൊന്നു മലയാളത്തിലാക്കി നോക്കുക :

## വയനാട്ടിൽ നെൽക്കൃഷി ഉണങ്ങുന്നു

തൃശ്ശിലേരി : വയനാട്ടിലെ തിരുനെല്ലിയിലും ബാവലിയിലും എടക്കാട്ടും അപ്പപ്പാറയിലുമെല്ലാം കതിരാവാറായ നെൽവയലുകൾ ഉണങ്ങിക്കരിയുന്നു.

മഴയില്ല. പുഴയിലും തോട്ടിലും വെള്ളമുണ്ടെങ്കിലും പാടത്തെത്തിക്കാൻ ഇനിയും ഏർപ്പാടുണ്ടായിട്ടില്ല. മുൻ കൊല്ലങ്ങളിലും മഴ കിട്ടാഞ്ഞത് കൃഷി നശിച്ച ബാവലി–എടക്കാട് പ്രദേശത്തുകാർ മണ്ണുണ്ടി ജലസേചന പദ്ധതിക്കു വേണ്ടി എത്ര കാലമായി മുറവിളി കൂട്ടുന്നു.

തൃശ്ശിലേരിയിൽ തേവുവയലുകളാണ്. പക്ഷേ വെള്ളമില്ലാതെ എങ്ങനെ തേവും?

ഇഞ്ചിക്ക വിലയിടിഞ്ഞതുകൊണ്ടു തന്നെ വലയുന്ന കൃഷിക്കാർക്ക് വരൾച്ചകൂടി ആയപ്പോഴത്തെ അവസ്ഥ പറയേണ്ടതില്ലല്ലോ.

ജലസേചന സൗകര്യം ഏർപ്പെടുത്തുകയും ഇഞ്ചിക്ക താങ്ങുവില കൊടുക്കുകയും ചെയ്താലേ വയനാട്ടിലെ കൃഷിക്കാർക്ക് രക്ഷയുള്ളൂ.

— അപ്പോൾ, പുതുക്കിപ്പറയാനുള്ളത് – കാര്യം വർത്തമാനം പറയുന്ന മട്ടിൽ പച്ചമലയാളത്തിൽ എഴുതുക. ഗീർവാണം വേണ്ടെന്നു പറഞ്ഞല്ലോ എന്നുവെച്ച് സംസ്കൃതം തൊട്ടുകൂടാ എന്നു കരുതരുത്. ചിലേടത്ത് സംസ്കൃതമേ വയ്ക്കൂ. ക്രിമിനൽ കേസ്സിലെ ലിംഗം മുറിക്കലിനും യോനി പൊള്ളിക്കലിനും ബലാൽസംഗത്തിനും പച്ചമലയാളം കണ്ടെത്തേണ്ട. രാമൻെറ ഭാര്യയെ ഇപ്പോൾ കൃഷ്ണൻ വച്ചുകൊണ്ടിരിക്കുന്ന പെണ്ണുകേസ്സ് വിവരിക്കുന്നത് അൽപ്പം സംസ്കൃതത്തിലാവണം. തന്തയും തള്ളയും വേണ്ട. ഇത്തരം അവസരങ്ങളിൽ, പറയുന്നതു സഭ്യമായി തോന്നാൻ സംസ്കൃതം തന്നെ ശരണം! ആ സംസ്കൃതം സാധാരണക്കാർക്ക് മനസ്സിലാവുന്നതായാൽ നന്ന്.

# അനുബന്ധം

പ്രാദേശിക ലേഖകൻെറ ജോലിയുടെ സ്വഭാവവും അയാൾക്കു വേണ്ട കാഴ്ചപ്പാടും വിവരിക്കാനാണ് ഇതുവരെ ശ്രമിച്ചത്. ജോലി തുടങ്ങും മുൻപും ജോലി ചെയ്തുകൊണ്ടിരിക്കുമ്പോഴും ഓർക്കേണ്ട ചില പ്രാഥമിക കാര്യങ്ങളുണ്ട്. അവ എന്തൊക്കെ എന്നാണ് ഈ അനുബന്ധത്തിൽ നോക്കുന്നത്.

## 1. ഹരിശ്രീ

പത്രമാഫീസിലേക്ക് എഴുതുന്നതിന് ചില സമ്പ്രദായമൊക്കെയുണ്ട്. നിസ്സാരമെന്നു തോന്നാം. പക്ഷെ, അനുഭവത്തിൽ വളരെ സാരമുള്ള കാര്യങ്ങളാം. ലേഖകൻ ആദ്യം മനസ്സിലാക്കേണ്ടത് അതൊക്കെയാണ്.

(1) കടലാസ്സിൻെറ ഒരു പുറത്തുമാത്രം എഴുതുക.

മഷിപുരണ്ട കയ്യിൽ റിപ്പോർട്ട് എടുത്താണ് പ്രസ്സിൽ കംപോസിററർ അച്ച് നിരത്തുന്നത്; അല്ലെങ്കിൽ അച്ചുപിഴതിക്കുന്നത്. അതു ചെയ്യുമ്പോൾ മറുപുറത്ത് കയ്യിൽ നിന്നുള്ള മഷി പുരളും. ആ ഭാഗത്ത് എഴുതിയതു് അപ്പോൾ, വായിക്കാൻ പററില്ല (ഫോട്ടോ കംപോസിങ്ങ് ഉള്ളടത്തു് ഈ കുഴപ്പമില്ല).

അതിലും വലിയ വിഷമം, കടലാസ്സിൻെറ രണ്ടുപുറത്തുമെഴുതിയാൽ ഒരാൾതന്നെ അച്ചുനിരത്തിത്തീർക്കണമെന്നതാണ്. ഒരുപുറത്തു മാത്രമേ എഴുതിയിട്ടുള്ളവെങ്കിൽ, കടലാസ്സ് രണ്ടോ മൂന്നോ ആയി മുറിച്ചിട്ടു് അത്രയും പേർക്ക് ഒരേസമയം അച്ചുനിരത്താം. അങ്ങിനെ റിപ്പോർട്ട് അച്ചടിക്കാൻ ക്ഷണം പാകപ്പെട്ടുകിട്ടുന്നു. കടലാസ്സിൻെറ ഇരുപുറവുമെഴുതിയ റിപ്പോർട്ട്, സമയം കഷ്ടിയാവുമ്പോൾ, പത്രത്തിൽ തക്കസമയത്തു വന്നെന്നുവരില്ല. ഇരുപുറവുമെഴുതിയ കടലാസ്സ് ഭാഗിച്ചുകൊടുക്കാൻ പററാത്തതുകൊണ്ട് ഒരാൾ തനിച്ചുവേണമല്ലോ അച്ചുനിരത്തിത്തീർക്കാൻ. അതിന്ന് എത്രയോ സമയം കൂടുതൽ എടുക്കും.

പത്രമോഫീസിൽ ഇതു് വളരെ പ്രധാനപ്പെട്ട കാര്യമാണ്. പ്രസ്സിലുള്ളവർക്ക് കൈകാര്യം ചെയ്യാൻ വിഷമമുള്ള എഴുത്തുരീതി റിപ്പോർട്ട് തീരെ വേണ്ടെന്നു വെക്കുന്നതിന്നോ താമസിച്ച് മാത്രം പത്രത്തിൽ വരുന്നതിന്നോ കാരണമാവുന്നു.

(2) കടലാസ്സിൽ ഇടതുവശത്തു് ഒരംഗുലവും വലതുവശത്തു് അര അംഗുലവും സ്ഥലം വിട്ടെഴുതുക.

വാർത്ത പരിശോധിക്കുന്നവർ പ്രസ്സിലുള്ളവർക്ക് അച്ചടിക്കുള്ള നിർദ്ദേശങ്ങളും അടയാളങ്ങളും കുറിച്ചുവക്കേണ്ടതുണ്ട്. അതിന്ന് കടലാസ്സിൻെറ ഇരുവശത്തും സ്ഥലം വേണം. ഇരുവശവും മുട്ടിച്ചെഴുതിയ കടലാസ്സ് കിട്ടിയാൽ, വേണ്ട നിർദ്ദേശങ്ങൾ കാണിച്ച് ക്ഷണം അതു് പ്രസ്സിലേക്ക് അയക്കാൻ പററില്ല. ചിലപ്പോൾ അയച്ചെന്നും വരില്ല. കാരണം, പത്രമോഫീസിലുള്ളവർ കുറഞ്ഞ സമയം കൊണ്ട് എമ്പാടും റിപ്പോർട്ടുകൾ കൈകാര്യം ചെയ്തു തീർക്കേണ്ടവരാണ്. കൈകാര്യം ചെയ്യാൻ വിഷമമുള്ള റിപ്പോർട്ട് കിട്ടിയാൽ തിരക്കിൽ അവർ അതു് മാററിവെക്കും. ചിലപ്പോൾ, ചവററുകൊട്ടയിലേക്ക് ഇട്ടെന്നും വരും.

(3) വരികൾക്കിടയിൽ സ്ഥലം വിട്ടെഴുതുക.

വരികൾക്കിടയിൽ സ്ഥലമുണ്ടെങ്കിലേ റിപ്പോർട്ട് വേണ്ട പോലെ തിരുത്താനും ആവശ്യമായ വിവരങ്ങൾ എഴുതിച്ചേർക്കാനും മററും കഴിയു. വരികൾക്കിടയിൽ സ്ഥലമില്ലെങ്കിൽ, റിപ്പോർട്ട് വേറെ കടലാസ്സ് എടുത്ത് മാററി എഴുതണമെന്നുവരും. തിരക്കുള്ള പത്രമോഫീസിൽ, അത്രയും പാടുപെടാൻ ആരും മിനക്കെട്ടെന്നു വരില്ല. അങ്ങിനെ മിനക്കെടാൻ സമയമുണ്ടാവില്ല. കാരണം, അത്രയധികം റിപ്പോർട്ടുകളാണ് പാകപ്പെടുത്തിയെടുക്കാനുണ്ടാവുക. അപ്പോൾ, ഇത്തരം ഒരു റിപ്പോർട്ടിൻമേൽ ഒരുപാടുസമയം കളയാൻ പററില്ല.

(4) കടലാസ്സിന്നരുകളിൽ ഒരംഗുലമെങ്കിലും സ്ഥലം വിടുക.

വാർത്തയ്ക്ക് തലവാചകം എഴുതാനാണ് ഇത്. തലവാചകം ലേഖകൻ എഴുതേണ്ടതില്ല അത് പത്രമോഫീസിൽ ചെയ്തുകൊള്ളും. എഴുതാൻ സ്ഥലമിടണമെന്നുമാത്രം. അതേപോലെ, ഏതു പതിപ്പിൽ ഏതു പേജിൽ കൊടുക്കണമെന്ന് പ്രസ്സിലുള്ളവർക്ക് നിർദ്ദേശം എഴുതിവെക്കാനും, മുകളിൽ സ്ഥലം വേണം. അങ്ങിനെ സ്ഥലമില്ലാഞ്ഞാൽ, വാർത്ത കൈകാര്യം ചെയ്യുന്നവർക്ക് ബുദ്ധിമുട്ടുണ്ടാവുന്നു അവർ വേറെ കടലാസെടുത്ത് തലവാചകവും നിർദ്ദേശങ്ങളും എഴുതി വാർത്തയോടൊപ്പം കുത്തിവെക്കണം. ഇതൊക്കെ സമയം നഷ്ടപ്പെടുത്തുന്ന പണിയാണ്.

(5) ഒരു കടലാസ്സിൽ ഒരു വാർത്ത മാത്രം എഴുതുക

ഒരേ കടലാസ്സിൽ പല വാർത്തയും എഴുതി അയക്കുന്നോരുണ്ട്. പത്രമോഫീസിൽ ഒരേ ആളാവില്ല ഈ വാർത്തയെല്ലാം കൈകാര്യം ചെയ്യേണ്ടത്. അതെല്ലാം പോകേണ്ടത് ഒരേ പേജിലുമാവില്ല. അപ്പോൾ, ആദ്യം കിട്ടുന്ന ആൾ അതൊക്കെ മുറിച്ച് ഇനം തിരിച്ച് ബന്ധപ്പെട്ടവർക്ക് കൈമാറേണ്ടിവരുന്നു. മുറിച്ചെടുത്താലോ, ആ വാർത്തയ്ക്കൊന്നിന്നും തലവാചകങ്ങളും മററു നിർദ്ദേശങ്ങളും എഴുതാൻ മുകളിൽ സ്ഥലം ഉണ്ടായെന്നും വരില്ല. അങ്ങിനെ, ഈ വാർത്തകളെല്ലാം കൈകാര്യം ചെയ്യുന്നതിന്നു ബുദ്ധിമുട്ടുണ്ടാവുന്നു. വാർത്ത ഓരോന്നും വെവ്വേറെ കടലാസ്സിൽ എഴുതി അയച്ചാൽ, ഓരോന്നും

ബന്ധപ്പെട്ടവർക്ക് സമയത്തിന്നു കിട്ടും. അതു് ബുദ്ധിമുട്ടില്ലാതെ കൈകാര്യം ചെയ്യാനും പററും. ഓരോ വാർത്തയ്ക്കും അടിയിൽ പേരും മേൽവിലാസവും ഒപ്പും ഉണ്ടാവുകയും വേണം.

(6) മററു വകുപ്പുകളിലേക്കുള്ള കത്തുകൾ വാർത്തയോടൊപ്പം ഒരേ കവറിൽ അയക്കരുതു്—

വാർത്തകളും ഓഫീസിലേക്കുള്ള കത്തുകളും വെവ്വേറെ കടലാസ്സിലെഴുതി വെവ്വേറെ കവറിലിട്ടുതന്നെ മേൽവിലാസം എഴുതി അയക്കണം. എങ്കിലേ അതൊക്കെ സമയത്തിന്നു് വേണ്ടപ്പെട്ടവർക്ക കിട്ടൂ. വാർത്തയോടൊപ്പം, സർക്കലേഷൻ മാനേജർക്കുള്ള കത്തും അയച്ചെന്നു കരുതുക. വാർത്ത നോക്കേണ്ട ആറം രാത്രി ഏഴുമണിക്കാവും ജോലിക്ക വരിക. അതുവരെ വാർത്തയും കത്തും അയാളുടെ മേശപ്പുറത്തിരിക്കും. അയാറം വന്നു് കത്തുകാണുമ്പോഴേക്ക് സർക്കലേഷൻ മാനേജർ സ്ഥലം വിട്ടിരിക്കും. പിറെറ ദിവസത്തെ പത്രത്തിൻെറ അഞ്ചുകോപ്പി കൂടുതൽ അയക്കണമെന്നാവും കത്തു്. സർക്കലേഷൻ മാനേജർ പോയിക്കഴിഞ്ഞതുകൊണ്ടു് ചിലപ്പോറം അങ്ങിനെ ചെയ്യാൻ പററില്ല.

(7) ലേഖകൻെറ പേരും ഒപ്പും സ്ഥലവും തീയതിയും വാർത്ത എഴുതിയ കടലാസ്സിൻെറ അടിയിൽ തന്നെ ഉണ്ടായിരിക്കണം.

കവറിൻെറ പുറത്തുമാത്രം സ്വന്തം പേർ എഴുതുന്ന ലേഖകൻമാരുണ്ടു്. തപാൽ പൊളിക്കുന്ന ആറം കവർ കീറി കൊട്ടയിൽ ഇട്ടിരിക്കും. വാർത്ത നോക്കുന്ന ആളുടെ മുൻപിൽ ഉള്ളിലെ കടലാസ്സ് മാത്രമാണു് എത്തുന്നതു്. ഉടമസ്ഥനാരെന്നു മനസ്സിലാവാതെ വരുമ്പോറം റിപ്പോർട്ടും ചവററുകൊട്ടയിലേക്ക പോയെന്നുവരും. റിപ്പോർട്ട് ആർ അയച്ചതാണെന്നറിയാതെ പത്രത്തിൽ കൊടുക്കാൻ പററില്ല.

(8) നല്ല കയ്യക്ഷരത്തിൽ എഴുതുക

വായിക്കാൻ വിഷമമുള്ള കയ്യക്ഷരം തിരക്കപിടിച്ച പത്രാധിപരുടെ ക്ഷമ പരീക്ഷിക്കുന്നു. നല്ല കയ്യക്ഷരത്തിലുള്ള റിപ്പോർട്ട് എളുപ്പം കൈകാര്യം ചെയ്യാൻ കഴിയും. അവയ്ക്കു മുൻഗണന കിട്ടുന്നു.

## 2. വ്യക്തത

ഇതുവരെ പറഞ്ഞത് എഴുതാൻ തുടങ്ങുംമുൻപ് നോക്കേണ്ട കാര്യങ്ങളാണ്. എഴുതുമ്പോഴും എഴുതിക്കഴിഞ്ഞാലും ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ് ഇനി പറയുന്നത് – എഴുതിയതിന്റെ വ്യക്തതയെ പ്പററിയുള്ള ചില കാര്യങ്ങൾ.

(1) അയക്കും മുൻപ് റിപ്പോർട്ട് ഒരാവർത്തി വായിച്ചു നോക്കുക

ലേഖകനുമാത്രം മനസ്സിലാവുന്ന തെററുകൾ അതുവഴി തിരുത്താൻ കഴിയും. അശ്രദ്ധകൊണ്ട്, ആളുകളുടെ ഇനിഷ്യൽ, പേര്, അക്കങ്ങൾ, സംഖ്യകൾ തുടങ്ങിയ കാര്യത്തിലുണ്ടാവുന്ന തെററ് പത്രാധിപർക്ക് തിരുത്താനാവില്ല. എഴുതിയ റിപ്പോർട്ട് ഒന്നു വായിച്ചാൽ ലേഖകന്തന്നെ തിരുത്താവുന്നതേയുള്ളു ഇത്തരം തെററുകൾ.

(2) വാർത്ത എഴുതുന്നതു് സ്ഥലവും തീയതിയും കാണിച്ചാവണം.

ഏതു സ്ഥലത്തുനിന്നാണ് റിപ്പോർട്ട് എന്നു് അറിഞ്ഞേ പററൂ. സംഭവം ഏതുസ്ഥലത്തു്, അല്ലെങ്കിൽ ഏതു സ്ഥലത്തിനടുത്തു് നടന്നു എന്നു വ്യക്തമാവണമല്ലോ. അതേപോലെ റിപ്പോർട്ടിന്റെ മുകളിൽ ഏതു ജില്ല എന്നു കാണിക്കുന്നതും നന്ന്. പല പത്രങ്ങൾക്കും ഓരോജില്ലയ്ക്കോ, രണ്ടോമൂന്നോ ജില്ലയ്ക്കുകൂട്ടായോ പ്രത്യേകം പ്രത്യേകം പതിപ്പുണ്ടല്ലോ. അപ്പോൾ, റിപ്പോർട്ട് ഏതു പതിപ്പിലാണ് പോകേണ്ടതെന്നറിയാൻ ഇതുവഴി എളുപ്പം സാധിക്കും. ഒരു ജില്ലയിലെ എല്ലാ സ്ഥലപ്പേരും പത്രമോഫീസിലുള്ളവർ ഓർത്തെന്നുവരില്ല. അതുകൊണ്ട് അവർ അതു് അന്വേഷിച്ചു പിടിക്കേണ്ട പണി ഉണ്ടാക്കാതിരിക്കുകയാണ് നല്ലതു്.

(3) സധ, വപ, ദഒ, ററ, ഝഡ, നത, വിഹ തുടങ്ങിയ അക്ഷരങ്ങൾ വ്യക്തമായിത്തന്നെ എഴുതുക

ശ്രദ്ധിച്ചില്ലെങ്കിൽ, പകരം തെററി വായിക്കാവുന്നവയാണ് ഈ ജോടിയിൽപെട്ട അക്ഷരങ്ങൾ. പരിചിതമല്ലാത്ത ആൾപ്പേര്

കളുടേയും സ്ഥലപ്പേരുകളുടേയും മററും കാര്യത്തിൽ അങ്ങിനെ പററിപ്പോവാറുണ്ട്. അറിയാത്ത സ്ഥലമാവുമ്പോഴം, 'വ' 'പ' യായും 'ദ' 'ഒ' യായും വായിച്ചേക്കും. അങ്ങിനെ പത്രത്തിൽ പേർ തെററിവരുകയും ചെയ്യും.

(4) ഇംഗ്ലീഷ് വാക്കുകഠം ഇംഗ്ലീഷ് അക്ഷരത്തിൽ എഴുതരുത് – അതുപോലെത്തന്നെ ഇനീഷ്യലും. എല്ലാം വെട്ടി മലയാളത്തിലാക്കേണ്ട പണി പത്രാധിപക്ക്ണ്ടാകുന്ന ഏർപ്പാടാണ് അത്. കംപോസിററർക്ക് മനസ്സിലാവാൻ അത് ഉച്ചാരണ രീതിയിൽ മലയാളത്തിലെഴുതാതെ പററില്ല. പററിയ മലയാളം വാക്കുള്ളപ്പോഠം ഇംഗ്ലീഷ് വാക്ക് ഉപയോഗിക്കയുമരുത്. എന്നാൽ തെററുവരാതിരിക്കാനായി ഇനീഷ്യലും ഇംഗ്ലീഷ് വാക്കുകളും ബ്രാക്കററിൽ ഇംഗ്ലീഷിൽ കൊടുക്കാവുന്നതാണ്.

(5) വാർത്തയിൽപെടുന്നവരുടെ പേരിനോടൊപ്പം ഇനീഷ്യലും എഴുതണം

ദാമോദരൻ നായർ എന്നോ ജോസഫ് എന്നോ മുഹമ്മദ് എന്നോ മാത്രം എഴുതിയാൽ പോരാ ആളെ പിടികിട്ടാതെപോവും. നാട്ടിൽ ഈ പേരുകാർ പലരും ഉണ്ടാവാമല്ലോ. അതുകൊണ്ട് ആളെ തിരിച്ചറിയാൻ ഇനീഷ്യൽ നിർബന്ധമാണ്. ഇനീഷ്യലും പേരും തെററാതെ എഴുതുകയും വേണം. പേർ തെററി അച്ചടിച്ചുകാണുന്നത് ആരും ഇഷ്ടപ്പെടുകയില്ല. അവർക്കൊക്കെ പത്രത്തോട് വെറുപ്പേ തോന്നൂ. പാലോക്കാരൻ എന്ന പേർ പലോകരൻ എന്നു വന്നുകണ്ടിട്ടുണ്ട്. ഇനീഷ്യലിലും സാധാരണ തിരിമറികഠം വന്നു കാണാറുണ്ട്. പത്രത്തിലെ അച്ചുപിഴയെന്നപോലെ ലേഖകൻെറ അശ്രദ്ധയും ഇതിന്നു കാരണമാണ്.

(6) പ്രസിദ്ധ വ്യക്തികളുടെ അതേപേരുള്ള വ്യക്തികഠം റിപ്പോർട്ടിൽ വരുമ്പോഠം പ്രസിദ്ധ വ്യക്തിയല്ല എന്നു വ്യക്തമാക്കണം.

റിപ്പോർട്ടിലെ കെ. പി. എസ്. മേനോൻ സാക്ഷാൽ കെ. പി. എസ്. മേനോനല്ലെങ്കിൽ മററേ ആളുടെ സ്ഥാനപ്പേരോ മററു വിവരമോ ചേർത്തു് സംശയം തീർക്കണം. ഉദാ : അഡ്വക്കേററ് കെ. പി. എസ്. മേനോൻ. കെ. എം. മാണിയും കെ. കരുണാകര

ന്തമൊക്കെ വേറെയും ഉണ്ടാവും. ഇവരാരും ചെയ്യാൻ ഇടയില്ലാത്ത കാര്യമാവും റിപ്പോർട്ടിലെ അതേ പേരുകാർ ചെയ്തിരിക്കുക. ആ നിലയ്ക്ക്, ആളുകൾക്ക് ആശയക്കുഴപ്പം ഉണ്ടാവാതിരിക്കാൻ ഇക്കാര്യം റിപ്പോർട്ടിൽ വ്യക്തമായിരിക്കണം. അതേസമയം, റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ആൾ പ്രസിദ്ധ വ്യക്തിതന്നെയാണെങ്കിൽ ആ കാര്യവും വ്യക്തമാക്കണം. ഉദാ : 'ഇവിടെ നെഹ്റു സ്മാരക വായനശാല പ്രതിപക്ഷനേതാവ് കെ കരുണാകരൻ ഉദ്ഘാടനം ചെയ്തു'.

(7) സ്ഥാനപ്പേരുകൾ മാത്രമായി എഴുതാതിരിക്കുക

പഞ്ചായത്തു പ്രസിഡൻറ് പ്രസംഗിച്ചു എന്നെഴുതരുത്. അതു് പഞ്ചായത്തു് പ്രസിഡൻറിനോട് കാട്ടുന്ന അനീതിയാണ്. പഞ്ചായത്തു് പ്രസിഡൻറ് കെ. കെ. രാമൻ (അതാണ് പേരെങ്കിൽ) എന്നുതന്നെ എഴുതണം. അദ്ദേഹത്തിനു പഞ്ചായത്തു പ്രസിഡണ്ടാവുകയും പ്രസംഗിക്കുകയും ചെയ്യാമെങ്കിൽ പത്രത്തിൽ പേർ വരാനും അവകാശമുണ്ട്.

(7) ഒരേ പേരുള്ള സ്ഥലങ്ങളാവുമ്പോൾ, റിപ്പോർട്ട് ഏതിനെ ഉദ്ദേശിച്ചാണെന്നു വ്യക്തമാക്കുക.

കണ്ണൂർ ജില്ലയിലെ കാഞ്ഞങ്ങാടിനടുത്തും കോഴിക്കോട്ടു ജില്ലയിലെ താമരശ്ശേരിക്കടുത്തും നീലേശ്വരമുണ്ട്. റിപ്പോർട്ടെഴുതുമ്പോൾ, കാഞ്ഞങ്ങാടിന്നടുത്തുള്ള നീലേശ്വരമെന്നോ താമരശ്ശേരിക്കടുത്തുള്ള നീലേശ്വരമെന്നോ തിട്ടമായി കാണിക്കണം. കോഴിക്കോട്ട ജില്ലയിലെ കൊയിലാണ്ടിക്കടുത്തു് കൊല്ലമുണ്ട്. കൊല്ലങ്കോടും രണ്ടുണ്ട് – പാലക്കാട് ജില്ലയിലും തിരുവനന്തപുരം ജില്ലയിലും. ഏതാണെന്നു് റിപ്പോർട്ടിൽ വ്യക്തമാക്കണം. പാലക്കാട്ടെ കൊല്ലങ്കോട്ട് ഒരാൾ മരിച്ചപ്പോൾ, തിരുവനന്തപുരം ജില്ലയിലെ കൊല്ലങ്കോട്ട് അതേ പേരുള്ള ബന്ധുവാണ് മരിച്ചതെന്നു കരുതി തെക്കൻ പ്രദേശത്തുള്ള ഒരാൾ പരിഭ്രമിച്ച കഥ കേട്ടിട്ടുണ്ട്. റിപ്പോർട്ട് വ്യക്തമായിരുന്നെങ്കിൽ ഇത്തരം അനർത്ഥം ഉണ്ടാവില്ല.

(8) ഒരേപോലുള്ള സ്ഥലപ്പേരുകൾ വ്യക്തമായി തിരിച്ചെഴുതണം

(4) അതേസമയം, അത്ര പ്രസിദ്ധരല്ലാത്തവരുടെ പേർ പറയുമ്പോൾ ഇനിഷ്യൽ വ്യക്തമാക്കണം. ഉദാ : പി. ഫോർ പാലക്കാട്, ടി. ഫോർ ട്രിവാൻഡ്രം. വികടം പിടിച്ച പേരുകൾ മനസ്സിലാവാനും ഓരോ അക്ഷരവും ഈ നിലയിൽ വ്യക്തമാക്കണം.

(5) പ്രധാന വാർത്തകളേ ഫോണിൽ അറിയിക്കാവൂ. തപാൽ കൂലി കൊണ്ടു നടത്താവുന്ന കാര്യത്തിന് ഫോൺ കൂലി കൊടുപ്പിക്കരുത്. വിവാഹം, യാത്രയയപ്പുയോഗം തുടങ്ങിയ കാര്യങ്ങളൊക്കെ എഴുതി അയക്കുകയേ വേണ്ടൂ—അവയ്ക്കൊന്നും പതിവിൽ കവിഞ്ഞ പ്രാധാന്യം ഇല്ലെങ്കിൽ.

(6) പത്രം അച്ചടിക്കുന്ന സമയം മനസ്സിലാക്കി ഫോൺ വിളിക്കുക.

ലേഖകന്റെ നാട്ടിലേക്കുള്ള പത്രം രാത്രി പത്തുമണിക്കാണ് അച്ചടിക്കുന്നതെങ്കിൽ, അതിനുശേഷം ഫോൺ വിളിച്ചിട്ട് കാര്യമില്ല. അല്ലെങ്കിൽ, മററു സ്ഥലങ്ങളിൽക്കൂടി അറിഞ്ഞേ പററൂ എന്നുള്ള സംഭവമാകണം. ഒരു മന്ത്രി ലേഖകന്റെ നാട്ടിൽ വന്ന് പെട്ടെന്നു മരിച്ചെന്നു കരുതുക. ഓ, സമയം പതിനൊന്നായി, ഇനി ഫോണിൽ അറിയിച്ചിട്ട് കാര്യമില്ല, നാളെ അറിയിക്കാം എന്നു കരുതരുത്. പത്തു മണിക്കുശേഷം അച്ചടിക്കുന്ന പത്രം പോവുന്ന സ്ഥലങ്ങളിലും ആ ചരമവാർത്ത അറിയണമല്ലോ.

(7) പെട്ടെന്ന് എന്തെങ്കിലും വലിയ സംഭവമുണ്ടായാൽ (ഉദാ : വലിയ ബസ്സപകടം, തീപ്പിടിത്തം, വലിയ ആളുടെ മരണം) ഫോണിൽ അടിയന്തരമായി ഓഫീസിൽ വിവരം അറിയിക്കാൻ ആരെയെങ്കിലും ഏൽപ്പിച്ച് ഉടൻ സംഭവസ്ഥലത്തേക്ക് പോവുക. പോയി, കഴിയുന്നേടത്തോളം വിവരങ്ങൾ ശേഖരിച്ചു വെക്കുക. സാധിക്കുമെങ്കിൽ സ്ഥലത്തെ ഏതെങ്കിലും ഫോട്ടോഗ്രാഫറെക്കൊണ്ട് പടങ്ങൾ എടുപ്പിക്കുക. ഓഫീസിൽനിന്ന് പ്രത്യേക ലേഖകനും ഫോട്ടോഗ്രാഫറും എത്തുമ്പോഴേക്ക് ഇതൊക്കെ ചെയ്തുവെക്കണം. ആരും വന്നിട്ടില്ലെങ്കിൽ നിങ്ങൾ തന്നെ റിപ്പോർട്ടും ചിത്രങ്ങളും ഉടൻ ഓഫീസിൽ എത്തിക്കണം. വലിയ സംഭവങ്ങൾ ഓഫീസിൽ അറിയിക്കാതെ, സ്വയം ചെയ്താൽ മതി എന്ന് ലേഖകൻ നിശ്ചയിക്കരുത്. സ്റ്റാഫ് ലേഖകനും സ്റ്റാഫ് ഫോട്ടോഗ്രാഫറും പ്രാദേശിക ലേഖകന്റെ സഹായത്തിനെത്തേണ്ട വിധം വലുതും പ്രധാനപ്പെട്ടതുമാവും ചിലപ്പോൾ സംഭവം.

## 4. ചിത്രങ്ങൾ

ഇപ്പോൾ ഉൾനാടുകളിൽ നിന്നുള്ള വർത്തമാനചിത്രങ്ങളും പത്രങ്ങൾ കൊടുക്കുന്നുണ്ടല്ലോ. ലേഖകൻ ഏതെങ്കിലും സ്റ്റുഡിയോക്കാരനെക്കൊണ്ട് എടുപ്പിച്ചാണ് ഈ ചിത്രങ്ങൾ അയക്കുന്നത്. എന്നാൽ, എന്തിന്റെയും ചിത്രമോ ഏതെങ്കിലും ചിത്രമോ അയച്ചിട്ടു കാര്യമില്ല. വാർത്തയ്ക്കെന്നപോലെ ചിത്രത്തിനും വാർത്താമൂല്യം വേണം. ചിത്രത്തിന് തെളിച്ചവും വേണം. ഇതുസംബന്ധിച്ച് ലേഖകൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

(1) സ്വന്തം പത്രം ഏതെല്ലാം തരം ചിത്രം കൊടുക്കാറുണ്ട് എന്നു മനസ്സിലാക്കുക. സാധാരണ കൊടുക്കാറില്ലാത്തതരം ചിത്രം അയക്കരുത്. ഉദാ : മെറിറ്റ് സ്കോളർഷിപ്പ് കിട്ടിയ കുട്ടികളുടെ പടം കൊടുക്കാറില്ലാത്ത പത്രത്തിന് അത്തരം ചിത്രങ്ങൾ അയക്കുന്നത് ലേഖകന് പണം പോവുന്നകാര്യമാണ്; മാനവും.

(2) ഒരേ ദിവസംതന്നെ സംസ്ഥാനത്ത് എല്ലാദിക്കിലും നടക്കുന്ന തരം ചടങ്ങുകളുടെ ചിത്രം അയക്കേണ്ട. ഉദാ : ഈദ് നമസ്കാരം, ഗാന്ധിജയന്തി മുതലായവ. എല്ലാ ലേഖകൻമാരും ഇത്തരം ചടങ്ങുകളുടെ ചിത്രങ്ങൾ അയച്ചാൽ എങ്ങിനെ കൊടുക്കാനാണ്. ഓഫീസിൽ നിന്ന് പ്രത്യേക നിർദ്ദേശമുണ്ടെങ്കിലേ അത്തരം ചിത്രങ്ങൾ അയക്കാവൂ.

(3) കോൺടാക്ട് പ്രിന്റ് അയക്കരുത്. ചിത്രത്തിന് ഒരു പോസ്റ്റ് കാർഡിന്റെ വലുപ്പമെങ്കിലും വേണം. വ്യക്തികളുടെ ഒററയ്ക്കുള്ള ചിത്രമാവുമ്പോൾ ചെറുതാവാം. പക്ഷെ, ഏതു ചിത്രമായാലും തെളിച്ചം വേണം.

(4) എല്ലാവരും ക്യാമറയിലേക്കു നോക്കുന്ന ചിത്രം നന്നല്ല. എന്തെങ്കിലും കാര്യം നടക്കുന്നതായി തോന്നിക്കുന്ന ചിത്രമാണ് വേണ്ടത്. ഇരുത്തിയോ നിർത്തിയോ ചിത്രം എടുപ്പിച്ചതാണെന്നു തോന്നരുത്.

(5) ആളുകൾ മൈക്കിനു മുൻപിൽ നിന്നു പ്രസംഗിക്കുന്ന ചിത്രത്തിനു പുതുമയില്ല. കഴിയുമെങ്കിൽ അത്തരം ചിത്രം ഒഴിവാക്കണം. ഉദ്ഘാടകൻ നിന്നു പ്രസംഗിക്കുന്നതിനേക്കാൾ നല്ല ചിത്രം അദ്ദേഹം നിലവിളക്കുകൊളുത്തിയോ നാടമുറിച്ചോ മറേറാ ഉദ്ഘാടനം നടത്തുന്ന ചിത്രമാണ്.

(6) ഒരു ചടങ്ങിലെ പ്രമുഖ വ്യക്തികളെ ഒഴിവാക്കിക്കൊണ്ടുള്ള പടം കൊണ്ടു കാര്യമില്ല. ഉദാ : ചടങ്ങിൽ സ്വാഗതമോ നന്ദിയോ പറയുന്നതിന്റെ ചിത്രം. ഉദ്ഘാടകനോ അദ്ധ്യക്ഷനോ പ്രധാന പ്രാസംഗികനോ ആണ് ചിത്രത്തിന്റെ മുഖ്യവിഷയമാകേണ്ടതു്.

(7) ചടങ്ങിന്റെ ഗൗരവത്തിനു നിരക്കാത്ത ചിത്രങ്ങൾ അയക്കരുതു്. ഉദാ : അനുശോചനയോഗത്തിൽ അദ്ധ്യക്ഷവേദിയിലുള്ളവരോ സദസ്യരോ ചിരിക്കുന്ന ചിത്രം. ചിതാഭസ്മം ഒഴുക്കുന്നവൻ വെളുക്കെ ചിരിക്കുന്ന പടം.

(8) ചടങ്ങിൽ പങ്കെടുത്ത എല്ലാവരും ചിത്രത്തിൽ വേണമെന്നു നിർബന്ധം പിടിക്കരുതു്. അങ്ങിനെയാണെങ്കിൽ ആരെയും തെളിഞ്ഞുകാണില്ല.

(9) നിവൃത്തിയുള്ളടത്തോളം ഗ്രൂപ്പ് ഫോട്ടോ ഒഴിവാക്കുക. ധാരാളം പേരുള്ള ഒരു ഗ്രൂപ്പ് ചിത്രം പത്രത്തിൽ വരുമ്പോൾ അതിൽ ആരെയും തിരിച്ചറിഞ്ഞു എന്നുവരില്ല. അത്തരം ചിത്രങ്ങൾക്കു ജീവസ്സുമില്ല. എന്തെങ്കിലും ചലനം തോന്നിക്കുന്ന ചിത്രങ്ങളാണ് നോക്കാൻ രസം. ഉദാ : ട്രോഫി നേടിയവരെ ഇരുത്തി ചിത്രമെടുപ്പിക്കുന്നതിനേക്കാൾ നല്ലതു് അവരെക്കൊണ്ടു് ട്രോഫി ഉയർത്തിപ്പിടിച്ചു് ആഹ്ലാദപ്രകടനം നടത്തിച്ചു് ചിത്രം എടുക്കുന്നതാണ്.

(10) വിവരണം ചിത്രത്തിന്റെ പുറത്തുതന്നെ എഴുതണം. പ്രിന്റ് ഉണങ്ങിയശേഷമേ എഴുതാവൂ. വേറെ കടലാസ്സിൽ ചിത്രവിവരം എഴുതി അയച്ചാൽ, കടലാസ്സ് നഷ്ടപ്പെട്ടു എന്നുവരുകിൽ ചിത്രമെന്താണെന്ന് ഓഫീസിലുള്ളവർക്കു മനസ്സിലാവില്ല. വേദിയിലിരിക്കുന്നവരുടെ പേർ മുഴുവൻ ഇടത്തുനിന്നോ വലത്തുനിന്നോ എന്ന ക്രമത്തിൽ കാണിച്ചു് എഴുതണം.

വാസ്തവത്തിൽ ലേഖകനു് ന്യൂസ് എഡിറ്ററുടെ ജോലിയാണ് ചിത്രങ്ങളുടെ കാര്യത്തിൽ ചെയ്യാനുള്ളതു്. ഫോട്ടോഗ്രാഫറെ വിളിച്ചു് പടം എടുക്കാൻ പറഞ്ഞാൽ പോരാ, ഏതുതരം ചിത്രം എടുക്കണമെന്നു് പറഞ്ഞുകൊടുക്കുകതന്നെ വേണം. പുതുമയുള്ള കാഴ്ചപ്പാടിൽ ജീവസ്സുള്ള ചിത്രം എടുപ്പിക്കാനാണ് നോക്കേണ്ടതു്. ഒരു ചടങ്ങിൽ അതിനുപററിയ സന്ദർഭങ്ങൾ ഏതെന്നു മുൻകൂട്ടി മനസ്സിലാക്കി, അതിന്റെ ചിത്രം എടുക്കാൻ ഫോട്ടോഗ്രാഫറോടു പറയണം. ചുരുക്കത്തിൽ, ചടങ്ങിന്റെ ചിത്രം ഏതു തരത്തിലാവണമെന്നു് ലേഖകനു തന്നെ കാഴ്ചപ്പാടുണ്ടാവണം.

# നാട്ടുവിശേഷം

---

## ടി. വേണുഗോപാലൻ, തോമസ് ജേക്കബ്

ഏതൊരു പത്രമോഫീസിലും ഇന്ന് പ്രാദേശിക വാർത്തകൾക്കുള്ള സ്ഥാനം വളരെ വലുതാണ്. എന്നാൽ പ്രാദേശിക ലേഖകന്മാർ എന്നറിയപ്പെടുന്നവർ ശേഖരിച്ചയക്കുന്ന വാർത്തകൾ പലപ്പോഴും വേണ്ടത്ര വിവരങ്ങൾ അടങ്ങിയവയോ സംശയം കൂടാതെ പ്രസിദ്ധീകരിക്കാൻ പറ്റുന്നവയോ ആയിരിക്കുകയില്ല. ചെറിയൊരു പരിശീലനം പ്രാദേശിക ലേഖകൻമാർക്കു നല്കിയാൽ, ഗണ്യമായ ഫലമുണ്ടാകുമെന്ന് കേരള പ്രസ് അക്കാദമി നടത്തിയ പരിശീലന പഠന ക്യാമ്പുകൾ തെളിയിക്കുകയുണ്ടായി. എന്നാൽ അത്തരം ക്യാമ്പുകളുടെ പ്രവർത്തനത്തിന്ന് പരിമിതികളുണ്ട്. അതുകൊണ്ടാണ് ഒരു ഗൈഡ് എന്ന നിലയിൽ ഉപകരിക്കുന്ന ലഘു ഗ്രന്ഥം പ്രാദേശിക ലേഖകന്മാരുടെ മുമ്പാകെ അക്കാദമി അവതരിപ്പിക്കുന്നത്.

അക്കാദമിക്കുവേണ്ടി ഈ ചുമതല ഭംഗിയായി നിർവ്വഹിച്ചത് പ്രശസ്ത പത്രപ്രവർത്തകരായ ടി. വേണുഗോപാലനും തോമസ് ജേക്കബ്ബുമാണ്. ഈ രംഗത്തുള്ള അവരുടെ അസാധാരണമായ കഴിവ് ''നാട്ടുവിശേഷം'' വ്യക്തമാക്കുന്നു. ആർക്കുവേണ്ടിയാണ്, എന്തിന്നുവേണ്ടിയാണ് ഈ പുസ്തകം എന്ന തികഞ്ഞ ബോധത്തോടെയാണ് അവർ പ്രശ്നങ്ങൾ കൈകാര്യം ചെയ്തിട്ടുള്ളത്. മലയാളത്തിൽ ആദ്യത്തേതാണ് ഇത്തരമൊരു സംരംഭം.

പ്രാദേശികലേഖകന്മാർക്കെന്നല്ല, നമ്മുടെ പത്രപ്രവർത്തന മേഖലയ്ക്കാകമാനം ഒരു മുതൽക്കൂട്ടാണ് ''നാട്ടുവിശേഷം''.

വില 7.50

---


കേരള പ്രസ് അക്കാദമി

വിതരണം: നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം